www.malankaralibrary.com

# തിരുവചനങ്ങൾ തീനാളങ്ങൾ

മിസിസ്സ് ബിന്നി ജോർജ് മുരിങ്ങൂർ



www.malankaralibrary.com

www.malankaralibrary.com

# തിരുവചനങ്ങൾ തീനാളങ്ങൾ

www.malankaralibrary.com

www.malankaralibrary.com

# തിരുവചനങ്ങൾ തീനാളങ്ങൾ

**മിസിസ് ബിന്നി ജോർജ് മുരിങ്ങൂർ**

BP No. 146

**ബഥനി പബ്ലിക്കേഷൻസ്**

**കോട്ടയം** 686010

2013

www.malankaralibrary.com

Malayalam
**Thiruvachanagal Theenalagal**

**By Mrs. Binny George Muringoor**

| | | |
|---|---|---|
| First Edition | : | 2013 |

Rights Reserved

| | | |
|---|---|---|
| Published by | : | Bethany Publications<br>Kottayam - 686 010 |
| Printed at | : | Bethany Offset Printers<br>Kottayam - 686 010<br>Ph : 0481- 2571355<br>Email: bethanyktm@gmail.com |
| Cover Page design | : | Fingraph |
| Price | : | Rs. 70.00 |

www.malankaralibrary.com

# പ്രസാധക കുറിപ്പ്

**ആ**ത്മീയതയിൽ വളരാൻ ആഗ്രഹിക്കുന്നവർക്ക് ജ്ഞാന പ്രകാശം പകർന്നു കൊടുക്കാനായി രചിക്കപ്പെട്ട പുസ്തക മാണ് മിസിസ് ബിന്നി ജോർജ്ജ് മുരിങ്ങൂർ രചിച്ച **'തിരുവച നങ്ങൾ തീനാളങ്ങൾ'** എന്ന ഗ്രന്ഥം. ബൈബിളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ ഗ്രന്ഥം കൈകാര്യം ചെയ്തിരിക്കുന്നത്. തിരുവചനസമൃദ്ധി കൊണ്ട് സമ്പന്നമായ ഈ കൃതി സാധാരണ വിശ്വാസിയുടെ തീഷ്ണതയെ പ്രോജ്ജ്വലിപ്പിക്കാനും ദൈവസ്നേഹത്തിൽ വളർത്താനും പ്രേരകമായതാണ്.

പോട്ട-ഡിവൈൻ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഗ്രന്ഥകാരിക്ക്, അവിടെനിന്നു ലഭിച്ച ആത്മീയോർജ്ജം പുസ്തകമെഴുത്തിനു സഹായകമായി ട്ടുണ്ട്.

പുസ്തകനാമം സൂചിപ്പിക്കുന്നതുപോലെ, തീനാള ങ്ങൾ പോലെ ദൈവ വചനം നമ്മിൽ പടർന്നു കയറി സ്വയം പ്രകാശിതരാകുവാനും ചുറ്റുപാടുകളെ പ്രഭാപൂരി തമാക്കാനും ഈ ഗ്രന്ഥം സഹായിക്കുമെന്ന പ്രതീക്ഷ യോടെ, ബഥനി പബ്ലിക്കേഷൻസ് ഈ ഗ്രന്ഥം നിങ്ങൾ ക്കായി പ്രസിദ്ധീകരിക്കുന്നു.

കോട്ടയം 686010

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**
ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | പ്രസാധകക്കുറിപ്പ് | 5 |
| 1. | സഹനം നൽകുന്ന സന്തോഷം | 9 |
| 2. | ക്രിസ്മസ് പരിശുദ്ധ അമ്മയോടൊപ്പം | 11 |
| 3. | പാപത്തിൽ നിന്ന് സ്വാതന്ത്ര്യം | 13 |
| 4. | ദമ്പതിമാരുടെ ദൗത്യം | 17 |
| 5. | അതിരുകളില്ലാത്ത സ്നേഹം | 19 |
| 6. | നിയമജ്ഞരേ, ഫരിസേയരേ...... | 21 |
| 7. | യേശുവിനുവേണ്ടി പൊരുതുന്നവർ | 23 |
| 8. | ശിലാഹൃദയം അലിഞ്ഞപ്പോൾ | 26 |
| 9. | പ്രശ്നങ്ങളിൽ മുങ്ങിനിൽക്കുമ്പോൾ | 29 |
| 10. | ക്രിസ്തുവിന്റെ പ്രകാശമായിത്തീരുക | 32 |
| 11. | അപകടം ആദ്ധ്യാത്മികമേഖലയിലും | 34 |
| 12. | യേശുവിനോട് ചേർന്നു നിൽക്കുമ്പോൾ | 37 |
| 13. | "അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ...." | 39 |
| 14. | പൊട്ടാത്ത പാറകൾ | 41 |
| 15. | പോരാട്ടം തുടരുക | 43 |
| 16. | സാത്താന്റെ പെട്ടി | 45 |
| 17. | അത്യാഗ്രഹങ്ങളിൽനിന്ന് അകന്നുനിൽക്കാം | 48 |
| 18. | തിരുവചനങ്ങൾ തീനാളങ്ങൾ | 55 |
| 19. | ഉയിർത്തെഴുന്നേൽപ്പിന്റെ വാഗ്ദാനം | 52 |
| 20. | മരണം വന്നു വിളിക്കുമ്പോൾ | 54 |

www.malankaralibrary.com


| | | |
|---|---|---|
| 21. | നമുക്ക് ജാഗരൂകരായിരിക്കാം | 56 |
| 22. | കയ്യേറ്റങ്ങൾ | 58 |
| 23. | സ്നേഹപൂർവം യേശുവിനെ ക്ഷണിക്കാം | 60 |
| 24. | സ്നേഹത്താൽ ജ്വലിക്കുന്നൊരു ഹൃദയം | 62 |
| 25. | ഭയപ്പെടുത്തുന്ന ഏകാന്തത | 64 |
| 26. | അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും | 66 |
| 27. | ജപമാലറാണി | 68 |
| 28. | സ്നേഹിക്കാൻ പഠിക്കണം; സഹിക്കാനും | 70 |
| 29. | ശിമയോൻ പത്രോസിന്റെ മാതൃക | 72 |
| 30. | സമാധാനത്തിന്റെ ചക്രവർത്തി | 74 |
| 31. | സ്നേഹിതനായ ദൈവപുത്രൻ | 76 |
| 32. | അയൽക്കാരന്റെ കാവൽക്കാരനാവുക | 78 |
| 33. | നിർമലമായ സ്നേഹം | 81 |
| 34. | കഷ്ടതയുടെ നാളുകളിൽ | 82 |
| 35. | സ്വയം തിരിച്ചറിയുക | 84 |
| 36. | മുൾച്ചെടിയാകരുതേ..... | 86 |
| 37. | ഈസ്റ്റർ ആഘോഷിക്കുമ്പോൾ | 90 |
| 38. | ഈശോ പിശുക്കനല്ല | 91 |
| 39. | പശ്ചാത്തപിക്കുന്നില്ലെങ്കിൽ..... | 93 |
| 40. | മകനെ വിട്ടുകൊടുക്കണം | 95 |

www.malankaralibrary.com

www.malankaralibrary.com

# സഹനം നൽകുന്ന സന്തോഷം

സഹനം മാധുര്യമുള്ളതാകണമെങ്കിൽ കർത്താവായ യേശുനാഥനെ തിരിച്ചറിയാൻ സാധിക്കണം; സ്നേഹിക്കാൻ സാധിക്കണം. ക്രിസ്ത്യാനിയാണെങ്കിലും കർത്താവിനെ കണ്ടെത്താനും തിരിച്ചറിയാനും സ്വീകരിക്കാനും പലർക്കും കഴിഞ്ഞിട്ടില്ല. കർത്താവിനെ സ്നേഹിക്കാനും കർത്താവിന്റെ സ്നേഹം കൊണ്ട് നിറയാനും കഴിയാത്ത ക്രിസ്ത്യാനികളുണ്ട്. അവർക്ക് സഹനം അതികഠിനമായ വേദനയായി അനുഭവപ്പെടും. കർത്താവ് നൽകുന്ന സ്നേഹത്തിന്റെ മാധുര്യത്തിൽ നിറഞ്ഞുനിൽക്കുമ്പോൾ സഹനം സന്തോഷമാണ് സമ്മാനിക്കുക. മാത്രമല്ല നിത്യരക്ഷയും അതിനോടൊപ്പം ലഭിക്കുകയും ചെയ്യും. മാർക്കോസ് പ്രഘോഷിക്കുന്നത് ഇങ്ങിനെയാണ്: "എന്റെ നാമത്തെ പ്രതി നിങ്ങളെ എല്ലാവരും ദ്വേഷിക്കും. അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷ പ്രാപിക്കും" (മാർ. 13:13).

സഹനം ക്രൈസ്തവന്റെ മുഖമുദ്രയാണ്. സഹനത്തെ വെറുക്കുന്നവനും ഭയപ്പെടുന്നവനും ക്രിസ്ത്യാനിയായിരിക്കുവാൻ യോഗ്യനല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ ശിഷ്യനാകാൻ വിളിക്കപ്പെട്ടവൻ, സഹനങ്ങൾ ഏറ്റെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടവനാണ്. സഹനമില്ലാത്ത ജീവിതം ക്രിസ്ത്യാനിയുടെ ജീവിതമല്ല. സഹനങ്ങൾ ക്രിസ്ത്യാനിയുടെ ജന്മാവകാശമാണ്. ആ അവകാശം കർത്താവ് ഓരോ ക്രിസ്ത്യാനിക്കും നൽകും. കർത്താവിന്റെ തിരുമനസ് വെളിപ്പെടുത്തി കൊണ്ട് തിരുവചനം പറയുന്നു: "കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു

നിന്നിൽനിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും ഇതാണ് വഴി, ഇതിലേ പോവുക" (ഏശയ്യ 30:20,21).

സഹനങ്ങൾ ഏറ്റെടുക്കുന്നവൻ കർത്താവിനോടുള്ള സ്നേഹത്തെപ്രതി, കർത്താവിനോടൊപ്പം, കർത്താവ് ഏറ്റെടുത്ത പീഡാസഹനങ്ങളിൽ പങ്കുക്കാരനായിത്തീരുന്നു.

സഹനം നൽകുന്ന വേദനകളിലേക്കല്ല നാം നോക്കേണ്ടത്, കർത്താവിങ്കലേക്കാണ് നോക്കേണ്ടത്. സങ്കീർത്തകൻ പ്രഘോഷിക്കുന്നു "കർത്താവിനെ നോക്കിയവർ പ്രകാശിതരായി. അവർ ലജ്ജിതരാവുകയില്ല" (സങ്കീർത്തനം 34:5) കർത്താവിനെ നോക്കുന്നവർ ലജ്ജിതരാവുകയില്ലെന്ന് മാത്രമല്ല, സഹനങ്ങളേറ്റെടുക്കാൻ കഴിയുന്നവിധത്തിൽ ശക്തരാവുകയും ചെയ്യും.

സഹനങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ, സഹനങ്ങൾ നൽകുന്ന വ്യക്തികളെ സ്നേഹിച്ചുകൊണ്ടുതന്നെ സഹനങ്ങൾ സ്വീകരിക്കണം. ചിലപ്പോൾ ജീവിതപങ്കാളിയായിരിക്കാം സഹനം നൽകുന്നത്. ചില അവസരങ്ങളിൽ മക്കളും സ്വന്തം സഹോദരങ്ങളും നൽകുന്ന സഹനങ്ങളുടെ ഭാരം നാം ചുമക്കേണ്ടിവരും. സുഹൃത്തുക്കളും സഹപ്രവർത്തകരും സഹനങ്ങളുടെ തീച്ചൂളയിലേക്ക് നമ്മെ തള്ളിയിടും. അവരെ വെറുക്കാതെ, ശപിക്കാതെ, അവർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് സഹനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയണം. അവിടെയാണ് ക്രിസ്ത്യാനിയുടെ മാറ്റുരച്ചു നോക്കുന്നത്. അവിടെ നാം പരാജയപ്പെടരുത്. കർത്താവ് അരുളിച്ചെയ്യുന്നു: "പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന് ലഭിക്കും" (യാക്കോബ് 1:12).

പ്രഭാഷകൻ ഉപദേശിക്കുന്നു: "വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക, ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവിടരുത്. എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ തീച്ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" (പ്രഭാഷകൻ 2:4,5).

www.malankaralibrary.com

# ക്രിസ്മസ് പരിശുദ്ധ അമ്മയോടൊപ്പം

ഉണ്ണീശോയുടെ ക്രിസ്മസ് ആഘോഷവേളയിൽ പരിശുദ്ധ അമ്മക്ക് എന്താണ് പ്രാധാന്യം? ദൈവപുത്രനായ ഉണ്ണീശോയുടെ പിറവിത്തിരുന്നാളിൽ പിതാവായ ദൈവത്തോടൊപ്പം പരി.അമ്മയും നമ്മോടുകൂടെയുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരി: കന്യാമാതാവാണ് ഉണ്ണീശോയെ ലോകത്തിനു സമ്മാനിച്ചത്. അതു തന്നെയാണ് മാതാവിന്റെ പ്രാധാന്യവും.

രണ്ടായിരത്തിലധികം വർഷങ്ങൾ ആഘോഷിച്ച ക്രിസ്മസിന്റെ ചരിത്രത്തിൽ ദിവ്യഉണ്ണിയോടൊപ്പം പരിശുദ്ധ അമ്മയും ക്രിസ്മസിന്റെ അവിഭാജ്യഘടകമായി നിലകൊള്ളുകയാണ്. ഉണ്ണി ദൈവപുത്രനായതുകൊണ്ട് പരി.അമ്മയുടെ പ്രാധാന്യത്തിനും പ്രസക്തിക്കും ശക്തി കൂടിയിട്ടേയുള്ളൂ. പരിശുദ്ധ ഉണ്ണിയെ കാത്തുസൂക്ഷിച്ചതു പോലെ തന്നെ നമ്മേയും പരി.അമ്മ കാത്ത് പരിപാലിക്കുന്നുണ്ട്. നമുക്കുവേണ്ടി പരി.അമ്മയുടെ മാധ്യസ്ഥം സ്വീകരിക്കുന്ന യേശുനാഥൻ പരി.മാതാവിന്റെ തിരുസാന്നിധ്യത്തെ വിലമതിക്കുന്നു. പരിശുദ്ധ അമ്മയെ കൂടാതെയുള്ള ഒരു തിരുപ്പിറവിത്തിരുന്നാൾ യേശുനാഥനും ആഗ്രഹിക്കുന്നില്ല.

ഓരോ ക്രിസ്മസും ഓരോ നവവത്സരത്തിന്റെ മുമ്പിലേക്കാണ് നമ്മെ കൂട്ടിക്കൊണ്ട് വരുന്നത്. പ്രത്യാശ നിറഞ്ഞ ഒരു പുതുവർഷത്തിന്റെ നക്ഷത്രശോഭ നമ്മുടെ ജീവിതത്തിൽ നിറയാൻ പരിശുദ്ധ അമ്മ വഴിയൊരുക്കും.

ദിവ്യഉണ്ണി പരി.കന്യമറിയത്തിന്റെ ഉദരത്തിൽ രൂപം കൊള്ളുന്നതിനുമുമ്പ് ദൈവദൂതൻ അവളുടെ അടുത്ത് വന്ന് പറഞ്ഞു "ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി" ഈ അഭിവാദനത്തിനുശേഷം തുടരുന്ന സംഭാഷണമദ്ധ്യേ ദൈവദൂതൻ അറിയിച്ചു "ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം" (ലൂക്കാ 1:31). ദൈവ സന്നിധിയിലായിരിക്കുന്നവൻ ദൈവകൃപ കണ്ടെത്തും. ദൈവകൃപയാൽ നിറയുന്നവർക്ക് ലോകത്തിന്റെ മുമ്പിൽ യേശുവിനെ അവതരിപ്പിക്കാൻ കഴിയും. ഓരോ ക്രിസ്മസും നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവമാതാവിനെപ്പോലെ യേശുവിനെ ലോകത്തിന് നൽകുകയെന്ന ദൗത്യമാണ്. ആ ദൗത്യം ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉണ്ണീശോ നമുക്ക് ശക്തിയും വിശുദ്ധിയും നൽകട്ടെയെന്ന് പ്രാർത്ഥിക്കാം.

www.malankaralibrary.com

# പാപത്തിൽ നിന്ന് സ്വാതന്ത്ര്യം

പരിശുദ്ധ കന്യാമാതാവിന്റെ സ്വർഗാരോപണതിരുന്നാളും സ്വാതന്ത്ര്യ ദിനവും ഒന്നിച്ചാഘോഷിക്കാൻ അവസരം കിട്ടിയത്, ഭാരതീയരായ നമ്മുടെ ഭാഗ്യമാണ്. പരിശുദ്ധ അമ്മയുടെ അനുഗ്രഹത്താൽ സ്വാതന്ത്ര്യത്തിന്റെ നന്മകൾ എല്ലാ ജനവിഭാഗങ്ങൾക്കും ലഭിക്കാൻ ഇടയാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

സ്വാതന്ത്ര്യവും അധികാരവും ഒരു കൂട്ടം പാപികളിൽനിന്ന് മറ്റൊരു കൂട്ടം പാപികളിലേക്ക് കൈമാറിയതുകൊണ്ട് സ്വാതന്ത്ര്യം ലഭിച്ചു എന്ന് അവകാശപ്പെടാൻ ഒരു ജനതക്കും സാധിക്കുകയില്ല. പാപത്തിന്റെ അടിമകളായി തുടരുമ്പോൾ സ്വാതന്ത്ര്യം അനുഭവിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമില്ല. പലരും പാപം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് കൈവശം വെച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ദൈവീകമായ വീക്ഷണത്തിൽ അത് സ്വാതന്ത്ര്യമല്ല. തിരുവചനം ഇങ്ങനെ വിശദീകരിക്കുന്നു: “പാപംചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്” (യോഹ. 8:35). തിന്മയിൽനിന്നും പാപത്തിൽനിന്നും മോചനം ലഭിക്കുമ്പോഴാണ് സ്വാതന്ത്ര്യം അർത്ഥപൂർണമാകുന്നത്. വിദേശീയരിൽനിന്ന് സ്വദേശീയരിലേക്ക് സ്വാതന്ത്ര്യം കൈമാറ്റം ചെയ്യപ്പെട്ടു എന്നുള്ളത് പൂർണ്ണസ്വാതന്ത്ര്യത്തിന്റെ ലക്ഷണമായി പരിഗണിച്ചുകൂടാ. സത്യം അറിയുകയും ആ സത്യത്തെ സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് പൂർണസ്വാതന്ത്ര്യം ലഭിക്കുന്നത്. തിരുവചനങ്ങളിലൂടെ കടന്നു പോകുമ്പോൾ നാം ഇങ്ങനെ

വായിക്കുന്നു: "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്ര രാക്കുകയും ചെയ്യും"(യോഹ. 8:32).

സ്വാതന്ത്ര്യവും അധികാരവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ദുഷ്ടതയില്ലാത്ത നന്മ നിറഞ്ഞ കൈകളിലാണ് സ്വാതന്ത്ര്യവും അധികാരവും കുടികൊള്ളുന്നതെങ്കിൽ ആ രാഷ്ട്രത്തിന് പ്രതീക്ഷക്ക് വകയുണ്ട്. അധികാരം കയ്യാളുന്നവരുടെ സ്വാതന്ത്ര്യത്തിന്, അധികാരത്തിന് വിധേയപ്പെട്ടവരുടെ സ്വാതന്ത്ര്യത്തേക്കാൾ ശക്തിയുണ്ട്. അതുകൊണ്ട് തന്നെ സാധാരണ ജനങ്ങളുടെ സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുകയും പരിമിതമാക്കപ്പെടുകയും ചെയ്യാനുള്ള സാധ്യതകളുണ്ട്.

ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന അധികാരികൾ ഉണ്ടാകണം. അധികാരം ദൈവം നൽകിയതാണെന്ന പൂർണബോധ്യം അത് പ്രയോഗിക്കുന്നവരുടെ മനസ്സിൽ നിറഞ്ഞുനിൽക്കേണ്ടതാവശ്യമാണ്. അങ്ങിനെയുള്ളവരുടെ കൈകളിൽ അധികാരവും സ്വാതന്ത്ര്യവും ശ്രേഷ്ഠതയുള്ളതായി നിലനിൽക്കും. അധികാരികളും ജനങ്ങളും, സ്വാതന്ത്ര്യം തിന്മ ചെയ്യാനുള്ള ലൈസൻസായി കണക്കാക്കുമ്പോൾ അത് സ്വാതന്ത്ര്യത്തെ ദുഷിപ്പിക്കും; അധികാരത്തെ ദുഷിപ്പിക്കും; രാഷ്ട്രത്തെ നശിപ്പിക്കുകയും ചെയ്യും. തിന്മയിൽ മുങ്ങി നിൽക്കുന്ന ഒരു ജനതയുടെ അധികാരവും സ്വാതന്ത്ര്യവും മാത്രമല്ല രാഷ്ട്രം തന്നെയും, നാശത്തിലേക്ക് നിപതിക്കും. "കർത്താവ് ആകാശത്തിൽ നിന്ന് സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. ആ പട്ടണങ്ങളേയും താഴ്വരകളേയും അവയിലെ നിവാസികളേയും സസ്യലതാദികളെയും അവിടുന്ന് നാമാവശേഷമാക്കി" (ഉൽപ. 19:24) രാഷ്ട്രങ്ങൾ, ബൈബിൾ നൽകുന്ന ഈ മുന്നറിയിപ്പ് അവഗണിക്കാതിരിക്കട്ടെ.

നാം സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുന്നാളും ആഘോഷിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കുന്നത് നല്ലതാണ്. ദുഷ്ടതയിൽനിന്നും തിന്മയിൽനിന്നും മോചനം നേടാനുള്ള തീവ്രമായ ആഗ്രഹം ഈ സുദിനം നമുക്ക് പ്രദാനം ചെയ്യണം. കാരണം, തിന്മയിൽനിന്നും പാപത്തിൽനിന്നും പൂർണ്ണമായി അകന്നുനിന്നതുകൊണ്ടാണ് പരിശുദ്ധ മറിയം സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടത്. ഭാരതരാജ്ഞിയായ പരിശുദ്ധ കന്യാമാതാവിനെ രാഷ്ട്രത്തിന്റെ അമ്മ

www.malankaralibrary.com


യായി വണങ്ങുകയും ആദരിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ രാജ്യം നന്മകൾ കൊണ്ട് സമ്പന്നമാകും. തിന്മകളിൽനിന്ന് ഒഴിഞ്ഞു നിൽക്കാനും തിന്മകൾക്കെതിരെ പോരാടാനും പരിശുദ്ധ അമ്മ നമുക്ക് ശക്തി നൽകും. സ്വാതന്ത്ര്യം നന്മ പ്രവർത്തിക്കാനുള്ള അവസരമായി നാം സ്വീകരിക്കണം. നന്മ പ്രവർത്തിക്കുന്നവന്റെ അടിമത്തം, തിന്മ പ്രവർത്തിക്കുന്നവന്റെ സ്വാതന്ത്ര്യത്തേക്കാൾ മേന്മയേറിയതാണ്.

സ്വന്തം രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും അധികാരവും തട്ടിയെടുത്തവരിൽനിന്ന് അത് വീണ്ടെടുക്കുകയെന്നത് വീരോചിതമായ പ്രവൃത്തിയാണ്. സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനുവേണ്ടി, യേശു ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽനിന്ന് ആവേശം ഉൾക്കൊണ്ട മഹാത്മഗാന്ധിജിയെ നാം നന്ദിപൂർവം സ്മരിക്കണം. നമ്മൾ വീണ്ടെടുത്ത സ്വാതന്ത്ര്യം നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമായി നിലനിൽക്കണം. ഏതെങ്കിലും ഒരു വിഭാഗം ജനങ്ങളുടെ സ്വാതന്ത്ര്യത്തെ, അവകാശത്തെ ഹനിക്കുന്ന വിധത്തിലായിരിക്കരുത്. സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ അവസരത്തിൽ, പാപത്തിന്റെ അടിമത്വത്തിൽനിന്ന് മോചനം നേടാനുള്ള പരിശ്രമങ്ങൾ നാം ആരംഭിക്കണം. അത് പരിശുദ്ധ കന്യാമാതാവിനുള്ള ഒരു സമ്മാനമാണ്. സ്വാതന്ത്ര്യം, അതെപ്പോഴും നന്മ ചെയ്യാനും പാപത്തിൽ നിന്നകന്ന് നിൽക്കാനുമുള്ള അവസരമായി നാം സ്വീകരിക്കേണ്ടത് ആവശ്യമാണ്. സ്വാതന്ത്ര്യം ദുരുപയോഗിച്ചുകൊണ്ട് ഭീകരപ്രവർത്തനം, കൊലപാതകം, വ്യഭിചാരം തുടങ്ങിയ തിന്മകൾ നാം ചെയ്യുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം തിന്മക്ക് അടിമപ്പെട്ടുപോകുന്നു. അധികാരവും സ്വാതന്ത്ര്യവും പാപത്തിനു കീഴടങ്ങുമ്പോൾ സ്വാതന്ത്ര്യദിനാഘോഷം അർത്ഥശൂന്യമായിത്തീരും. അതുകൊണ്ട് തിന്മയിൽനിന്നും പാപത്തിൽനിന്നും സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള തീവ്രയത്നം നമുക്കാവശ്യമുണ്ട്. പരിശുദ്ധ കന്യാമറിയം, ആ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ നമ്മെ ശക്തരാക്കട്ടെ.

www.malankaralibrary.com

# ദമ്പതിമാരുടെ ദൗത്യം

കർത്താവിൽനിന്ന് ഏറ്റെടുത്ത ദൗത്യം നിർവഹിക്കുവാനുള്ളവരാണ് ദമ്പതിമാർ. കർത്താവ് ഏല്പിച്ച ദൗത്യം ഭാര്യക്കും ഭർത്താവിനും കൂടിയുള്ളതാണ്; ഒറ്റയ്ക്ക് ഒരാൾക്ക് മാത്രമായിട്ടുള്ളതല്ല. രണ്ടു പേരുംകൂടി ഒന്നിച്ചേറ്റെടുത്ത ദൗത്യം ഒന്നിച്ചുതന്നെ നിർവ്വഹിക്കണം.

വിവാഹമോചനംമൂലം, കർത്താവിൽ നിന്നേറ്റെടുത്ത ദൗത്യം പൂർത്തീകരിക്കാനാകാതെ ദമ്പതിമാർ പരാജയപ്പെടുന്നു. ചിലപ്പോൾ ഭാര്യാഭർതൃബന്ധം തകർക്കുന്നത് ഭർത്താവാകാം; അല്ലെങ്കിൽ ഭാര്യയാകാം. പലപ്പോഴും രണ്ടുപേരും കാരണക്കാരാകാം. കർത്താവ് കൂട്ടിച്ചേർത്തതിനെ-ഭാര്യാഭർതൃബന്ധത്തെ-തകർക്കാൻ ശ്രമിച്ചാൽ അതൊരു ശാപമായിതീരും. ദമ്പതിമാരുടെ ബന്ധം തകരുമ്പോൾ കർത്താവ് ഏല്പിച്ച ദൗത്യം നിർവഹിക്കപ്പെടാതെ പോകുന്നു. കർത്താവിന്റെ പദ്ധതി വിജയിപ്പിക്കാൻ ദമ്പതിമാർ ആത്മാർത്ഥമായി പരിശ്രമിക്കുന്നില്ലെങ്കിൽ, അത് തങ്ങളുടെ തന്നെ പരാജയമായിമാറും. യേശുനാഥൻ ഏല്പിച്ചിരിക്കുന്ന ചുമതല നിറവേറ്റാതെ വീഴ്ച വരുത്തുമ്പോൾ അവിടുത്തേക്കെതിരായി പ്രവർത്തിക്കുന്നു എന്ന യാഥാർത്ഥ്യം ഭാര്യാഭർത്താക്കന്മാർ തിരിച്ചറിയണം.

ഭാര്യയും ഭർത്താവും ഭിന്നിച്ച് ശത്രുതയിൽ ജീവിക്കുന്നുവെങ്കിൽ, മുഖ്യകാരണം അഹങ്കാരവും സ്വാർത്ഥതയുമാണ്. ദമ്പതിമാർ വേർപെട്ട് ജീവിക്കുമ്പോൾ കർത്താവിന്റെ പദ്ധതികളും തിരുഹിതവും അവർ

www.malankaralibrary.com


തള്ളിക്കളയുന്നു എന്നാണ് അർത്ഥം. "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ" മത്താ. 19:6 എന്ന തിരുവചനം അവർ സ്വീകരിച്ചിട്ടില്ല.

രണ്ടു വ്യക്തികൾ കൂടിച്ചേരുന്നിടത്ത് അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമായും ഉയർന്നുവരും. അനേകം വർഷങ്ങളോളം ഒന്നിച്ചു ജീവിക്കേണ്ടവരായ ദമ്പതിമാർക്ക് അപ്രിയങ്ങളായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടതായിവരും. ഇണയെ അംഗീകരിക്കുക; ഇണയുടെ അഭിപ്രായങ്ങളെ മാനിക്കുക; വിയോജിപ്പ് പ്രകടിപ്പിക്കേണ്ടി വരുമ്പോൾ തന്നെ സ്നേഹവും സഹിഷ്ണുതയും കൈമോശം വരാതെ ശ്രദ്ധിക്കുക. ഏറ്റവും പ്രധാനപ്പെട്ടത് എളിമപ്പെടുകയെന്നതാണ്. എളിമയും വിനയവും പ്രകടിപ്പിക്കുന്ന വ്യക്തി ചെറുതാവുകയല്ല ചെയ്യുന്നത്. "നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാവുക"(പ്രഭാഷകൻ 3:18 എന്നാണ് കർത്താവിന്റെ പ്രബോധനം. തന്നേക്കാൾ ശ്രേഷ്ഠരായി മറ്റുള്ളവരെ കാണാനുള്ള സന്മനസ്സിന്റെ അടയാളമാണ് എളിമപ്പെടുകയെന്നത്. ആ മനോഭാവമുള്ളവർ കർത്താവിന്റെ മുമ്പിൽ വലിയവരായി പരിഗണിക്കപ്പെടും. കർത്താവിനും കുടുംബത്തിനുംവേണ്ടി എളിമയും വിനയവുമുള്ള ഒരു ഹൃദയം നൽകണമേയെന്ന് ദമ്പതിമാർ ഉള്ളുരുകി പ്രാർത്ഥിക്കട്ടെ.

ഇണയെ തോൽപ്പിക്കണം; ഒരു മൂലയിൽ ഒതുക്കിയിരുത്തണം എന്ന ചിന്ത ചിലരുടെ മനസ്സിനുള്ളിൽ ഒളിച്ചുവച്ചിട്ടുണ്ട്. എന്നാൽ ഇണയെ വളരാനും വിജയിക്കാനും അനുവദിക്കണം. ഇണയോട് നിഷ്കളങ്കമായ സ്നേഹമുണ്ടെങ്കിലേ ഇത് സാധ്യമാകൂ.

ക്രിസ്തുനാഥൻ ഏല്പിച്ച ദൗത്യം വിജയിപ്പിക്കാൻ ദമ്പതിമാർ ക്രിസ്തുവിനോടുകൂടി മുന്നോട്ടുപോകണം. ദമ്പതിമാരുടെ മുന്നോട്ടുള്ള പ്രയാണം ക്രിസ്തുവിനെ മാറ്റി നിർത്തികൊണ്ടാകരുത്. ദമ്പതിമാരുൾപ്പെടെ എല്ലാവരും ഏറ്റെടുത്തിരിക്കുന്ന ദൗത്യം ക്രിസ്തുവിൽ നിന്നാണ്. അതുകൊണ്ട് യേശുവിനോട് ചേർന്നുനിന്നുകൊണ്ട് മാത്രമേ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുകയുള്ളൂ. "എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ല" (യോഹന്നാൻ 15:6). കർത്താവിന്റെ ഈ തിരുവചനം എപ്പോഴും ഹൃദയത്തിലുണ്ടാകണം.

www.malankaralibrary.com


യേശുവുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികളുടേയും പ്രധാനപ്പെട്ട ദൗത്യം യേശുവിനെ പ്രഘോഷിക്കുകയെന്നതാണ്. യേശുവിനുവേണ്ടി, യേശുനാമത്തിൽ ഒന്നായിതീർന്ന ദമ്പതിമാരുടെ ദൗത്യവും മറ്റൊന്നല്ല. അതിന്റെ വിജയത്തിനായി കർത്താവിന്റെ നാമത്തിൽ ദമ്പതിമാർ മരണം വരെ ഒന്നിച്ചുനിൽക്കണം. ദമ്പതിമാരുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും യേശുവിനെ പ്രഘോഷിക്കുകയെന്ന ലക്ഷ്യത്തിനുയോജിച്ചതായിരിക്കണം. കർത്താവിനെ പ്രഘോഷിക്കാൻ എല്ലാവർക്കും ധാരാളം അവസരങ്ങൾ ലഭിക്കുന്നുണ്ട്. ചിലർ അവസരങ്ങൾ തിരിച്ചറിയുന്നില്ല. അവസരങ്ങൾ തിരിച്ചറിയുന്നവരാകട്ടെ അത് പ്രയോജനപ്പെടുത്തുന്നില്ല. ദമ്പതിമാർക്കും അവസരങ്ങൾ ലഭിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്വന്തം മക്കൾക്ക് യേശുവിനെ നൽകുകയെന്നത്. ലോകത്തിന്റെ മോഹങ്ങൾക്ക് അടിമപ്പെട്ടുപോകുന്നവരും അതിന്റെ നേട്ടങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരുമായ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് നല്ല മാതൃകയല്ല. ലോകത്തിനു പ്രിയപ്പെട്ടവരാകാതെ കർത്താവിനു പ്രിയപ്പെട്ടവരായി വളരാൻ മക്കളെ പഠിപ്പിക്കണം. അതാണ് ദമ്പതിമാരുടെ-മാതാപിതാക്കളുടെ-പ്രധാന ദൗത്യം.

ദമ്പതിമാർ കർത്താവിന്റെ കാര്യസ്ഥന്മാരാണ്. കർത്താവിനുവേണ്ടി ഏറ്റെടുത്ത ദൗത്യം നിറവേറ്റാൻ കഠിനമായ പ്രയത്നം ആവശ്യമാണ്. ഭിന്നിച്ച് വേർപെട്ടു പോകാനല്ല, ഒന്നിച്ചുനിൽക്കാനാണ് കർത്താവ് യോജിപ്പിച്ചത്. പരീക്ഷകളുണ്ടാകുമ്പോൾ അതിനെ അതിജീവിക്കാനുള്ള സഹനശക്തി പ്രകടിപ്പിക്കണം. "പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന്- അവൾക്ക്-ലഭിക്കും" (യാക്കോബ് 1:12).

www.malankaralibrary.com

# അതിരുകളില്ലാത്ത സ്നേഹം

അന്തിയുറങ്ങാൻ ഇടമില്ലാത്തവർക്ക് ഒരു ഭവനം ലഭിക്കുമ്പോൾ യേശുവിന് നന്ദി പറയുന്നു. രോഗത്തിൽനിന്ന് സൗഖ്യം കിട്ടുമ്പോഴും കർത്താവിനോട് നന്ദിയുള്ളവരായിരിക്കും. ജീവിതം തകർന്നു പോകുമായിരുന്ന സാമ്പത്തികബാധ്യതയിൽനിന്ന് മോചനം നൽകുമ്പോഴും ഹൃദയം നന്ദി കൊണ്ട് നിറയും; അവിടുത്തേക്ക് സ്തുതിയും ആരാധനയും സമർപ്പിക്കുവാൻ തിടുക്കം കൂട്ടുകയും ചെയ്യും.

പാപത്തിൽ മുങ്ങിപോകാനും വിശുദ്ധി തകർന്നുപോകാനും സാധ്യതയുള്ള ജോലിയിൽനിന്ന് യേശുനാഥൻ നമ്മളെ ഒഴിവാക്കിയാൽ നാം അവിടുത്തേക്ക് നന്ദി പറയുമോ? വരുമാനത്തേക്കാൾ വലിയ വില, വിശുദ്ധിനിറഞ്ഞ ജീവിതത്തിനു നൽകാൻ നാം തയ്യാറാകണം. കർത്താവിന്റെ തിരുഹിതം വെളിപ്പെടുത്തുന്ന ഒരു തിരുവചനം കുറിക്കട്ടെ. “നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്” (1 തെസലോനിക്ക 4:3). ദൈവം തന്റെ അഭിലാഷമനുസരിച്ചാണ് നമ്മെ വിളിച്ചിരിക്കുന്നത്. ആ വിളി നാം ശ്രദ്ധിക്കണം. 1 തെസ്ലോനിക്ക 4:7ൽ ഇങ്ങനെ അരുളിചെയ്തിരിക്കുന്നു: “അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്”. ദൈവം നമുക്ക് വലിയൊരു വാഗ്ദാനം നൽകുന്നുണ്ട്. ദൈവത്തിന്റെ വിളി കേട്ടുകൊണ്ട് നാം വിശുദ്ധിയിലേക്ക് കടന്നുവന്നാൽ ആ വാഗ്ദാനം സ്വീകരിക്കാൻ നാം പ്രാപ്തരായിത്തീരും. “നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ,

www.malankaralibrary.com


നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും." അത്ഭുതം പ്രവർത്തിക്കുന്ന യേശുവിന്റെ തിരുഹിതം നമ്മിലൂടെ പൂർത്തി യാക്കുവാൻ നമുക്ക് കഴിയണം. യേശുവുമായുള്ള നമ്മുടെ ബന്ധം സുദൃഢമാകണമെങ്കിൽ നാം സ്നേഹത്തിലും വിശുദ്ധിയിലും നിലനിൽ ക്കുന്നവരാകണം. ഭൗതികനേട്ടങ്ങൾ തട്ടിയെടുക്കാ മെന്നുള്ള വ്യാമോ ഹത്താൽ, നാം രൂപപ്പെടുത്തിയ താൽക്കാലികമായൊരു കൂട്ടുകെട്ടാ കരുത് യേശുവുമായുള്ള നമ്മുടെ ബന്ധം.

സ്ഥിരതയുള്ളതും ഉറച്ചതും കർത്താവിന്റെ തിരുഹിതം നിറവേ റ്റാൻ ശക്തിയുള്ളതുമായ ഒരു ബന്ധമാണ് നമുക്ക് വേണ്ടത്. ആ ബന്ധം രൂപപ്പെട്ടു കഴിയുമ്പോൾ യേശുവിനെ കാണാനും അനുഭവിക്കാനും നമുക്ക് സാധ്യമാകും. കർത്താവ് അരുളിചെയ്യുന്നു: "വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കു വാൻ സാധിക്കുകയില്ല" (ഹെബ്രായർ 12:14). വിശുദ്ധിയുണ്ടെങ്കിലാണ് ഈശോയുമായി സുദൃഢമായൊരു ബന്ധം നമുക്ക് സ്ഥാപിച്ചെടുക്കാൻ കഴിയുക. അങ്ങിനെയൊരു ബന്ധം നമുക്കുണ്ടെങ്കിൽ, ഈശോയുടെ അതിരുകളില്ലാത്ത സ്നേഹത്തിന്റെ അവകാശികളായിത്തീരും നാം. അതേ അളവിൽ യേശുവിന് സ്നേഹം തിരിച്ചുനൽകാൻ നമുക്ക് സാധി ക്കണം. അതാണ് യേശു ആഗ്രഹിക്കുന്നത്. അവിടുന്ന് കല്പിക്കുന്നു: " നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാ ത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹി ക്കുക" (മർക്കോസ് 12:30).

www.malankaralibrary.com

# നിയമജ്ഞരേ, ഫരിസേയരേ.....

യേശുവിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ നിയമജ്ഞരും ഫരിസേയരും ഇന്നത്തെ സമൂഹത്തിലും കാണാം. നിയമം വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയം ചെയ്യുന്നവർ. മതപരമായ അനുഷ്ഠാനങ്ങളിൽ കടുത്ത നിർബന്ധമുള്ളവർ. നിയമങ്ങളും അനുഷ്ഠാനങ്ങളും അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്നവർ. എന്നാൽ അവരുടെ മനസിൽ കാരുണ്യത്തിന്റെ കണികപോലും കാണുകയില്ല.

കുർബാനയിൽ പങ്കാളികളാവുകയും കുമ്പസാരിക്കുകയും ജപമാല ചൊല്ലി സമർപ്പിക്കുകയും ഉപവസിക്കുകയും ചെയ്യുന്നവരാണ് നമ്മൾ. സഹോദരനോട് അല്ലെങ്കിൽ അയൽക്കാരനോട് നാം എത്ര മാത്രം കരുണ കാണിച്ചിട്ടുണ്ട്? പട്ടിണി കിടക്കുന്നവർക്ക് ആഹാരം നൽകാൻ നാം താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ? രോഗികളോട് ദയ കാണിച്ചിട്ടുണ്ടോ? അടിച്ചമർത്തപ്പെട്ടവരോടും അവഗണിക്കപ്പെട്ടവരോടും പക്ഷം ചേർന്നിട്ടുണ്ടോ? ഇതൊന്നും നാം ചെയ്തിട്ടുണ്ടാവുകയില്ല. കരുണയില്ലാത്ത മനസ്സിന്റെ ഉടമകളായതു കൊണ്ട് ഒരു കാര്യം ചെയ്തിട്ടുണ്ടെന്ന് ഉറപ്പിക്കാം-മറ്റുള്ളവരെ അപമാനിക്കുകയും നിന്ദിക്കുകയും ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ടാകും; അവരുടെമേൽ അപരാധങ്ങളും അപവാദങ്ങളും നാം കെട്ടിവച്ചിട്ടുണ്ടാകും. മറ്റുള്ളവരെ ശാരീരികമായി പീഡിപ്പിക്കുന്നവരെപ്പോലെ തന്നെ മാനസികമായി പീഡിപ്പിക്കുന്നവരും കരുണയില്ലാത്തവരാണ്.

നിയമത്തേയും ആചാരാനുഷ്ഠാനങ്ങളേയും തള്ളിക്കളയേണ്ട തില്ല. അവ നമ്മുടെ ജീവിതത്തിൽ ആവശ്യമാണ്. നിയമത്തെ തള്ളികള യാനല്ല യേശുക്രിസ്തുവന്നത്. അവിടുന്ന് പ്രഘോഷിക്കുന്നത് ഇപ്രകാ രമാണല്ലോ-"നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാ നാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. അസാധു വാക്കാനല്ല പൂർത്തീകരിക്കാനാണ് ഞാൻ വന്നത്" (മത്തായി 5:17).

മതപരമായ നിയമങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും വില മതിക്കണം. എന്നാൽ സഹോദരങ്ങളോട് സ്നേഹവും കരുണയും പ്രകടി പ്പിക്കാനുള്ള തീവ്രമായ അഭിലാഷം ഉണ്ടായിരിക്കുകയും വേണം. അപ്പോൾ മാത്രമേ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും ജീവനുള്ള തായി മാറുകയുള്ളൂ. നിയമജ്ഞരേയും ഫരിസേയരേയും അറിയാമാ യിരുന്നതുകൊണ്ടാണ് കർത്താവ് പറഞ്ഞത്, "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക" (മത്തായി 9:13).

നല്ല സമരിയാക്കാരന്റെ കാരുണ്യത്തെ പുകഴ്ത്തിപ്പറഞ്ഞ യേശു നാഥൻ കാരുണ്യം പ്രകടിപ്പിക്കാതിരുന്ന പുരോഹിതനേയും ലേവായ നേയും പരോക്ഷമായി കുറ്റപ്പെടുത്തുകയാണ് ചെയ്തത്. പുരോഹിത ന്മാർ ബലിയർപ്പിക്കാൻ വേണ്ടി കടന്നുപോവുകയായിരുന്നു. ലേവായ നും മതപരമായ അനുഷ്ഠാനങ്ങൾക്കുവേണ്ടിയാണ് ആ വഴിയിലൂടെ കടന്നുപോയത്. ഈ രണ്ടുപേരും അന്ന് നിലനിന്നിരുന്ന നിയമത്തിന്റെ വക്താക്കളും സംരക്ഷകരുമായിരുന്നു. അവരുടെ ഹൃദയങ്ങളിൽ സ്നേഹവും കരുണയും നിലനിന്നിരുന്നില്ല. അവരെപ്പോലെയുള്ളവർ മതത്തിന്റെ ആത്മാവിനെ നിഹനിക്കുന്നവരാണ്.

യേശു പഠിപ്പിക്കുകയും പ്രകടിപ്പിക്കുകയും ചെയ്ത സ്നേഹവും കാരുണ്യവും സ്വന്തം ജീവിതത്തിൽ പകർത്താൻ പലർക്കും സാധിക്കു ന്നില്ല. അവരോടാണ് കർത്താവ് പറഞ്ഞത്: "കപടനാട്യക്കാരായ ഫരിസേയരേ, നിങ്ങൾക്ക് ദുരിതം" (മത്തായി 23:13). ദുഃഖവും ദുരിതവും ഒഴിവാക്കാൻ നമ്മുടെ ഹൃദയങ്ങളിൽ സ്നേഹവും കരുണയും എപ്പോഴും നിറഞ്ഞുനിൽക്കട്ടെ.

www.malankaralibrary.com



# യേശുവിനുവേണ്ടി പൊരുതുന്നവർ

യേശുവിനെ വേണോ? ബറാബാസിനെ വേണോ? നമുക്കാരെ യാണ് വേണ്ടത്? നീതിമാനെ വേണോ? നീതി നിഷേധിക്കുന്നവനെ വേണോ? തടവറയിൽ അടയ്ക്കപ്പെട്ട നീതിമാനായ യേശുവിനുവേണ്ടി ആരും ശബ്ദമുയർത്തിയില്ല. യേശുവിനെ മോചിപ്പിക്കണം എന്ന് പറയാനുള്ള കരുത്തും തന്റേടവും നീതിബോധവും അന്നത്തെ യഹൂദ സമൂഹത്തിനുണ്ടായിരുന്നില്ല. ഇന്നും നീതിമാൻമാരെ കണ്ടുമുട്ടിയാൽ ബന്ധനസ്ഥരാക്കാനും തകർക്കാനും ഒരുങ്ങിനിൽക്കുന്ന ആളുകളുണ്ട്. നീതി നിഷേധിക്കപ്പെട്ടവർക്കുവേണ്ടി വാദിക്കാനുള്ള മനുഷ്യസ്നേഹ വും നീതിബോധവും നാം പ്രകടിപ്പിക്കുമോ? യേശുവിനെ ക്രൂശിച്ച യഹൂദസമൂഹത്തെപ്പോലെ, രക്തത്തിനുവേണ്ടി നമ്മിൽ പലരും മുറവിളി കൂട്ടും. അല്ലെങ്കിൽ നിശ്ശബ്ദരായി ഒഴിഞ്ഞുമാറും.

നീതിമാനെ ക്രൂശിക്കണമെന്നു തന്നെയാണ് അന്നുമിന്നും ഒരു വിഭാഗം ആളുകൾ ആവശ്യപ്പെടുന്നത്. അടുത്ത തലമുറയിലും അങ്ങിനെ ആവശ്യപ്പെടുന്നവരുണ്ടാകാം. നീതിമാൻമാരെ ക്രൂശിക്കണമെന്ന് ആവശ്യപ്പെടുന്നവരുടെ കൂട്ടത്തിലാണ് അറിഞ്ഞോ അറിയാതേയോ നാമുംവന്ന് നിൽക്കുന്നത്. രക്ഷകനും പാപവിമോചകനുമായ യേശു വിന്റെ കൂടെ ജീവിച്ച പത്രോസ് യേശുവിനെ തള്ളി പറഞ്ഞു. അതിനു മുമ്പേ യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തു. യേശുവിനു നേരിട്ട അനുഭവം ഇതാണെങ്കിൽ, നീതിമാൻമാരായ സാധാരണക്കാരുടെ സ്ഥിതി എന്താ

യിരിക്കും! എവിടെയാണ് നീതിമാൻമാർ? അവർ നമ്മുടെ കുടുംബത്തിലുണ്ടാകാം; സഹപ്രവർത്തകരുടെ ഇടയിലുണ്ടാകാം; ഇടവക സമൂഹത്തിലുണ്ടാകാം. പണത്തിനുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി, ഉദ്യോഗപദവിക്കുവേണ്ടി, അധികാരത്തിനുവേണ്ടി, സ്വാർത്ഥത നിറഞ്ഞ മറ്റു ദുർമോഹങ്ങൾക്കുവേണ്ടി നീതിമാൻമാരെ വെട്ടിവീഴ്ത്തുന്നവരില്ലേ? ഉവ്വ്; അങ്ങിനെയുള്ളവരുണ്ട്. അങ്ങിനെയുള്ളവരെ കണ്ടുകൊണ്ട് തിരുവചനം മുന്നറിയിപ്പു നൽകുന്നു. "നീതിമാൻമാരെ ദ്വേഷിക്കുന്നവർക്ക് ശിക്ഷാവിധിയുണ്ടാകും" (സങ്കീർത്തനം 34:21), നീതിമാൻമാരെ ദ്വേഷിക്കുന്നവർക്ക് ശിക്ഷാവിധി ഉണ്ടാകുമെങ്കിൽ അവരെ ശാരീരികമായും മാനസികമായും ഉപദ്രവിക്കുന്നവർക്കുള്ള ശിക്ഷ എത്ര വലുതായിരിക്കും.

ബറാബാസിനെ പോലെയുള്ളവർക്കുവേണ്ടി വാദിക്കാനും അത്തരക്കാരെ സ്വീകരിക്കാനും ഇന്നും ആളുകളുണ്ട്. യേശുവിനുവേണ്ടി വാദിക്കാനും അവിടുത്തെ സ്വീകരിക്കാനും ആളുകൾ വളരെ കുറവാണ്. അവനെ-യേശുവിനെ-ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവ്വം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കാൻ പീലാത്തോസ് തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട മനുഷ്യനെ-കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട ബറാബാസിനെ-അവൻ വിട്ടയക്കുകയും യേശുവിനെ അവരുടെ ഇംഗീതത്തിനു ഏല്പിച്ചുകൊടുക്കുകയും ചെയ്തു (ലൂക്കാ. 23:23,25).

പീലാത്തോസിനെ പോലെ നമ്മളും കൈകഴുകും. സത്യത്തിനും നീതിക്കുംവേണ്ടി ധൈര്യത്തോടെ ഉറച്ചുനിൽക്കാൻ പലർക്കും കഴിയുകയില്ല. അതിനാൽ യേശുവിനെ ക്രൂശിക്കാൻ കൂട്ടുനിൽക്കുന്നവരുടെ കൂട്ടത്തിലായിരിക്കും നമ്മളും നിൽക്കുക. യേശുവിനെ ക്രൂശിച്ചവർക്കും അവരുടെ പിൻതലമുറകൾക്കും അനുഭവിക്കേണ്ടിവന്ന അതികഠിനമായ ക്ലേശങ്ങളേയും ദുരിതങ്ങളേയും കുറിച്ച് പലരും പറഞ്ഞിട്ടുണ്ട്. അത് എല്ലാവർക്കും ഒരു പാഠമാകേണ്ടതാണ്. സത്യത്തിനും നീതിക്കും വേണ്ടി കണ്ണീരൊഴുക്കി കാത്തിരിക്കുന്ന നിസ്സഹായർ ഇപ്പോഴുമുണ്ട്. അവർക്കുവേണ്ടി നാം എന്ത് ചെയ്തു? "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന്

www.malankaralibrary.com


നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്തായി 25:40). ചെറിയവർക്കുവേണ്ടി നീതി ചെയ്തു കൊടുക്കാതിരുന്നപ്പോൾ യേശുവിനെതിരായാണ് നാം പ്രവർത്തിച്ചത്; നീതി നിഷേധിക്കപ്പെട്ടവരെ വിസ്മരിച്ചപ്പോൾ യേശുവിനെ തന്നെയാണ് നാം വിസ്മരിച്ചത്.

സങ്കീർത്തകൻ ചോദിക്കുന്നു "അങ്ങയുടെ കൂടാരത്തിൽ ആര് വസിക്കും? അങ്ങയുടെ വിശുദ്ധഗിരിയിൽ ആർവാസമുറപ്പിക്കും?" (സങ്കീർത്തനം 15:1). അതിനുള്ള മറുപടിയും സങ്കീർത്തകൻ പറയുന്നു, "നിഷ്കളങ്കനായി ജീവിക്കുകയും നീതി മാത്രം പ്രവർത്തിക്കുകയും ഹൃദയം തുറന്ന് സത്യംപറയുകയും ചെയ്യുന്നവൻ" (സങ്കീർത്തകൻ 15:2). കർത്താവിന്റെ കൂടാരത്തിൽ കർത്താവിനോടൊപ്പം വസിക്കണമെങ്കിൽ, നീതിക്കുവേണ്ടി ദാഹിക്കുകയും നീതിക്കുവേണ്ടി വാദിക്കുകയും നീതി പ്രവർത്തിക്കുകയും ചെയ്യണം.

പീലാത്തോസിന്റെ മുമ്പിൽ ബന്ധനസ്ഥനായി നിന്നിരുന്ന യേശുവിനെ കാണാൻ വലിയൊരു ആൾക്കൂട്ടമുണ്ടായിരുന്നു. നീതിക്കുവേണ്ടി, യേശുവിനുവേണ്ടി ശബ്ദിക്കാൻ നാവുകളില്ലാത്ത ഒരാൾക്കൂട്ടമായിരുന്നു അത്. ആൾക്കൂട്ടത്തിലായാലും ഒറ്റയ്ക്കായാലും നീതിക്കുവേണ്ടിയുള്ള ക്രിസ്ത്യാനിയുടെ ശബ്ദം ഉയർന്നുകേൾക്കണം. അങ്ങിനെയുള്ള ക്രിസ്ത്യാനി യേശുവിനുവേണ്ടി വാദിക്കും; യേശുവിനുവേണ്ടി പൊരുതും; യേശുവിനുവേണ്ടി രക്തസാക്ഷിയാകും.

www.malankaralibrary.com

# ശിലാഹൃദയം അലിഞ്ഞപ്പോൾ

കർത്താവിന്റെ തൃപ്പാദങ്ങളിൽ കണ്ണുനീർ ചൊരിഞ്ഞ് പ്രാർത്ഥിച്ച ഒരു പെൺകുട്ടിയുടെ കഥപറയാം. അവൾക്ക് പത്തൊൻപത് വയസാണ് പ്രായം. അവളുടെ നാടും വീടും പേരും ഇവിടെ പറയുന്നില്ല.

ഒരു ധ്യാനത്തിൽ സംബന്ധിക്കാനാണ് അവൾ വന്നത്. ധ്യാനത്തിനുശേഷം വീട്ടിൽ എത്തിച്ചേർന്ന അവൾ, മദ്യപാനിയായ അപ്പനെ മാറ്റിമറിച്ചു. ഒറ്റക്കല്ല, കർത്താവായ യേശുനാഥനെ കൂട്ടിപിടിച്ചു കൊണ്ടാണ് അവൾ അത് നേടിയെടുത്തത്. അവൾ കർത്താവിൽ ആശ്രയിച്ചു; അവിടുന്ന് അവളെ അനുഗ്രഹിച്ചു. ഈശോനാഥൻ പറഞ്ഞിട്ടുണ്ടല്ലോ" എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ല" (യോഹന്നാൻ 15:6). എന്ന് ഈ തിരുവചനം അവളുടെ മനസ്സിലുണ്ട്.

അവൾ ധ്യാനത്തിൽ പങ്കെടുക്കുന്നതിനുമുമ്പ് അപ്പനെക്കുറിച്ച് അവൾ പറഞ്ഞിരുന്നത് "ഭീകരൻ" എന്നായിരുന്നു. മദ്യപിച്ചുവരുന്ന അപ്പൻ വീട്ടിൽ വഴക്കുണ്ടാക്കുക; അവളേയും അമ്മയേയും ചീത്ത വിളിക്കുക; അവരെ മർദ്ദിക്കുക; ഇതൊക്കെയായിരുന്നു അവളുടെ അപ്പന്റെ ഹോബി. അവൾക്ക് സഹിക്കാൻ കഴിയാത്തവിധത്തിൽ അവളെ വേദനിപ്പിച്ചിരുന്നത് അപ്പന്റെ ഒരു ചോദ്യമായിരുന്നു. ആ ചോദ്യം അപ്പന്റെ നാവിൽ തുമ്പത്ത് എപ്പോഴുമുണ്ടായിരുന്നു. അവളെ കാണുമ്പോൾ അപ്പന്റെ വായിൽനിന്ന് ആ ചോദ്യം പുറത്ത് ചാടും. "എടീ, നിന്റപ്പനാരെന്ന് നിനക്കറിയോ? പോയി നിന്റെ അമ്മയോട് ചോദിക്കെടി. ഏതായാലും

www.malankaralibrary.com


ഞാൻ നിന്റെ അപ്പനല്ല.....” പിന്നെ പുളിച്ചുനാറിയ തെറികളുടെ പ്രവാഹമായിരിക്കും.

ധ്യാനത്തിൽ പങ്കെടുക്കാൻ അവൾ തീരുമാനിച്ചത് പുണ്യം നേടാനായിരുന്നില്ല; കുറച്ചുദിവസം വീട്ടിൽനിന്ന് മാറിനിൽക്കണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ്. അപ്പനെ അത്രയധികം അവൾ വെറുത്തിരുന്നു. എങ്ങിനെയെങ്കിലും അപ്പൻ ചത്തുപോകട്ടെയെന്ന് അവൾ ആഗ്രഹിച്ചിരുന്നു.

ധ്യാനത്തിൽ പങ്കെടുത്തു കഴിഞ്ഞപ്പോൾ അവൾ പശ്ചാത്തപിച്ചു; അവൾക്ക് മാനസാന്തരമുണ്ടായി; തിരുവചനങ്ങൾ അവൾക്ക് വെളിച്ചം പകർന്നു കൊടുത്തു; ചിന്തകളിൽ മാറ്റം വന്നു. തിരുവചനങ്ങൾ അവളുടെ മനസ്സിൽ എപ്പോഴും ജ്വലിച്ചുനിന്നു. “മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു” (പ്രഭാഷകൻ 3:2). കർത്താവിന്റെ തിരുഹിതം പൂർണമായും നിറവേറ്റാൻ അവൾ തയ്യാറായി.

ധ്യാനം കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയപ്പോൾ, അവൾ ആദ്യം ചെയ്തത് അപ്പന്റെ കാലിൽ കെട്ടിപ്പിടിച്ച് മാപ്പ് പറയുകയായിരുന്നു. അപ്പനെ വെറുക്കുകയും കുറ്റപ്പെടുത്തി സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തതിന്, കർത്താവിനോട് മാപ്പ് ചോദിച്ചുകൊണ്ടാണ് അവൾ ധ്യാനകേന്ദ്രത്തിൽനിന്ന് വീട്ടിലേക്ക് വന്നത്. അപ്പനേയും അമ്മയേയും പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥം വഴി കർത്താവിന്റെ തിരുഹൃദയത്തിൽ അവൾ സമർപ്പിച്ചിരുന്നു.

തന്റെ ഉപദ്രവങ്ങളേറ്റു വേദനിച്ചുക്കൊണ്ടിരുന്ന മകൾ, കുറ്റങ്ങൾ സ്വയം ഏറ്റെടുത്ത്, കാൽക്കൽ വീണ് മാപ്പ് അപേക്ഷിച്ചപ്പോൾ അപ്പന്റെ ഹൃദയം നുറുങ്ങി. അയാളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊട്ടിയൊഴുകി. അയാൾ ഏങ്ങിയേങ്ങി കരഞ്ഞു. അതു കണ്ടപ്പോൾ അമ്മയും മകളും കരഞ്ഞു. ആ കണ്ണുനീർമഴയുടെ അവസാനത്തിൽ അവരുടെ ജീവിതാന്തരീക്ഷം തെളിഞ്ഞു. ഇനിമേൽ കുടിക്കുകയില്ലെന്ന് അയാൾ സത്യംചെയ്ത്, പ്രതിജ്ഞയെടുത്തു. മകളുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് അയാൾ ആദ്യമായി കുടുംബപ്രാർത്ഥനയിൽ സംബന്ധിച്ചു. മുടങ്ങാതെ കുർബാനയിൽ പങ്കെടുക്കാമെന്ന് വാക്കു നൽകി. മകളുടെ

www.malankaralibrary.com


അപേക്ഷ മാനിച്ചുകൊണ്ട്, ഉടനെ തന്നെ ഒരു ധ്യാനം കൂടാനുള്ള ആഗ്രഹവും അയാൾ പ്രകടിപ്പിച്ചു. അപ്പന് നൽകിയ മാനസാന്തരം ഓർത്തുകൊണ്ട് അവൾ കർത്താവിനെ മഹത്വപ്പെടുത്തി. അവളുടെ മനസിലേക്ക് ഒരു ചിന്ത കടന്നുവന്നു. അഗസ്തീനോസിന്റെ മാനസാന്ത രത്തിനുവേണ്ടി, അദ്ദേഹത്തിന്റെ അമ്മ മോനിക്കാപുണ്യവതി മുപ്പത്തി മൂന്ന് വർഷമാണ് പ്രാർത്ഥിച്ചത്. ഇപ്പോൾ കർത്താവ് അവളുടെ കുടുംബ ത്തോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നുവെന്ന് അവൾക്ക് ബോധ്യ മായി. പ്രാർത്ഥനയോടെ ഒരു തിരുവചനം അവൾ ഏറ്റുപറഞ്ഞു "കർത്താവേ, ഞാൻ പൂർണഹൃദയത്തോടെ അങ്ങേക്ക് നന്ദി പറയുന്നു." (സങ്കീർത്തനം 138:1). ഇക്കാര്യങ്ങൾ സാക്ഷ്യപ്പെടുത്താൻ വേണ്ടി അവൾ രണ്ടാമതും ധ്യാനത്തിൽ പങ്കെടുക്കാൻ വന്നിരുന്നു.

www.malankaralibrary.com

# പ്രശ്നങ്ങളിൽ മുങ്ങിനിൽക്കുമ്പോൾ

വരുമാനമുണ്ടാക്കാൻ വേണ്ടി ഒന്നിനുപുറകെ ഒന്നായി പലതരം ജോലികളിൽ ഞങ്ങളുടെ കുടുംബസുഹൃത്ത് ഏർപ്പെട്ടിരുന്നു. എല്ലാ ജോലികളിലും അയാൾ വലിയ പരാജയമായി മാറി. കാരണം അയാൾ കർത്താവിന്റെ കൂടെയായിരുന്നില്ല. യേശുനാഥനെ മാറ്റി നിർത്തികൊണ്ടായിരുന്നു അയാൾ അധ്വാനിച്ചത്. അയാൾ സ്വന്തം കഴിവിൽ ആശ്രയിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ശ്രമിച്ചു. അതുകൊണ്ടാണ് പരാജയപ്പെട്ടത്. തകരുകയും മുങ്ങിതാഴുകയും രക്ഷപ്പെടാൻ കഴിയാതെ വരികയും ചെയ്തപ്പോൾ, ഒരാശ്വാസത്തിനായി ബഹു: ഇടവകവികാരിയെ അയാൾ സമീപിച്ചു. അയാളുടെ പ്രശ്നങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ ബഹു. വൈദികൻ വിശുദ്ധഗ്രന്ഥത്തിൽനിന്ന് ഒരു സംഭവം വിശദീകരിച്ചുകൊടുത്തു. പത്രോസ് ശ്ലീഹ ഉൾപ്പെടെ കർത്താവിന്റെ ചില ശിഷ്യന്മാർ ഒരിടത്ത് ഒന്നിച്ചുകൂടി. പത്രോസ് കൂടെയുണ്ടായിരുന്ന സഹപ്രവർത്തകരോട് പറഞ്ഞു: ഞാൻ മീൻപിടിക്കുവാൻ പോവുകയാണ്. അപ്പോൾ മറ്റു ശിഷ്യന്മാർ പറഞ്ഞു: ഞങ്ങളും നിന്നോടുകൂടെ വരുന്നു (യോഹന്നാൻ 21:3). അവർ പോയി വള്ളത്തിൽ കയറി മുന്നോട്ടുനീങ്ങി. സമയം രാത്രിയായി.

ബഹു.വികാരിയച്ചൻ തുടർന്നുപറഞ്ഞു. കർത്താവിനെ അനുഭവിക്കുകയും അറിയുകയും ചെയ്ത ശിഷ്യന്മാരാണ് കർത്താവിനെ വിസ്മരിച്ചുകൊണ്ട് കടലിലേക്ക് മീൻപിടിക്കാൻ പോയത്. മനുഷ്യരെ പിടി

ക്കുന്ന പണിയാണ് കർത്താവ് അവരെ ഏല്പിച്ചിരുന്നത്. അവർ അതെല്ലാം മറന്നു. കടലിൽ കളിച്ചുവളർന്ന അവർക്ക് കടലിന്റെ സ്വഭാവങ്ങളും പ്രത്യേകതകളും അറിയാമായിരുന്നു. ഏത് ഭാഗത്താണ് മത്സ്യം ഉള്ളതെന്നും എപ്പോഴാണ് മീൻപിടിക്കേണ്ടതെന്നും എങ്ങിനെയാണ് പിടിക്കേണ്ടതെന്നും അവർക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. എന്നിട്ടും ആ രാത്രിയിൽ ഒരു മത്സ്യത്തെപ്പോലും പിടിക്കാൻ അവർക്ക് കഴിഞ്ഞില്ല. അധ്വാനം മുഴുവനും നിഷ്ഫലമായി. കാരണം ശിഷ്യന്മാർക്ക് കർത്താവിനോട് ചേർന്നുനിന്നുകൊണ്ട് അധ്വാനിക്കാൻ കഴിഞ്ഞില്ല. സ്വന്തം ബുദ്ധിശക്തിയിലും സാമർത്ഥ്യത്തിലും ആശ്രയിച്ചുകൊണ്ടാണ് അവർ കടലിലേക്ക് കടന്നുചെന്നത്. അതുകൊണ്ട് പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. ഇതുപോലെയാണ് പല മനുഷ്യരും.

അദ്ദേഹം സുഭാഷിതങ്ങളിൽനിന്ന് ഒന്നുരണ്ട് തിരുവചനങ്ങൾ അയാളെ വായിച്ചുകേൾപ്പിച്ചു. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമതീരുമാനം കർത്താവിന്റേതത്രെ (സുഭാഷിതങ്ങൾ 16:1). പദ്ധതികൾ ആസൂത്രണം ചെയ്ത് അധ്വാനിക്കുന്നവൻ കർത്താവിന്റെ തിരുഹിതത്തിന് വിധേയനായിരിക്കണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കർത്താവിനോട് ആലോചന നടത്തിയതിനുശേഷം പദ്ധതികൾ ആസൂത്രണം ചെയ്യുക. അപ്പോൾ മനുഷ്യന്റെ പദ്ധതികളും അധ്വാനവും വിജയിക്കും. ഇക്കാര്യം വളരെ വ്യക്തമായി വിശുദ്ധഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നുണ്ട്. നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3).

ബഹു: പുരോഹിതൻ കർത്താവിന്റെ ശിഷ്യന്മാരിലേക്കു തന്നെ തിരിച്ചുവന്നു. കടലിലായിരുന്ന ശിഷ്യന്മാർ ഉഷസായപ്പോൾ കരയിലേക്ക് മടങ്ങാൻ തുടങ്ങി. പൂർണമായ പരാജയം അവർ ഏറ്റുവാങ്ങിയിരുന്നു. ആ സമയത്ത് യേശു കടൽക്കരയിൽ വന്നുനിന്നു. കർത്താവ് അവരോട് ചോദിച്ചു. കുഞ്ഞുങ്ങളേ നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്നവർ മറുപടി പറഞ്ഞു. വള്ളത്തിന്റെ വലതുവശത്ത് വലയിടുക; അപ്പോൾ നിങ്ങൾക്ക് കിട്ടും (യോഹന്നാൻ 21:6). യേശുവിന്റെ കല്പന അവർ അനുസരിച്ചു. വലയിൽ അകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അത് വലിച്ചുകയറ്റാൻ അവർക്ക് കഴിഞ്ഞില്ല. അതുവരെ നിശ

www.malankaralibrary.com


ബ്ദനായി, സന്തോഷപൂർവം എല്ലാം കേട്ടുകൊണ്ടിരുന്ന ഞങ്ങളുടെ സുഹൃത്ത് "എന്റീശോയേ!" എന്ന് വിളിച്ചുപോയി.

ബഹു: അച്ചൻ പറഞ്ഞു: കർത്താവിന്റെ കല്പന അനുസരിക്കാൻ ശിഷ്യന്മാർ തയ്യാറായപ്പോൾ, അവരുടെ അദ്ധ്വാനം സഫലമായി തീർന്നു. നീ കരയിലായാലും കടലിലായാലും ശൂന്യാകാശത്തായാലും ഭയപ്പെടേണ്ട. അച്ചൻ സുഹൃത്തിനെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. കർത്താവിനെ കൂട്ടിനു വിളിക്കുക; എപ്പോഴും കർത്താവിനോടുകൂടെ യായിരിക്കുക; കർത്താവിനോടൊപ്പം മുന്നോട്ടുപോവുക. അവിടുന്ന് നിന്നെ നയിക്കും; നീ വിജയിക്കുകയും ചെയ്യും. ബഹു: വികാരിക്ക് നന്ദി പറഞ്ഞുകൊണ്ട് അയാൾ പുറത്തേക്കിറങ്ങി. അയാളുടെ മനസിൽ സന്തോഷവും സമാധാനവും നിറഞ്ഞുനിന്നു. ധൈര്യത്തോടെ അയാൾ മുന്നോട്ട് നീങ്ങി.

www.malankaralibrary.com

# ക്രിസ്തുവിന്റെ പ്രകാശമായിത്തീരുക

മാതാപിതാക്കളുടേയും ജീവിതപങ്കാളിയുടേയും മുമ്പിൽ ക്രിസ്തുവിന്റെ പ്രകാശമായി ജ്വലിച്ചുനിൽക്കാൻ പല ക്രിസ്ത്യാനികൾക്കും സാധിക്കുന്നില്ല. മക്കളുടേയും സഹോദരങ്ങളുടേയും ജീവിതത്തിൽ ക്രിസ്തുവിന്റെ പ്രകാശം പകരുവാൻ ചില ക്രിസ്ത്യാനികൾക്ക് കഴിയുന്നില്ല. ബന്ധുജനങ്ങളുടേയും അയൽക്കാരുടേയും ജീവിതത്തിൽ ക്രിസ്തുവിന്റെ പ്രകാശം പ്രസരിപ്പിക്കുവാനാകാതെ പലരും പരാജയപ്പെട്ടു പോകുന്നു. കണ്ടുമുട്ടുന്ന എല്ലാവർക്കും ക്രിസ്തുവിന്റെ പ്രകാശം നൽകേണ്ടവനാണ് ക്രിസ്ത്യാനി. അന്ധകാരമകറ്റാൻ ക്രിസ്ത്യാനി കടപ്പെട്ടിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഇങ്ങനെ പ്രഘോഷിക്കുന്നു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും (യോഹന്നാൻ 8:12).

വിശുദ്ധരായി ജീവിച്ചവരെല്ലാം ക്രിസ്തുവിന്റെ പ്രകാശവാഹകരായിരുന്നു. അവരിൽ ക്രിസ്തുവിന്റെ ആത്മാവ് നിറഞ്ഞുനിന്നിരുന്നു. അതുപോലെ ക്രിസ്തുവിന്റെ ആത്മാവിനാൽ നാം നിറയണം. അപ്പോഴാണ് നാം യഥാർത്ഥത്തിൽ ക്രിസ്ത്യാനിയായിത്തീരുക വിശുദ്ധ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല (റോമ 8:9). ക്രിസ്തുവിന്റെ ആത്മാവില്ലാത്തവർ ജഡികമോഹങ്ങളിൽ മുങ്ങിനിൽക്കുന്നവരാണ്. തിരു

വചനം ഇങ്ങനെ വിശദീകരിക്കുന്നു: ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസുവെയ്ക്കുന്നു. ആത്മീയരായി ജീവിക്കുന്നവരാകട്ടെ ആത്മീയകാര്യങ്ങളിൽ മനസ്സ് വെയ്ക്കുന്നു (റോമ 8:5). ലോകമോഹങ്ങളിൽ കുടുങ്ങികിടക്കുന്നവർക്ക് ക്രിസ്ത്യാനിയായി ജീവിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്നവനു മാത്രമേ ക്രിസ്ത്യാനിയായി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. അപ്പോൾ അവൻ മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടും.

മറ്റൊരു ക്രിസ്തുവായി ജീവിക്കുകയെന്നത് ഒരു വ്യാമോഹമല്ല; സഫലീകരിക്കാൻ കഴിയാത്ത ഒരു ദിവാസ്വപ്നവുമല്ല. യേശുവിനെ അന്വേഷിച്ചറിയാനും അനുഭവിക്കാനും ആഗ്രഹമുള്ളവർക്ക് യേശുവിനെ ഉൾക്കൊള്ളുകയെന്നത് എളുപ്പമുള്ള കാര്യമാണ്. ഭൗതികസുഖഭോഗങ്ങൾ മതിയെന്ന് ചിന്തിക്കുന്നവർ യേശു ക്രിസ്തുവിൽനിന്ന് അകന്നു പോകുന്നു. യേശുക്രിസ്തുവിനോട് ചേർന്നുനിൽക്കുന്നവനാണ് മറ്റൊരു ക്രിസ്തുവായി പ്രശോഭിക്കുന്നത്. തീക്കനലിനോട് ചേർന്നുനിൽക്കുന്ന കരിക്കട്ട മറ്റൊരു തീക്കനലായി ജ്വലിച്ചുനിൽക്കുന്നതുപ്പോലെ തന്നെ.

പൗലോസ് അപ്പസ്തോലൻ വളരെ വേദനയോടെ ഒരു കാര്യം വെളിപ്പെടുത്തി: ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു (ഗലാത്തിയ 4:19). ക്രിസ്തു നമ്മിൽ രൂപപ്പെടാൻ വേണ്ടി പൗലോസ് അപ്പസ്തോലനെപ്പോലെ അനേകം പേർ ഈറ്റുനോവ് അനുഭവിക്കുന്നുണ്ട്. ക്രിസ്തു നമ്മിൽ രൂപപ്പെടുന്നതിനുവേണ്ടി നാമോരോരുത്തരും അതിതീവ്രമായ ആഗ്രഹത്താൽ നിറയണം. അപ്പോൾ ക്രിസ്തു നമ്മുടെ സ്വന്തമായിത്തീരും. അങ്ങിനെ നാം അവനിലും അവൻ നമ്മിലും ആയിരിക്കുമ്പോൾ നാമോരോരുത്തരും മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടും. ആ അവസ്ഥയിലേക്കാണ് എല്ലാവരും വളരേണ്ടത്. അപ്പോൾ എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ പ്രകാശഗോപുരങ്ങളായി മാറും.

www.malankaralibrary.com

# അപകടം ആദ്ധ്യാത്മികമേഖലയിലും

ഒരു ബൈക്ക് അപകടത്തെ തുടർന്ന് മുറിവും ചതവുമായി എനിക്ക് കുറച്ചു ദിവസങ്ങൾ ആശുപത്രിയിൽ കഴിഞ്ഞുകൂടേണ്ടിവന്നു. സൗഖ്യത്തിനുവേണ്ടി കാത്തിരുന്ന ദിവസങ്ങളിൽ ആദ്ധ്യാത്മിക ജീവിതത്തിൽ അപകടങ്ങൾ സംഭവിക്കുന്നതിനെ കുറിച്ച് ചിന്തിക്കാൻ അവസരം കിട്ടി.

അപകടത്തിന്റെ കാരണം അശ്രദ്ധയാണല്ലോ. ആദ്ധ്യാത്മിക ജീവിതത്തിലും അശ്രദ്ധ മൂലം അപകടങ്ങൾ സംഭവിക്കാം. ശ്രദ്ധയോടെ, കരുതലോടെ മുന്നോട്ട് പോകുന്നില്ലെങ്കിൽ പുണ്യം നഷ്ടപ്പെടുകയും വിശുദ്ധി തകരുകയും ചെയ്യും. അതുമൂലം ആത്മാവിന് ഗുരുതരമായ പരിക്ക് ഏൽക്കേണ്ടി വരും; ചിലപ്പോൾ ആത്മാവ് നഷ്ടമായെന്നും വരാം.

പ്രാർത്ഥനയാണ് ആത്മാവ് അപകടത്തിൽപ്പെടാതിരിക്കാനുള്ള പ്രഥമമായ മുൻകരുതൽ. യഥാർത്ഥമായ ഭക്തിയോടും വിശ്വാസത്തോടുംകൂടിയാണ് പ്രാർത്ഥിക്കുന്നതെങ്കിൽ, വിശുദ്ധിയിൽ നിലനിൽക്കാനും നന്മപ്രവൃത്തികളിൽ പങ്കാളികളാകാനും കഴിയും. അപ്പോൾ സാത്താൻ അതിക്രമിച്ചുകയറിയാലും ആത്മാവ് അപകടത്തിൽ പെടുകയില്ല.

നാം വിശുദ്ധിയിൽ നിലനിൽക്കുന്നുണ്ടെങ്കിൽ സാത്താനെന്ന വാഹനം നമ്മുടെ നേരെ പാഞ്ഞുകയറാൻ ശ്രമിച്ചാലും ഒഴിഞ്ഞുമാറാനുള്ള കരുത്ത് നമുക്ക് ലഭിക്കും. അപകടങ്ങളിൽ നിന്ന്-പാപങ്ങളിൽ

www.malankaralibrary.com


നിന്ന്-ഒഴിഞ്ഞുമാറി നിൽക്കണമെങ്കിൽ നാം പല കാര്യങ്ങളും ശ്രദ്ധി ക്കേണ്ടതുണ്ട്. ലൂക്ക 17-3ലെ തിരുവചനം നമ്മളെ ഓർമ്മപ്പെടുത്തുന്നു. "നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കുവിൻ." നമുക്ക് മുന്നറിയിപ്പു നൽകുന്ന മറ്റൊരുവചനം ഇതാണ്. "സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരുകരായിരി ക്കുവിൻ" (ലൂക്ക. 21:36).

ഒരാളെക്കുറിച്ച് വിദഗ്ദ്ധനായ ഡ്രൈവർ എന്ന് പറയണമെങ്കിൽ അയാൾ റോഡ് നിയമങ്ങൾ പൂർണ്ണമായി അറിഞ്ഞിരിക്കുകയും അനു സരിക്കുകയും വേണം. വഴിയിലെ ചതിക്കുഴികളെ കുറിച്ച് ബോധവാ നായിരിക്കണം. വാഹനം അപകടത്തിൽപ്പെടാതിരിക്കുകയും ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേരുകയും വേണം. മുന്നോട്ടുള്ള യാത്രയിൽ ട്രാഫിക് നിയമങ്ങൾ അനുസരിക്കാത്ത ഡ്രൈവർമാർ ഉണ്ടാകമെന്നുള്ള തിരി ച്ചറിവ് നല്ലതാണ്. മനപൂർവ്വം നമ്മുടെ മേൽ ഇടിച്ചുകയറാൻ ശ്രമിക്കുന്ന ഡ്രൈവർമാരുടെ വാഹനങ്ങളും വഴിയിലുണ്ടാകും. അവർ അതിഗുരു തരമായ അപകടങ്ങൾ സൃഷ്ടിക്കും. അതുപോലെ വിശുദ്ധിക്കുവേണ്ടി യുള്ള നമ്മുടെ മുന്നേറ്റത്തിൽ സാത്താൻ അപകടങ്ങളും പ്രതിസന്ധി കളും സൃഷ്ടിക്കും. നായ്ക്കളും കന്നുകാലികളും റോഡിൽ അപകട ങ്ങൾക്ക് കാരണമാകുന്നുണ്ടല്ലോ. നമ്മുടെ ആദ്ധ്യാത്മികതയുടെ വഴി ത്താരകളിൽ സാത്താൻ അലറുന്ന സിംഹത്തെ പോലെ നിലയുറപ്പി ച്ചിട്ടുണ്ട്. 1 പത്രോസ് 5:8ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്. "നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രു വായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു."

വിശുദ്ധിയുടെ നിയമങ്ങൾ പാലിച്ചുകൊണ്ട് മുന്നോട്ടുപോകു മ്പോൾ, സാത്താൻ നമ്മുടെ മുമ്പിലുണ്ടെന്നുള്ള ബോദ്ധ്യം, അപകട ത്തിൽനിന്ന് നമ്മുടെ ആത്മാവിനെ രക്ഷിക്കാൻ സഹായകരമാകും. എഫേസോസ് 6:11ലെ തിരുവചനം, മുൻകരുതലെടുക്കാനും സാത്താ നെതിരെ ആയുധങ്ങൾ ധരിക്കാനും നമ്മെ ഉപദേശിക്കുന്നു. "സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ."

www.malankaralibrary.com


ഏതെങ്കിലും കാരണത്താൽ ആത്മാവ് അപകടത്തിൽപെട്ടാൽ അത്യാഹിതവിഭാഗത്തിൽ-കുമ്പസാരക്കൂട്ടിൽ-എത്തിച്ചേരണം; ചികിത്സ സ്വീകരിക്കുകയും വേണം. ആത്മാവിനെ സുഖപ്പെടുത്തുന്ന കുമ്പസാരക്കൂടാകുന്ന അത്യാഹിതവിഭാഗത്തിലെ ഡോക്ടറാണ് ബഹു: വൈദികൻ. അദ്ദേഹം ആത്മാവിന്റെ സൗഖ്യത്തിനുവേണ്ടി, കുമ്പസാര കൂട്ടിൽനിന്ന് സൗഖ്യം പ്രദാനം ചെയ്യും. കുമ്പസാരക്കൂട്ടിൽ നിന്ന് കുറിച്ചു തരുന്ന മരുന്നുകൾ സ്വീകരിക്കണം. പശ്ചാത്താപവും പ്രാർത്ഥനയും കൂദാശകളും സൗഖ്യദായകമായ മരുന്നുകളാണ്; പോഷകപ്രധാനമായ ആഹാരവുമാണ്. അവയൊന്നും ഒരിക്കലും മുടക്കരുത്. അതുവഴി സാത്താനെതിരെ പോരാടാനുള്ള ശക്തിയും ആത്മാവിനെതിരെയുള്ള അപകടങ്ങളെ അതിജീവിക്കാനുള്ള കരുത്തും നമുക്ക് ലഭിക്കും. അങ്ങിനെ ആത്മാവ് അപകടങ്ങളിൽ അകപ്പെടാതിരിക്കാനുള്ള സംരക്ഷണവും നമുക്ക് ലഭിക്കും.

www.malankaralibrary.com

# യേശുവിനോട് ചേർന്നു നിൽക്കുമ്പോൾ

മദർ തെരേസ രോഗികളുടെ അടുത്തേക്ക് സ്നേഹത്തിന്റെ സമൃദ്ധിയുമായി കടന്നുവന്നു. പട്ടിണി കിടക്കുന്നവരുടേയും നിരാലംബരുടേയും ജീവിതത്തിൽ ആശ്വാസമായി, സമാധാനമായി നിറഞ്ഞുനിന്നു. ആ ശുശ്രൂഷകളിലേക്ക് ഇറങ്ങിചെല്ലാൻ മദർ തെരേസക്ക് പ്രേരണയും പ്രോത്സാഹനവുമായി തീർന്നത് യേശുക്രിസ്തുവാണല്ലോ.

പാപികളെ തേടി വന്ന യേശുനാഥൻ, രോഗികളേയും ദരിദ്രന്മാരേയും കൂടി അന്വേഷിച്ചിറങ്ങി. മറ്റു പലയിടങ്ങളിലുമെന്നപോലെ ബെത്സെയ്ദ കുളക്കടവിലും യേശുതമ്പുരാൻ വന്നു. ബെത്സെയ്ദ കുളക്കടവ് രോഗികളുടെ കേന്ദ്രമാണെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് കർത്താവ് അവിടേക്ക് വന്നത്. മുപ്പത്തിയെട്ടുവർഷത്തോളം തളർവാത രോഗിയായി കഴിഞ്ഞിരുന്ന ഒരാളെ ബെദ്സെയ്ദ കുളക്കടവിൽവച്ച് കർത്താവ് കണ്ടുമുട്ടി. അവിടെ അവൻ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളുകളായി കിടപ്പിലാണെന്ന് അറിഞ്ഞ യേശു ചോദിച്ചു "സുഖം പ്രാപിക്കാൻ നിനക്കാഗ്രഹമുണ്ടോ?" (യോഹന്നാൻ 5:6). രോഗിയുടെ മറുപടി കേട്ടതിനുശേഷം കർത്താവ് പറഞ്ഞു "എഴുന്നേറ്റ് കിടക്കയുമെടുത്ത് നടക്കുക". അവൻ തൽക്ഷണം സുഖം പ്രാപിച്ച് കിടക്കയുമെടുത്ത് നടന്നു (യോഹന്നാൻ 5:8).

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഈശോനാഥൻ നൽകിയ മാതൃക, നമ്മുടെ കാലഘട്ടത്തിൽ മദർ തെരേസ സ്വീകരിച്ചു; നടപ്പി

ലാക്കി. ആ പുണ്യവതി നമ്മുടെ കൺമുമ്പിൽ സ്വന്തം ജീവിതം കൊണ്ട് പ്രകടമാക്കിയ നന്മനിറഞ്ഞ വിസ്മയം നമ്മുടെ ഹൃദയത്തെ സ്പർശിക്കണം; നമ്മെ ചലിപ്പിക്കണം. നമുക്ക് ഒരു യേശുക്രിസ്തുവായിത്തീരാൻ കഴിയുമോ? മറ്റൊരു ക്രിസ്തു ആയിത്തീരാനാണ് നാം വിളിക്കപ്പെട്ടത്.

മദർ തെരേസയെ അനുകരിക്കാനെങ്കിലും നമുക്ക് കഴിയേണ്ടതല്ലേ? ബെത്സെയ്ദ കുളക്കടവും കൽക്കട്ടയിലെ ദുരിതപൂർണ്ണമായിരുന്ന തെരുവോരങ്ങളും ഇപ്പോഴും നാം ജീവിക്കുന്ന സമൂഹത്തിലും കാണാൻ കഴിയും. അന്വേഷിച്ചിറങ്ങാൻ നാം മനസ്സുവെക്കണമെന്ന് മാത്രം. മറ്റുള്ളവർക്ക് ഒരു ചെറിയ കൈത്താങ്ങായി മാറാൻ നമുക്ക് സാധിക്കണം. ഒഴിവാക്കാൻ പാടില്ലാത്ത പ്രതിബദ്ധതയായി നാം അത് ഏറ്റെടുക്കണം. അപ്പോഴാണ് കത്തോലിക്കരെന്ന് വിളിക്കപ്പെടാൻ നമുക്ക് അർഹത ലഭിക്കുന്നത്. കത്തോലിക്കനാവുകയെന്നത് അഭിമാനകരമായൊരു നേട്ടമാണ്. അതിനുവേണ്ടി കഠിനമായ പ്രയത്നം ആവശ്യമാണ്. കർത്താവിനോട് ചേർന്നുനിൽക്കുമ്പോൾ അത് നിഷ്പ്രയാസം സാധിക്കും.

www.malankaralibrary.com



# “അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ....”

യേശു മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയൊരു ജനക്കൂട്ടം അവനെ അനുഗമിച്ചു. അപ്പോഴാണ് ഒരു കുഷ്ഠരോഗി അടുത്ത് വന്ന് താണുവണങ്ങി പറഞ്ഞത്: “കർത്താവേ, അങ്ങേയ്ക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും” (മത്താ 8:2) “ഉവ്വ്, എനിക്ക് മനസ്സുണ്ട്” കർത്താവ് സ്നേഹപൂർവ്വം കുഷ്ഠരോഗിയോട് പറഞ്ഞു. കൈനീട്ടി അയാളെ തൊട്ടുകൊണ്ട് കൽപ്പിച്ചരുളി “നിനക്ക് ശുദ്ധിവരട്ടെ” തൽക്ഷണം കുഷ്ഠം മാറി; അവന് ശുദ്ധിവന്നു (മത്തായി 8:3).

യേശുവിന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന യഹൂദനിയമപ്രകാരം, കുഷ്ഠരോഗി മറ്റുള്ളവരിൽനിന്ന് അകലം പാലിച്ചുനിൽക്കണം. അന്നത്തെ സാമൂഹ്യനീതി അനുസരിച്ച് കുഷ്ഠരോഗിയ്ക്ക് സിനഗോഗിൽ പ്രവേശിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല.

കുഷ്ഠരോഗി ഈ നിയമങ്ങൾ ലംഘിച്ചാൽ യഹൂദർ കല്ലെറിഞ്ഞു കൊല്ലാനും സാധ്യതയുണ്ടായിരുന്നു. നസ്രായനായ യേശുവിന്റെ തിരുസാന്നിധ്യത്തിലേക്ക് കടന്നുവരാൻ ഈ നിരോധനങ്ങളൊന്നും തടസ്സമായില്ല. യേശുവിനോടൊപ്പം ഉണ്ടായിരുന്ന വലിയ ജനക്കൂട്ടത്തിന്റെ ഭീഷണിയോ ക്രോധമോ കുഷ്ഠരോഗി പരിഗണിച്ചില്ല. യേശുവിന്റെ തിരുമുമ്പിൽ ധൈര്യപൂർവ്വം വിശ്വാസത്തോടുകൂടി സൗഖ്യത്തിനു

www.malankaralibrary.com


വേണ്ടി അയാൾ യാചിച്ചു. കൈനീട്ടി കുഷ്ഠരോഗിയെ സ്പർശിച്ചുകൊണ്ടാണ് കർത്താവ് സുഖപ്പെടുത്തിയത്.

കുഷ്ഠരോഗിയേയും ശവശരീരത്തേയും തൊട്ടാൽ അശുദ്ധമാകും എന്ന വിശ്വാസത്തിലായിരുന്നു യഹൂദർ. ശവശരീരത്തേയും കുഷ്ഠരോഗിയേയും ഒന്നുപോലെ കണ്ടിരുന്ന യഹൂദരുടെ വിശ്വാസവും നിയമവും യേശു തള്ളിക്കളഞ്ഞു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും പുതിയൊരു നിയമം യേശു അവിടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു.

യേശുവിന്റെ തിരുസാന്നിധ്യത്തിലേക്ക് കടന്നുവരാൻ കഴിയാത്ത വിധത്തിൽ നിലകൊള്ളുന്ന തടസ്സങ്ങളെല്ലാം തട്ടിത്തെറിപ്പിക്കണം. അങ്ങിനെ കടന്നുവരുന്നവരെ യേശു ഇരുകരങ്ങളും നീട്ടി സ്വീകരിക്കും. അവർക്ക് യേശുവിനെ സ്വന്തമാക്കാം; യേശുവിന്റെ സ്വന്തമാകാം.

നാമിന്ന് ജീവിക്കുന്ന സാഹചര്യത്തിൽ ലൗകികമോഹങ്ങൾ തടസം സൃഷ്ടിക്കുമ്പോൾ, അത് വലിച്ചെറിഞ്ഞ് യേശുവിന്റെ തൃപ്പാദത്തിൽ എത്തിച്ചേരുന്നവരെ അവിടുന്ന് സ്വീകരിക്കുന്നു; സംരക്ഷിക്കുന്നു. കുഷ്ഠരോഗി ശാരീരികമായി മാത്രമല്ല, ആത്മീയമായും സൗഖ്യം നേടി. യേശു അയാളിലും അയാൾ യേശുവിലും നിറഞ്ഞുനിന്നു. നമ്മെ സൗഖ്യമാക്കാനും വിശുദ്ധീകരിക്കാനും യേശുവിന് മനസ്സുണ്ട്; യേശുവിനെ സ്വീകരിക്കാനുള്ള മനസ്സ് നമുക്കുണ്ടാകണമെന്നതാണ് പരമപ്രധാനം.

www.malankaralibrary.com

# പൊട്ടാത്ത പാറകൾ

ഞങ്ങളുടെ അയൽപക്കത്ത് പുതിയൊരു വീട്ടുകാർ വന്ന വീട് വയ്ക്കാൻ പോവുകയാണ്. വീടിന്റെ അടിത്തറ പണിയാനുള്ള ശ്രമങ്ങൾ നടക്കുന്നത് ഞാൻ കണ്ടു. പാറ പണിക്കാരൻ കരിങ്കല്ല് പൊട്ടിച്ച് കഷ്ണങ്ങളാക്കാനുള്ള അദ്ധ്വാനത്തിലാണ്. അയാൾ പല പ്രാവശ്യം കൂടംകൊണ്ടടിക്കുന്നത് ഞാൻ നോക്കിനിന്നു. അയാളുടെ കൈകളിലെ കൂടംകൊണ്ട് ആ പാറ പൊട്ടിക്കാൻ കഴിയുകയില്ലെന്ന് എനിക്ക് തോന്നി. പക്ഷെ, പണിക്കാരന് ഒരു സംശയവുമില്ല. അയാളുടെ മനസ്സിലും മുഖത്തും ശങ്കയൊന്നുമില്ല. എത്ര തവണ അടിക്കേണ്ടിവന്നാലും പാറ പൊട്ടിച്ചേ അടങ്ങൂ എന്ന നിർബന്ധം അയാളുടെ അദ്ധ്വാനത്തിൽ നിന്ന് മനസ്സിലാകുന്നുണ്ട്.

തുടർച്ചയായ പ്രഹരം നൽകി അയാൾ പാറ, കഷ്ണങ്ങളാക്കി മാറ്റി.

അയാളുടെ മുഖത്തും കൈകളിലും കരിങ്കൽ കഷ്ണങ്ങളിലും നോക്കിനിന്നപ്പോൾ എന്റെ മനസ്സിലേക്ക് ഒരു ചിന്ത കടന്നുവന്നു. പൊട്ടാത്ത പാറകൾ നമ്മുടെ ജീവിതത്തിലുമുണ്ട്. ആദ്യത്തേത് പാറ പോലെയുള്ള നമ്മുടെ ഹൃദയം തന്നെ. അത്-കഠിനഹൃദയം-പൊട്ടിച്ച് മാംസളഹൃദയമാക്കണം. രണ്ടാമത്തേത്, നമ്മുടെ ജീവിതത്തിൽ പാറ പോലെ ഉയർന്നുനിൽക്കുന്ന, പരിഹാരിക്കാനാവാത്ത പ്രശ്നങ്ങളാണ്.

www.malankaralibrary.com


ഹൃദയമാകുന്ന പാറയും പ്രശ്നങ്ങളാകുന്ന പാറയും നമുക്ക് പൊട്ടിക്കാനാകും.

പ്രാർത്ഥനയെന്ന കൂടംകൊണ്ടാണ് അടിച്ചുപൊട്ടിക്കേണ്ടത്. നിരന്തരമായ പ്രാർത്ഥന; ശക്തമായ പ്രാർത്ഥന. അതിന്റെ മുമ്പിൽ തകർന്ന് വീഴാത്ത പ്രശ്നങ്ങളില്ല, ഉടയാത്ത ഹൃദയങ്ങളില്ല. പ്രാർത്ഥന ശക്തമായൊരു ആയുധമാണ്. കർത്താവ് അരുളിച്ചെയ്യുന്നു. "പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നതെന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും" (മർക്കോസ് 11:24).

www.malankaralibrary.com

# പോരാട്ടം തുടരുക

തിന്മയിലേക്ക് ചാഞ്ഞ് നിൽക്കുന്ന മനസ്സിന്റെ ഉടമയാണല്ലോ മനുഷ്യൻ. അതുകൊണ്ട് തന്നെ മനുഷ്യനെ തിന്മയിലേക്ക് വലിച്ചിഴക്കാൻ സാത്താന് എളുപ്പത്തിൽ സാധിക്കുന്നു. വളരെ വേഗത്തിൽ മനുഷ്യൻ പാപത്തിന്റെ-സാത്താന്റെ-അടിമയായി തീരുന്നു. ഓരോ നിമിഷത്തിലും പ്രലോഭനങ്ങളുമായി പിശാച് നമ്മുടെ മുമ്പിലേക്ക് വരുന്നുണ്ട്. യേശു ക്രിസ്തുവിനെപോലും പ്രലോഭനങ്ങൾ നൽകി തട്ടി താഴെയിടാൻ അവൻ ശ്രമിച്ചു. "പ്രലോഭകൻ-സാത്താൻ-അവനെ സമീപിച്ച് പറഞ്ഞു നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ പറയുക.....നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം (ലോകം മുഴുവനും) നിനക്ക് ഞാൻ നൽകും" (മത്തായി 4:3,10). സാത്താന്റെ പഞ്ചാര വാക്കുകളിൽ മയങ്ങിവീഴാതെ കർത്താവ് അവനെ വിരട്ടി ഓടിച്ചു.

സാത്താൻ നൽകുന്ന പാപമോഹങ്ങളെ മനസ്സിലിട്ട് മനുഷ്യൻ ഓമനിക്കുന്നു. പാപത്തെ മനസ്സിൽനിന്ന് പുറത്ത് ചാടിക്കാൻ മനുഷ്യന് മടിയുണ്ട്. എന്നാൽ പാപചിന്തകൾ മനസ്സിൽ തലപൊക്കുമ്പോൾ വേദനിക്കുന്ന കുറെ മനുഷ്യരുണ്ട്. ആട്ടിയോടിച്ചാലും പിന്നെയും പാപമോഹങ്ങൾ മനസ്സിലേക്ക് തള്ളികയറി വരുന്നു. ഈ ദുഷിച്ച ചിന്തകൾ കടന്നു വരാതിരുന്നെങ്കിൽ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ. തിന്മകളും പാപങ്ങളും നമ്മുടെ മനസിലേക്ക് കടന്ന് വരുന്നില്ലെങ്കിൽ, സാത്താനില്ല;

www.malankaralibrary.com


സാത്താനെതിരായ പോരാട്ടമില്ല. അതുകൊണ്ട് തന്നെ പോരാട്ടത്തിലൂടെ നാം നേടിയെടുക്കേണ്ടതായ വിജയവും നമുക്ക് നഷ്ടമായി തീരും. തിന്മയെ നമ്മുടെ മനസ്സിനുള്ളിലും മനസ്സിനുപുറത്തും പരാജയപ്പെടുത്തുമ്പോ ളാണ് നാം യോഗ്യന്മാരായി തീരുന്നത്.

മനസിലേക്ക് പാപചിന്തകൾ കടന്നുവരാതെ സൂക്ഷിക്കാൻ മനു ഷ്യന് സാധ്യമല്ല. എന്നാൽ മനസ്സിലേക്ക് കടന്നുവരുന്ന പാപചിന്തകളെ തകർത്തുകളയാനുള്ള ശക്തിയാണ് നമുക്കുണ്ടാകേണ്ടത്. സാത്താ നോട് പോരാടാനുള്ള കരുത്ത് നാം ആർജ്ജിക്കണം. പാപചിന്തകൾ മനസ്സി ലേക്ക് കടന്നുവരുമ്പോളല്ല നാം പരാജയപ്പെടുന്നത്, ആ ദുഷിച്ച ചിന്തകളെ നാം സ്നേഹിക്കുകയും മനസ്സിനുള്ളിൽ അവയ്ക്കിടം കൊടുക്കുകയും ചെയ്യുമ്പോൾ, സാത്താൻ നമ്മുടെ മനസ്സിൽ സ്ഥിരതാമസം തുടങ്ങും; അപ്പോൾ നാം പരാജയത്തിലേക്ക് തലകുത്തി വീഴുകയും ചെയ്യും.

തിന്മകളൊന്നും കടന്നുവരാത്ത മനസ്സ് എന്നത് നല്ലൊരു ആശയ മാണ്; നല്ലൊരു സ്വപ്നമാണ്. എന്നാൽ അത് പ്രായോഗികമല്ല. തിന്മ യോടും പാപത്തിനോടും പോരാടി ജയിക്കുമ്പോളാണ് നാം കർത്താവിന്റെ പടയാളികളായി തീരുന്നത്. പോരാട്ടം നടത്താൻ അവസരം ഉണ്ടാകണം. പോരാട്ടത്തിൽ വിജയിക്കുകയും വേണം. അങ്ങിനെയുള്ളവർക്കുവേണ്ടി യാണ് കർത്താവ് വിജയകിരീടം കരുതിവച്ചിരിക്കുന്നത്. കത്തോലിക്ക രായ നമുക്ക് സാത്താനോട് പോരാടാൻ മൂന്ന് ആയുധങ്ങളുണ്ട്. ഒന്ന്-തിരുവചനങ്ങൾ. രണ്ട്-വിശുദ്ധബലി. മൂന്ന്-ജപമാല. ഒരു കയ്യിൽ വി.ഗ്രന്ഥം, മറുകയ്യിൽ ജപമാല. സാത്താൻ കത്തോലിക്കരെയാണ് ഏറ്റവും കൂടുതൽ ഭയപ്പെടുന്നത്. അവരുടെ കയ്യിലാണ് ഏറ്റവും കൂടുതൽ ആയുധ ങ്ങളുള്ളത്. ശത്രുവിനെതിരെ പടപൊരുതാൻ ആയുധങ്ങൾ ആവശ്യമാ ണല്ലോ. കത്തോലിക്കർക്ക് ഒരേയൊരു ശത്രു മാത്രമെയുള്ളൂ- സാത്താൻ. അവനെതിരെ പോരാടുക; പോരാട്ടം ശക്തമാക്കുക.

www.malankaralibrary.com

# സാത്താന്റെ പെട്ടി

ആദ്ധ്യാത്മിക രംഗത്ത് പ്രവർത്തിക്കുന്ന ആചാര്യന്മാർ പറഞ്ഞു "ടി.വി. സാത്താന്റെ പെട്ടിയാണ്." മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവർ പറഞ്ഞു: "ടി.വി. വിഡ്ഢികളുടെ പെട്ടിയാണ്". വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടിയുള്ളതാണ് ടി.വി. എന്ന് എല്ലാവരും വിശ്വസിക്കുന്നു. ടി.വി. പലപ്പോഴും മോഹിപ്പിക്കുന്ന ഒരു വിഷക്കനിയാണ്.

ദൈവം വിലക്കിയ പഴം കണ്ടപ്പോൾ, ആ പഴത്തെക്കുറിച്ച് കേട്ടപ്പോൾ ഹവ്വയ്ക്ക് കൊതി തോന്നി. "പഴം ആസ്വാദ്യവും കണ്ണിന് കൗതുകകരവും അറിവ് നേടാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്ന് കണ്ട് അവൾ അത് പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു" (ഉല്പത്തി 3:6). ഹവ്വയെപ്പോലെ ചിലർ പറയുന്നു: "ടി.വി. കണ്ണിന് കൗതുകകരമാണ്". മറ്റു ചിലർ പറയുന്നു. "ടി.വി. അറിവ് നൽകുന്നു." സൂക്ഷിച്ചില്ലെങ്കിൽ ഹവ്വയെപ്പോലെ അപകടത്തിൽ ചെന്ന് ചാടും. ടി.വി. യിൽനിന്ന് കിട്ടുന്നത് വളരെ സൂക്ഷിച്ചുമാത്രമേ സ്വീകരിക്കാവൂ.

കുറച്ചു വർഷങ്ങൾക്കുമുമ്പ് അമേരിക്കയിലെ കന്യാസ്ത്രീകൾ ഒരു കാര്യം വെളിപ്പെടുത്തി. "ഞങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിനെതിരെ വെല്ലുവിളികൾ ഉയർത്തുന്ന പരിപാടികളാണ് ടി.വി.യിൽ അവതരിപ്പിക്കുന്നത്." അങ്ങിനെയാണെങ്കിൽ സാധാരണക്കാരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ജഡികരായി ജീവി

ക്കുന്നവർക്ക് ടി.വി. പരിപാടികൾ രസകരമായി തോന്നും. റോമ 8/5-ൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്. "ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സുവെയ്ക്കുന്നു. ആത്മീയരായി ജീവിക്കുന്നവരാകട്ടെ ആത്മീയകാര്യങ്ങളിൽ മനസ്സ് വെക്കുന്നു".

ടി.വി., പൗരന്റെ വികാരവിചാരങ്ങളെ വിശുദ്ധീകരിക്കുന്ന പരിപാടികൾക്ക് പ്രാധാന്യം നൽകുന്നില്ല. വിഷം കലർത്തിയ വിഭവങ്ങളാണ് ടി.വി. വിളമ്പി തരുന്നത്. "കുടുംബകഥ" എന്ന ഓമനപ്പേരിലാണ് ദൃശ്യമാധ്യമക്കാർ സീരിയലുകളും സിനിമയും ഒരുക്കുന്നത്. എന്നാൽ നമ്മുടെ ജീവിതരീതികൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതാണ് അവർ അവതരിപ്പിക്കുന്നത്. ജനങ്ങളെ വികാരം കൊള്ളിക്കുന്ന പരിപാടികളാണ് ടി.വി.-സിനിമാപ്രവർത്തകർക്ക് നൽകാനുള്ളത്. പ്രഭാഷകൻ പറയുന്നു: "വികാരംകൊണ്ട് ജ്വലിക്കുന്ന ഹൃദയം ആളുന്ന തീപോലെയാണ്; ജീവിതം പൂർണ്ണമായി നശിപ്പിക്കുന്നതുവരെ അത് അടങ്ങുകയില്ല." (പ്രഭാഷകൻ 23:16).

സ്നേഹത്തിലും സാഹോദര്യത്തിലും വിശുദ്ധിയിലും നിലനിൽക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങൾ ടി.വി.യിൽ ഉൾപ്പെടുത്തണം. പ്രതികാരം ചെയ്യാൻ പ്രേരിപ്പിക്കുന്ന പരിപാടികൾ ടി.വി.യിലും സിനിമയിലും പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രതികാരം ചെയ്യുകയും പ്രതികാരം ചെയ്യാൻ അനുയായികളെ പ്രേരിപ്പിക്കുകയും ചെയ്യുന്ന മതങ്ങൾ നമ്മുടെ നാട്ടിലുണ്ടല്ലോ. ഈ മതങ്ങളും ദൃശ്യമാധ്യമങ്ങളും കൂടി സാത്താന്റെ ചിന്തകളാണ് പ്രചരിപ്പിക്കുന്നത്.

വ്യഭിചാരവും കൊലപാതകവും പാപമായി കാണാൻ വരുംതലമുറകൾക്ക് സാധിക്കുമോ? കൊള്ളയും തട്ടിപ്പും വഞ്ചനയും തിന്മയാണെന്ന് അവർ തിരിച്ചറിയുമോ? ആദ്ധ്യാത്മികതയിൽ നിന്നും ധാർമ്മിക മൂല്യങ്ങളിൽനിന്നും അകന്നുപോകുന്ന യുവജനങ്ങൾ രാഷ്ട്രത്തിന്റെ തകർച്ചക്ക് കാരണക്കാരായി മാറും.

വ്യഭിചാരത്തിന്റേയും കൊലപാതകത്തിന്റേയും കഥകൾ പ്രത്യക്ഷപ്പെടുന്ന മിനി സ്ക്രീനിൽ യേശുവിന്റെ പ്രബോധനങ്ങൾക്ക് സ്ഥാനം ലഭിക്കണം. യേശുവിന്റെ ക്ഷമിക്കുന്ന സ്നേഹം ടി.വി.യിലൂടെ പ്രഘോഷിക്കപ്പെടണം. വിശ്വാസത്തേയും വിശുദ്ധിയേയും കുറിച്ചുള്ള യേശു

www.malankaralibrary.com


വിന്റെ പ്രബോധനങ്ങൾ ഓരോ പൗരന്റേയും ആത്മാവിലേക്ക് കടന്നു ചെല്ലണം. അതിനു സഹായിക്കുന്ന പ്രവർത്തനങ്ങൾ കത്തോലിക്കാ സമൂഹം ആവിഷ്ക്കരിക്കണം. ശാലോം ടി.വി.യും ഗുഡ്നെസ് ടി.വി.യും നമുക്ക് ആശ്വാസം നൽകുന്നുണ്ട്.

സത്യവും നീതിയും നടപ്പിലാക്കാൻ അക്രമത്തിന്റെ മാർഗം സ്വീകരിക്കാം എന്ന ആശയം ദൃശ്യമാധ്യമങ്ങളിൽനിന്ന് നമ്മുടെ കുട്ടികളുടെ മനസ്സിലേക്ക് കടന്നുവരുന്നു. ടി.വി. കുട്ടികളുടെ മനസ്സിലേക്ക് കടത്തിവിടുന്ന വിഷം തടയണമെങ്കിൽ മാതാപിതാക്കളും പ്രായമായവരും ശ്രദ്ധിക്കണം. അവരുടെ പഠനത്തേയും ഈശോയിലുള്ള വിശ്വാസത്തേയും തകർക്കുന്ന വിധത്തിലായിരിക്കരുത് നമ്മുടെ ആസ്വാദനം. ടി.വി. വീട്ടിലുണ്ടെങ്കിലും കുട്ടികളെ പ്രതി ടി.വി. പ്രവർത്തിപ്പിക്കാതെ പൂർണ്ണമായും ഒഴിഞ്ഞു മാറി നിൽക്കുന്ന മാതാപിതാക്കളുണ്ട്. ടി.വി.യിലൂടെ സാത്താൻ നമ്മുടെ കുട്ടികളുടെ കൊച്ചുമനസ്സിലേക്ക് കടന്നുവരും. സാത്താന്റെ വഴികൾ അടച്ചിടുക. ടി.വി.യിലെ എല്ലാ പരിപാടികളും ഒഴിവാക്കുക എന്നല്ല ഉദ്ദേശിക്കുന്നത്. നമ്മുടെ കുട്ടികൾക്ക് നന്മ ലഭിക്കുന്നവ ഏതെന്ന് മനസ്സിലാക്കി അവ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

www.malankaralibrary.com

# അത്യാഗ്രഹങ്ങളിൽനിന്ന് അകന്നുനിൽക്കാം

ആന്റണിയുടെ മനസ്സിൽ കുറച്ചുനാളുകളായി നിറഞ്ഞുനിന്നിരുന്ന ഒരു ആഗ്രഹമുണ്ടായിരുന്നു. അക്കാര്യം അയാൾ തന്റെ ഭാര്യയുമായി പങ്കുവച്ചു: “മേരീ, നമുക്കൊരു കാർ വാങ്ങണം. കുറച്ചു പണം നമ്മുടെ കയ്യിലുണ്ടല്ലോ. ബാക്കി തുക ലോൺ കിട്ടും. എന്താ നിന്റെ അഭിപ്രായം?” മേരി ഒരു പുഞ്ചിരിയോടുകൂടി ഭർത്താവിനോട് പറഞ്ഞു: “ചേട്ടാ, നമുക്കിപ്പോൾ ഒരു കാറിന്റെ ആവശ്യമില്ലല്ലോ. ഒരു കാര്യം ഞാൻ പറയട്ടെ, സാത്താൻ നമ്മളെ വഴിതെറ്റിക്കാൻ നോക്കും. വളരെ ജാഗ്രതയോടെ നാം മുന്നോട്ട് പോണം. അത്യാഗ്രഹങ്ങൾ സാത്താന്റെ കെണികളാണ്.” മേരി ഒരു തിരുവചനം ഭർത്താവിന്റെ ഓർമയിലേക്ക് കൊണ്ടുവന്നു: “ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്.” (ലൂക്കാ 12:15). മേരി തുടർന്നു പറഞ്ഞു: “ഒരു വാഹനം യഥാർത്ഥത്തിൽ നമുക്ക് ഭാരമായിരിക്കും. പെട്രോളടിക്കാൻ പണം കണ്ടെത്തണം. മെയ്ന്റനൻസ് നടത്താനും പണം വേണം. അതിനുള്ള വരുമാനമൊന്നും നമുക്കില്ലല്ലോ. നവീകരണത്തിലേക്ക് കടന്നുവന്ന നമ്മൾ പൊങ്ങച്ചോം പണക്കൊതീം ഉപേക്ഷിക്കണം; അതാണ് കർത്താവിന് ഇഷ്ടം. കടബാധ്യതകൾ ഉണ്ടാക്കിവയ്ക്കുന്നത് നല്ലതല്ല.” ഭാര്യ പറഞ്ഞത് മുഴുവൻ ആന്റണി നിശബ്ദനായി കേട്ടുകൊണ്ടിരുന്നു. മേരി പറഞ്ഞു: “പണവും കാറും സമ്പത്തൊന്നുമല്ല നമുക്ക് വേണ്ടത്; സ്വർഗത്തിലൊരിടമാണ് നമുക്ക് വേണ്ടത്; അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com


ആന്റണി പറഞ്ഞു: "തെക്കേതിലെ തോമസിനും വടക്കേതിലെ ജോണിക്കും കാറുണ്ടല്ലോ. നമുക്കും ഒരു കാർ അത്യാവശ്യമാണെന്ന് എനിക്ക് തോന്നി." ചില യാഥാർത്ഥ്യങ്ങൾ വിനയപൂർവ്വം ഓർമപ്പെടുത്തിക്കൊണ്ട് മേരി പറഞ്ഞു: "കാർ വാങ്ങാനുള്ള പണവും വരുമാനവുമൊന്നും നമുക്കില്ലല്ലോ. ചേട്ടനൊരു ജോലിയുണ്ട്. അതുകൊണ്ട് ജീവിച്ചു പോകാം. നമുക്ക് വലിയ ബാങ്ക് ബാലൻസൊന്നുമില്ല. മക്കളെ പഠിപ്പിക്കണം. അവരുടെ വിവാഹം നടത്തണം. പണം ചിലവാക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. പൊങ്ങച്ചോം കടബാധ്യതകളും നമുക്ക് വേണ്ട," ആന്റണി മേരി പറഞ്ഞതിനോട് പൂർണ്ണമായും യോജിച്ചു. ഭർത്താവിനെ വേദനിപ്പിക്കാതെ മേരി ഒരു കാര്യം കൂടി പറഞ്ഞു: "നമ്മൾ ദിവസം തോറും കുർബാനയിൽ പങ്കെടുക്കുന്നു. രാവിലെയും വൈകുന്നേരവും നമ്മൾ പ്രാർത്ഥിക്കുന്നു. എന്നിട്ടും നമ്മുടെ ഹൃദയത്തിൽ അത്യാഗ്രഹങ്ങളാണ് നിറഞ്ഞുനിൽക്കുന്നതെങ്കിൽ നവീകരണം കൊണ്ട് എന്ത് പ്രയോജനമുണ്ടായി? പ്രാർത്ഥന കൊണ്ട് നമ്മൾ നമ്മളെത്തന്നെ വിശുദ്ധീകരിക്കണം. പലപ്പോഴും നമ്മുടെ പ്രാർത്ഥന അത്യാഗ്രഹങ്ങൾ നിറവേറ്റാനുള്ള യാചനകളായി മാറുന്നു."

ഒരബദ്ധം പറ്റിപ്പോയി. "ആന്റണി പറഞ്ഞു. അതിനിടയിൽ മേരി വീണ്ടും സംസാരിച്ചു. "നമുക്കൊരുമിച്ച് കർത്താവിനോട് മാപ്പ് ചോദിക്യാം. അത്യാഗ്രഹങ്ങളിൽനിന്ന് അകന്നുനിന്നുകൊണ്ട് നമ്മുടെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കാം; ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കാം.

ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള മേരിയുടെ ചിന്തകൾ ആന്റണി ഹൃദയത്തിൽ സ്വീകരിച്ചു. അവസാനം ആന്റണി പറഞ്ഞു: "നീ പറഞ്ഞതൊക്കെ ശര്യാണ്. ഞാനീ അത്യാഗ്രഹങ്ങളൊക്കെ ഉപേക്ഷിക്കുന്നു." ആന്റണി കർത്താവിനോട് മാപ്പ് ചോദിച്ചുകൊണ്ട് അൽപ്പനേരം മേരിയോടൊപ്പം പ്രാർത്ഥിച്ചു.

www.malankaralibrary.com

# തിരുവചനങ്ങൾ തീനാളങ്ങൾ

**ബൈ**ബിളിലൂടെ ദൈവം അരുൾചെയ്ത തിരുവചനങ്ങൾ നമ്മുടെ ജീവിതത്തിന്റെ സർവസ്വവുമാണ്. അവ നമ്മെ നട്ടുവളർത്തുകയും പണിതുയർത്തുകയും ചെയ്യുന്നു. തിരുവചനങ്ങൾ നമ്മുടെ ആത്മാവിനെ പരിപോഷിപ്പിക്കുന്ന പോഷകമൂല്യമുള്ള ആഹാരവുമാണ്. ജീവൻ നൽകാനും ജീവൻ നിലനിർത്താനുമുള്ള ശക്തി തിരുവചനങ്ങൾക്കുണ്ട്. ബൈബിൾ ഇങ്ങനെ പ്രഘോഷിക്കുന്നു. “മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്” (മത്തായി 4:4).

ആത്മാവിനെയും മനസ്സിനെയും ശരീരത്തെയും സുഖപ്പെടുത്തുന്ന അമൂല്യമായ ഔഷധമാണ് തിരുവചനങ്ങൾ. തിരുവചനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു “എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്” (ജ്ഞാനം 16:12). നമുക്ക് സൗഖ്യം നൽകാൻ കഴിവുള്ള തിരുവചനങ്ങൾക്ക് നമ്മെ വിശുദ്ധീകരിക്കാനും ശക്തിയുണ്ട്. യേശുനാഥൻ ഇങ്ങനെ അരുൾചെയ്യുന്നു” ഞാൻ നിങ്ങളോട് പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു”. (യോഹന്നാൻ 15:3) തിരുവചനങ്ങൾ എപ്പോഴും നമ്മുടെ ഹൃദയത്തിലുണ്ടായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ അധരങ്ങളിലൂടെ സഹോദരന്റെ ഹൃദയത്തിലേക്ക് തിരുവചനങ്ങൾ കടന്നുചെല്ലണം. അങ്ങിനെ സഹോദരനെ ശക്തിപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും

www.malankaralibrary.com


വേണം. അതിനാണ് നമ്മുടെ ഹൃദയങ്ങളിൽ കർത്താവ് തിരുവചനങ്ങൾ നിക്ഷേപിച്ചിരിക്കുന്നത്. തിരുവചനങ്ങളിലൂടെ കർത്താവ് തന്റെ ആഗ്രഹം വെളിപ്പെടുത്തി. "അങ്ങിനെ കർത്താവിന്റെ നിയമം-തിരുവചനം-എപ്പോഴും നിന്റെ അധരത്തിൽ ഉണ്ടായിരിക്കട്ടെ" (പുറ. 13:9).

കർത്താവ് നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന തിരുവചനങ്ങൾ അനേകം തലമുറകളിലൂടെ കൈമാറി എന്നും നിലനിൽക്കുമെന്ന് അവിടുന്ന് ഉറപ്പ് തരുന്നു. "നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിന്റേയോ നിന്റെ സന്താനങ്ങളുടേയോ അവരുടെ സന്താനങ്ങളുടേയോ അധരങ്ങളിൽ നിന്ന് ഇനി ഒരിക്കലും അകന്ന് പോവുകയില്ല. കർത്താവാണ് ഇത് അരുൾചെയ്യുന്നത്" (ഏശയ്യ 59:21).

നമ്മുടെ ജീവിതത്തിലാകെ വെളിച്ചം പകർന്ന് നൽകാൻ ശക്തിയുള്ളവയാണ് തിരുവചനങ്ങൾ. നമ്മുടെ ജീവിതത്തിൽ നിന്ന് അന്ധകാരം അകറ്റുന്ന തീനാളങ്ങളായി തിരുവചനം ജ്വലിച്ചുനിൽക്കുന്നു. സങ്കീർത്തകൻ ഇങ്ങനെ പ്രഘോഷിക്കുന്നു "അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീർത്തനം 119:105).

www.malankaralibrary.com

# ഉയിർത്തെഴുന്നേൽപ്പിന്റെ വാഗ്ദാനം

മരണത്തിൽനിന്നുള്ള കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് വലിയൊരു വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. പാപത്തിന്റേയും തിന്മയുടേയും മേലുള്ള വിജയമാണത്. എന്നാൽ പാപത്തെ മാത്രം തോല്പിച്ചുകൊണ്ട് മനുഷ്യവർഗത്തിനു മുന്നോട്ടുപോകാൻ കഴിയുകയില്ല. പാപത്തോടൊപ്പം പട്ടിണിയെയും ദാരിദ്ര്യത്തെയും തോൽപ്പിക്കണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ പട്ടിണിയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ഒരു ഉയിർത്തെഴുന്നേൽപ്പ് ആവശ്യമാണ്. അതുപോലെ രോഗങ്ങളിൽനിന്നും മറ്റു തകർച്ചകളിൽ നിന്നും മനുഷ്യൻ മോചനം പ്രതീക്ഷിക്കുന്നു.

"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" (മത്തായി 4:4). ഭക്ഷണം വേണ്ടായെന്നല്ലല്ലോ കർത്താവ് ഇവിടെ അർത്ഥ മാക്കുന്നത്. ദൈവത്തിന്റെ തിരുവചനങ്ങളോടൊപ്പം മനുഷ്യന് ഭക്ഷണം ആവശ്യമാണെന്ന് കർത്താവ് വ്യക്തമാക്കുന്നു. അതുകൊണ്ടാണ് തിരുവചനങ്ങൾ ശ്രവിക്കുവാൻ വന്നു കൂടിയ ജനങ്ങളെ നോക്കിക്കൊണ്ട് അവിടുന്ന് ഇങ്ങനെ പറഞ്ഞത് "ഈ ജനകൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. ഇവർ മൂന്ന് ദിവസമായി എന്നോടുകൂടെയാണ്. അവർക്ക് ഭക്ഷിക്കാനൊന്നുമില്ല. അവരെ വിശപ്പോടെ വീട്ടിലേക്ക് പറഞ്ഞയച്ചാൽ വഴിയിൽ തളർന്നുവീണേക്കും" (മർക്കോസ് 8:2). ശിഷ്യന്മാരുടെ പക്കൽനിന്നു ലഭിച്ച ഏഴപ്പം എടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് മുറിച്ച്

www.malankaralibrary.com


ജനങ്ങൾക്കു വിളമ്പാൻ ശിഷ്യരെ ഏല്പിച്ചു. അവരത് ജനങ്ങൾക്കു വിളമ്പി. ജനം ഭക്ഷിച്ചു തൃപ്തരായി.

തിരുവചനങ്ങൾ കേൾക്കാനും ഉൾക്കൊള്ളാനും ആർത്തിയോടെ ഓടികൂടിയ ജനങ്ങൾക്ക് യേശുനാഥൻ ഭക്ഷണവും രോഗസൗഖ്യവും നൽകി. മനുഷ്യന് തിരുവചനങ്ങൾ മാത്രം മതിയെന്നല്ല കർത്താവ് പറഞ്ഞത്. ജനങ്ങൾക്ക് ആഹാരവും രോഗശാന്തിയും നൽകാൻ കർത്താവ് തയ്യാറായെങ്കിൽ, ആ യേശുവിനെ പ്രഘോഷിക്കുവാൻ നാം മടിച്ചുനിൽക്കേണ്ട കാര്യമില്ല. പട്ടിണി കിടക്കാത്തവരും രോഗദുരിതങ്ങൾ അനുഭവിക്കാത്തവരും സഹനങ്ങൾ ഏറ്റെടുക്കണമെന്ന് പ്രസംഗിക്കുന്നതിൽ ആത്മാർത്ഥതയില്ല. ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന സാധാരണ ജനങ്ങളുടെ ആധ്യാത്മികനിലവാരം യേശുവിന്റെ കാലഘട്ടത്തേക്കാൾ കൂടുതലായി വളർന്നിട്ടുണ്ടെന്ന് തോന്നുന്നുണ്ടോ? അവർക്ക് ആശ്വസിക്കുവാനും സമാധാനിക്കുവാനും പ്രത്യാശിക്കുവാനും കഴിയുന്നവിധത്തിലായിരിക്കണം നമ്മുടെ വചനപ്രഘോഷണം. സാധാരണക്കാരായ ജനങ്ങളോട് കാരുണ്യം പ്രകടിപ്പിക്കുവാൻ കഴിയുന്നവിധത്തിൽ അനുകമ്പയുള്ളവനാണ് കർത്താവ്. ആ കർത്താവിനെയാണ് ജനങ്ങൾക്കു നൽകേണ്ടത്. ഈസ്റ്റർദിനം പുതിയൊരു പ്രത്യാശ സാധാരണ ജനങ്ങൾക്കു നൽകാൻ കത്തോലിക്കർക്ക് സാധിക്കുമാറാകട്ടെ.

ഈസ്റ്റർ ആധ്യാത്മികമായ ഉത്ഥാനത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ആഘോഷപരിപാടികൾ മാത്രമായി മാറരുത്. പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളും ദുർമരണങ്ങളും സാമ്പത്തിക ത്തകർച്ചകളും ഒഴിവാക്കാൻ ശക്തിയുള്ള യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പായിത്തീരട്ടെ.

www.malankaralibrary.com

# മരണം വന്നു വിളിക്കുമ്പോൾ

മരണത്തെ ഭയപ്പെടാത്തവരായി ആരും ഉണ്ടാവുകയില്ല എന്നാണ് ബഹുഭൂരിപക്ഷം ജനങ്ങളുടേയും വിശ്വാസം. എന്നാൽ മരണത്തെ സന്തോഷപൂർവം സ്വാഗതം ചെയ്യാൻ ഒരുങ്ങിനിൽക്കുന്ന വിശ്വാസികൾ ധാരാളമുണ്ട്. മരണത്തെ സ്വർഗരാജ്യത്തിലേക്കുള്ള കവാടമായി അവർ കാണുന്നു.

മരണത്തെ ഭയപ്പെടുന്നുവെങ്കിൽ അതിനർത്ഥം ദൈവത്തെ നാം സ്നേഹിക്കുന്നില്ലയെന്നു തന്നെയാണ്. ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ തീർച്ചയായും നാം ഈ ലോകത്തെയാണ് സ്നേഹിക്കുന്നത്. ഈ ലോകത്തെ സ്നേഹിക്കുന്നവർക്ക് മരണം വേദനാജനകമായ ഒരനുഭവമായിരിക്കും. അവർക്ക് മരണത്തെക്കുറിച്ച് ചിന്തിക്കുവാൻ പോലും ധൈര്യമുണ്ടാവുകയില്ല.

ഈ ലോകത്തെ സ്നേഹിക്കുന്നു എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? സാത്താനെ സ്നേഹിക്കുന്നു എന്നാണോ? നാം ജീവിക്കുന്ന ഈ ലോകത്തിൽ ധാരാളമാളുകൾ സാത്താനെ സ്നേഹിക്കുന്നവരും ആരാധിക്കുന്നവരുമാണ്. എന്നാൽ നമ്മുടെ സൃഷ്ടാവും പരിപാലകനുമായ ദൈവം അരുളിച്ചെയ്തിരിക്കുന്നത് നാം ശ്രദ്ധിക്കണം. "ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്നാണ്" അവിടുത്തെ കല്പന (പുറപ്പാട് 20:4). പണത്തിനുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി, അധികാരത്തിനുവേണ്ടി സാത്താനെ സേവിക്കുന്നവർ നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നുണ്ട്. അവർ ശിക്ഷ അനുഭവിക്കേണ്ടിവരും.

www.malankaralibrary.com


സാത്താനെ സ്നേഹിക്കുന്നില്ലെങ്കിലും ദൈവത്തെ സ്നേഹിക്കുവാൻ കഴിയാത്ത വലിയൊരു വിഭാഗമാളുകൾ നമ്മുടെ ഇടയിലുണ്ട്. അവരുടെ ഹൃദയങ്ങളിൽ ജീവിതപങ്കാളികൾക്കും മക്കൾക്കുമാണ് പ്രഥമ സ്ഥാനം. ഭാര്യയിൽനിന്നും മക്കളിൽനിന്നും മരണംമൂലം വേർപിരിയേണ്ടിവരുന്ന ഒരവസ്ഥയെ കുറിച്ച് ഭയാശങ്കകളോടെ മാത്രമെ അവർക്ക് നോക്കികാണാൻ കഴിയൂ. അതുപോലെതന്നെ ഭാര്യയും മക്കളും മരണത്താൽ വേർപിരിയുമ്പോൾ താങ്ങാൻ കഴിയാത്ത ദുഃഖത്തിലേക്ക് അവർ വീണുപോകുന്നു. അവർക്കൊരിക്കലും യഥാർത്ഥമായ ആശ്വാസം കണ്ടെത്താൻ കഴിയുന്നില്ല. ദൈവത്തെ സ്നേഹിക്കാൻ കഴിയാത്തതുകൊണ്ടുള്ള ദുരന്താനുഭവങ്ങളിലേക്കാണ് അവർ ചെന്നുവീഴുന്നത്. തിരുവചനം ഇങ്ങനെ പ്രഘോഷിക്കുന്നു. "എന്നേക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നേക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല (മത്തായി 10:37).

ദൈവത്തിനു പ്രഥമവും പ്രധാനവുമായ സ്ഥാനം ഹൃദയത്തിൽ നൽകണമെന്ന് കല്പിച്ചരുളിയ യേശുനാഥൻ തിരുവചനങ്ങളിലൂടെ ഇങ്ങനെ പ്രഘോഷിക്കുന്നു. "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുക" (മാർക്കോസ് 12:30). വിശുദ്ധി നിറഞ്ഞ ജീവിതം നയിക്കുവാൻ നമുക്കു മനസ്സുണ്ടെങ്കിൽ ദൈവത്തെ സ്നേഹിക്കാതിരിക്കുവാൻ കഴിയുകയില്ല. നമ്മുടെ ചിന്തകളിലും സംസാരത്തിലും പ്രവൃത്തികളിലും വിശുദ്ധി നിലനിർത്തികൊണ്ടു മാത്രമെ ദൈവത്തെ സ്നേഹി ക്കുന്ന മനോഭാവത്തിലേക്ക് നമുക്ക് കടന്നുവരാൻ കഴിയുകയുള്ളൂ.

കർത്താവ് ഒരു കാര്യം തിരുവചനങ്ങളിലൂടെ വ്യക്തമാക്കുന്നു. "വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല" (ഹെബ്രായർ 12:14) അദൃശ്യനായ ദൈവത്തെ ദർശിക്കുവാനുള്ള അവകാശം വിശുദ്ധിയുള്ളവർക്ക് ദൈവം നൽകിയിരിക്കുന്നു. വിശുദ്ധിയുള്ളവർ സ്നേഹത്താൽ ജ്വലിക്കുന്നവരാണ്. വിശുദ്ധിയുള്ളവരെ സംബന്ധിച്ചിടത്തോളം വിശുദ്ധിയും സ്നേഹവും വേർതിരിക്കാനാകാത്തവിധം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആ വിശുദ്ധിയും സ്നേഹവും നമ്മിലുണ്ടെങ്കിൽ മരണത്തിനു നമ്മെ ഭയപ്പെടുത്താനാവുകയില്ല. മരണത്തെ ദൈവഹിതമനുസരിച്ചുള്ള ഒരു വിളിയായി നാം കേൾക്കും; അതിനെ സന്തോഷപൂർവം സ്വാഗതം ചെയ്യും.

www.malankaralibrary.com

# നമുക്ക് ജാഗരൂകരായിരിക്കാം

വർഷങ്ങളോളം പടിഞ്ഞാറെൻ നാടുകളിൽ താമസിച്ച് ശുശ്രൂഷകൾ ചെയ്തിരുന്ന ഒരു ബഹു: വൈദികൻ പ്രസ്താവിച്ച ചില കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ. "പാശ്ചാത്യനാടുകളിലെ ഭൂരിപക്ഷം യുവതീയുവാക്കളും ഇണയോടൊപ്പം ജീവിക്കുന്നതിനുമുമ്പ് വിവാഹിതരാകണമെന്ന് ആഗ്രഹിക്കുന്നില്ല. ദിവ്യബലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞു കഴിഞ്ഞു. കുടുംബപ്രാർത്ഥനയിൽ സംബന്ധിക്കുന്നവർ വിരളമാണ്. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നവരായി ആരുമില്ല. ഭാര്യാഭർത്തൃബന്ധം മരണംവരെ നിലനിർത്തുന്നവർ വിരലിലെണ്ണാവുന്നവരെയുള്ളൂ. ലൈംഗികമായ അരാജകത്വം പടർന്നു പിടിച്ചിരിക്കുന്നു, ഗർഭഛിദ്രം നടത്തുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. സ്വവർഗഭോഗികളുടെ എണ്ണവും അവരുടെ വിവാഹവും കൂടികൊണ്ടിരിക്കുന്നു." ലോകത്തിൽ തിന്മകൾ പെരുകികൊണ്ടിരിക്കുന്നു എന്നാണ് ബഹു: ആ വൈദികൻ വ്യക്തമാക്കിയത്. തിന്മ നിലനിൽക്കുന്ന ഇടങ്ങളിൽ സമാധാനമുണ്ടാവുകയില്ല. അതുകൊണ്ടാണ് സങ്കീർത്തകൻ പറയുന്നത്: "തിന്മയിൽ നിന്നകന്ന് നന്മ ചെയ്യുവിൻ. സമാധാനമന്വേഷിച്ച് അതിനെ പിൻതുടരുവിൻ" (സങ്കീർത്തനം 34:14).

പാശ്ചാത്യനാടുകളിലെ ഉപഭോഗസംസ്കാരം നമ്മിൽ പലരേയും ആകർഷിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ലൈംഗീക അരാജകത്വം നമ്മുടെ നാട്ടിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ധാർമ്മികതയിൽ അടിയുറച്ച മാന്യത നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്നു. ശാസ്ത്രത്തേയും സാങ്കേതികവിദ്യകളേയും ആശ്രയിക്കുന്ന പാശ്ചാത്യ

www.malankaralibrary.com


സമൂഹം ദൈവത്തിൽനിന്ന് അകന്നുപോവുകയോ ദൈവത്തെ ഉപേക്ഷിക്കുകയോ ചെയ്തുകഴിഞ്ഞു. ദൈവനിഷേധികളുടെ പാതകളിലൂടെ സഞ്ചരിക്കുവാൻ നമ്മുടെ സമൂഹത്തിൽ ചിലർക്കെങ്കിലും മോഹമുണ്ട്.

പാശ്ചാത്യമായതെന്തും മനോഹരമാണ്; മാന്യതയേറിയതാണ് എന്ന തെറ്റിദ്ധാരണയിലാണ് നമ്മിൽ പലരും ജീവിക്കുന്നത്. പടിഞ്ഞാറൻ സമൂഹങ്ങളിൽ നിന്ന് നമുക്ക് സ്വീകരിക്കാവുന്ന നല്ല പാഠങ്ങളുണ്ട്. അതുൾക്കൊള്ളാനും ജീവിതത്തിൽ പകർത്താനും നമുക്ക് താൽപ്പര്യമില്ല. ഏത് ജോലിയേയും മാന്യതയോടെ വീക്ഷിക്കുന്നവരാണ് പടിഞ്ഞാറൻ ദേശങ്ങളിലെ ജനതകൾ; അദ്ധ്വാനത്തെ സ്നേഹിക്കുന്ന ജനവിഭാഗങ്ങൾ. അതുപോലെതന്നെ ആ രാജ്യങ്ങളിൽ സ്ത്രീകൾക്ക് നൽകുന്ന തുല്യതയും മാന്യതയും പ്രശംസാർഹമാണ്.

നല്ലത് സ്വീകരിക്കാനും കൊള്ളരുതാത്തത് തള്ളിക്കളയാനും കഴിയുന്നവിധത്തിൽ നാം ശ്രദ്ധാലുക്കളായിരിക്കണം. പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കുമ്പോൾ തന്നെ സർപ്പങ്ങളെപ്പോലെ നാം വിവേകമതികളായിരിക്കണം (മത്തായി 10:16). അല്ലെങ്കിൽ പ്രലോഭനങ്ങളിൽ കുടുങ്ങുകയും വൈദേശികമായ സാംസ്കാരികാധിപത്യത്തിന്റെ മുമ്പിൽ നമ്മുടെ മനസ്സ് അടിമപ്പെടുകയും ചെയ്യും. അതുകൊണ്ട് നമുക്ക ജാഗരൂകരായിരിക്കാം.

www.malankaralibrary.com

# കയ്യേറ്റങ്ങൾ

കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്യുന്നത് വലിയ വാർത്തയായി ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നു. വിശുദ്ധിയുടെ മേഖലയിൽ നിന്നു നോക്കുമ്പോൾ ഇടിച്ചുനിരത്തുകയും അടിച്ചുപൊളിക്കുകയും ചെയ്യേണ്ടതായ ചില കയ്യേറ്റങ്ങൾ നമ്മുടെ ഉള്ളിന്റെയുള്ളിൽ നടന്നിട്ടുള്ളതായി കാണാൻ കഴിയും. പാപത്തിന്റെ കൂടാരങ്ങളും സുഖവാസകേന്ദ്രങ്ങളും ഹൃദയത്തിൽ നാം പണിതുയർത്തിയിരിക്കുന്നു. വിശുദ്ധി നിലനിർത്തേണ്ടതും കർത്താവിനു മാത്രം അവകാശപ്പെട്ടതുമായ ഹൃദയാന്തർഭാഗത്ത് പാപത്തിന്റെ-സാത്താന്റെ-കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. അന്യായമായി സാത്താൻ കൈവശം വച്ചിരിക്കുന്ന ഹൃദയത്തെ വീണ്ടെടുത്ത് കർത്താവിനു സമർപ്പിക്കണം.

യോഹന്നാൻ 2:14,16 തിരുവചനങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു "കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരേയും നാണയം മാറ്റാൻ ഇരിക്കുന്നവരേയും ദേവാലയത്തിൽ യേശു കണ്ടു. അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടും കൂടെ ദേവാലയത്തിൽനിന്നു പുറത്താക്കി. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു. പ്രാവുകളെ വിൽക്കുന്നവരോട് അവൻ കല്പിച്ചു: ഇവയെ

www.malankaralibrary.com


ഇവിടെ നിന്നു എടുത്തുകൊണ്ടുപോകുവിൻ. എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്." പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതിനുവേണ്ടിയാണ്, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് യേശു ദേവാലയം വിശുദ്ധീകരിച്ചത്. പാപത്തിന്റെ ഭീകരഹസ്തങ്ങൾ പിടിയിലൊതുക്കിയിട്ടുള്ള വിശുദ്ധിയുടെ മേഖലകളെ മോചിപ്പിക്കണം. അതോടൊപ്പം പാപത്തിന്റെ കുന്നുകളും മലകളും ഇടിച്ചുനിരത്തണം; വിശുദ്ധിയുടെ സമതലങ്ങളാക്കി മാറ്റണം.

നമ്മുടെ ഹൃദയങ്ങളിൽ സാത്താന്റെ കയ്യേറ്റങ്ങളും അവിടെ അവൻ നിർമ്മിച്ച പാപത്തിന്റെ ഗോപുരങ്ങളുമുണ്ടെന്ന് പറഞ്ഞല്ലോ. നമ്മുടെ ഹൃദയങ്ങളെ വീണ്ടെടുക്കാനും വിശുദ്ധീകരിക്കുവാനും നമുക്ക് കർത്താവിന്റെ ശക്തരായ ദൂതന്മാരുടെ സഹായം ആത്മാർത്ഥതയോടെ അപേക്ഷിക്കാം. വി. ബൈബിൾ, വി. കുർബ്ബാന, ജപമാല എന്നിവയാണ് ഈ പോരാട്ടത്തിൽ നമ്മുടെ ആയുധങ്ങൾ. അവ ഉപയോഗിച്ചുകൊണ്ട് നമ്മുടെ ഹൃദയങ്ങളെ സാത്താന്റെ കൈകളിൽനിന്ന് വീണ്ടെടുക്കാം; ഉടമസ്ഥനായ കർത്താവിനു സമർപ്പിക്കുകയും ചെയ്യാം.

www.malankaralibrary.com

# സ്നേഹപൂർവം യേശുവിനെ ക്ഷണിക്കാം

തങ്ങളോടൊപ്പം ഉണ്ണാനും ഉറങ്ങാനും യേശുവിനെ ക്ഷണിക്കുന്നവരുണ്ട്. കാരണം അവർ യേശുവിനെ അത്യധികം സ്നേഹിക്കുന്നു. അവരുടെ എല്ലാ പ്രവൃത്തികളിലും യേശുനാഥൻ എപ്പോഴും അവരോടൊപ്പം ഉണ്ടായിരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ഉണ്ണാനും ഉറങ്ങാനും മാത്രമല്ല, നമ്മോടൊപ്പം അദ്ധ്വാനിക്കുവാനും കർത്താവിനെ ക്ഷണിക്കാം. നമ്മുടെ വിനോദവേളകളിൽ പങ്കുകൊള്ളാനും കർത്താവിനെ ക്ഷണിക്കാം. അവിടുന്ന് തീർച്ചയായും നമ്മോടൊപ്പംവരും. നമ്മുടെ എല്ലാ കാര്യങ്ങളിലും നമ്മോടൊത്തു പങ്കെടുക്കും.

അതിഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ നാമൊറ്റയ്ക്ക് കഷ്ടപ്പെടേണ്ടതില്ല. കാരണം, “അവന്റെ കഷ്ടതയിൽ ഞാൻ അവനോടു ചേർന്നു നിൽക്കും” എന്ന് കർത്താവ് ഉറപ്പു തരുന്നുണ്ട് (സങ്കീർത്തനം 91:15). അതുകൊണ്ട് കൂട്ടിനുവേണ്ടി കർത്താവിനെ ക്ഷണിക്കാം. അവിടുന്ന് നമ്മെ സഹായിക്കുവാൻ നമ്മുടെ അരികിലേക്ക് ഓടിയെത്തും. നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കും. പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ നമുക്ക് വെളിപ്പെടുത്തിതരും.

രോഗങ്ങൾ മൂലം നമ്മുടെ ബലം ക്ഷയിക്കുകയും നാം തളരുകയും ചെയ്യുമ്പോൾ സൗഖ്യത്തിനുവേണ്ടി, ശക്തി പകർന്നു നൽകാൻ വേണ്ടി ഈശോയെ വിളിക്കാം. സാമ്പത്തികമായി തകരുമ്പോൾ, നമ്മെ

രക്ഷിക്കുവാൻ ആരുമില്ലാതെ പിടയുമ്പോൾ നമുക്ക് യേശുവിനെ വിളിക്കാം. അവിടുന്ന് ഓടിയെത്തും. പാപക്കയങ്ങളിൽ വീണു നാം നശിക്കുമ്പോൾ രക്ഷപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ കർത്താവിനെ വിളിക്കണം. അവിടുന്നു നമ്മെ പൊക്കിയെടുക്കും; വിശുദ്ധീകരിക്കും. നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലേക്കും കർത്താവിനെ ക്ഷണിക്കണം. നാം വേദനിക്കുമ്പോൾ മാത്രം കർത്താവിനെ വിളിച്ചാൽ പോരാ. നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലേക്കും കർത്താവിനെ ക്ഷണിക്കണം. ആ ക്ഷണം കർത്താവ് സ്നേഹപൂർവം സ്വീകരിക്കും. കാരണം, അവിടുന്ന് മനുഷ്യരോടൊത്ത് വസിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഹൃദയകവാടങ്ങൾ തുറക്കുന്നതും നോക്കി കർത്താവ് കാത്തിരിക്കുന്നു.

യേശുവിൽ വിശ്വസിക്കുകയും യേശുവിനെ സ്നേഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവിടുത്തെ കൂടാതെ ഒന്നുംചെയ്യാൻ നാം ആഗ്രഹിക്കുകയില്ല. അതു മാത്രമല്ല കാര്യം, “എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ല” എന്നു അവിടുന്നു അരുൾ ചെയ്തിട്ടുണ്ട് (യോഹന്നാൻ 15:6). അതുകൊണ്ട് എല്ലായ്പ്പോഴും എല്ലാ കാര്യങ്ങളിലും കർത്താവ് നമ്മോടൊപ്പം ആയിരിക്കുവാൻ വേണ്ടി നമുക്ക് അവിടുത്തെ ക്ഷണിക്കാം.

www.malankaralibrary.com

# സ്നേഹത്താൽ ജ്വലിക്കുന്നൊരു ഹൃദയം

തിരുവചനം ഇങ്ങനെ പ്രഘോഷിക്കുന്നു: "കർത്താവിൽ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയം ചെയ്യും" (സങ്കീർ. 32:10). കർത്താവിന്റെ സ്നേഹം നമ്മെ വലയം ചെയ്യുന്നതുകൊണ്ട് അവിടുത്തെ സംരക്ഷണവും നമ്മോടൊപ്പം ഉണ്ടായിരിക്കും. അതുകൊണ്ട് സർവ്വശക്തനും സ്നേഹസമ്പന്നനുമായ യേശുവിൽ വിശ്വസിക്കുക; ആശ്രയിക്കുക. അവിടുന്ന് എന്നുമെപ്പോഴും നമ്മോടുകൂടെ ഉണ്ടായിരിക്കും. സ്നേഹം തന്നെയായ ദൈവം (1 യോഹന്നാൻ 4:16) നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് സ്നേഹം മാത്രമാണ്. മനുഷ്യരുടെ സ്നേഹത്തിനു വേണ്ടി ദാഹിക്കുന്ന ഒരു ഹൃദയമാണ് കർത്താവിനുള്ളത്. എന്നാൽ നമ്മുടെ സ്നേഹം നിഷ്കളങ്കവും പൂർണവും ആയിരിക്കണമെന്ന് അവിടുത്തേക്ക് നിർബന്ധമുണ്ട്. "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടുംകൂടെ സ്നേഹിക്കണം" (മർക്കോസ് 12:30).

നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനാണ് നമുക്ക് താൽപ്പര്യം. എന്നാൽ ശത്രുക്കളെപോലും സ്നേഹിക്കുന്ന വലിയ സ്നേഹ മാണ് കർത്താവിന്റേത്. തന്നെ കുരിശിൽ തറച്ചവരോട് യേശുനാഥൻ ശത്രുത പ്രകടിപ്പിച്ചില്ല. അവിടുന്ന് അവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു.

www.malankaralibrary.com


തിരുവചനങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: “പിതാവേ, അവരോട് ക്ഷമിക്കേണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല” (ലൂക്കാ 23:34).

തന്നെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യാത്തവരെയോർത്ത് കർത്താവ് വേദനിക്കുന്നുണ്ട്. അത്തരമാളുകളെ വിശ്വാസത്തിലേക്കു നയിക്കുവാൻ അവിടുന്ന് വിവിധങ്ങളായ പദ്ധതികളൊരുക്കുന്നു. ചിലപ്പോൾ സഹനങ്ങളിൽ അധിഷ്ഠിതമായ പദ്ധതികളാണ് നമ്മെ വിശ്വാസത്തിലേക്കു നയിക്കുവാനും അതിൽ ഉറപ്പിച്ചുനിർത്താനും വേണ്ടി കർത്താവ് നടപ്പിലാക്കുന്നത്. കർത്താവിനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്കും അവിടുന്ന് സഹനങ്ങൾ സ്നേഹപൂർവ്വം സമ്മാനിക്കുന്നു.

സഹനങ്ങളിലും കർത്താവിനോടുള്ള സ്നേഹത്താൽ നിറഞ്ഞൊരു ഹൃദയം ഓരോരുത്തർക്കും ഉണ്ടായിരിക്കണം. അപ്പോൾ ആനന്ദവും സമാധാനവുംകൊണ്ട് നമ്മുടെ ഹൃദയം തുടിച്ചുനിൽക്കും. വിശുദ്ധിയിൽ നിലനിൽക്കുന്ന ഒരു ജീവിതം നയിക്കാനും നമുക്ക് സാധിക്കും. കർത്താവിനോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയം എന്നും ജ്വലിച്ചുനിൽക്കട്ടെ. അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# ഭയപ്പെടുത്തുന്ന ഏകാന്തത

അതിദാരുണമായൊരു ജീവിതാവസ്ഥയാണ് ഏകാന്തതയിലൂടെ ഒരു വ്യക്തി അനുഭവിക്കേണ്ടി വരുന്നത്. മാതാപിതാക്കൾ മരിച്ചു പോകുമ്പോൾ മക്കൾക്ക് ജീവിതത്തിൽ ശൂന്യത അനുഭവപ്പെടുന്നു. ജീവിതപങ്കാളിയും മക്കളും നഷ്ടപ്പെടുമ്പോൾ നിരാശയിൽ നിപതിക്കുന്നവരുണ്ട്. സഹോദരങ്ങളും ബന്ധുക്കളും ആത്മമിത്രങ്ങളും എന്നന്നേക്കുമായി വേർപിരിയുമ്പോൾ ഏകാന്തതയുടെ ദുരിതങ്ങൾ അനുഭവിക്കേണ്ടിവരും. കാരണമെന്തായാലും ഏകാന്തത സഹിക്കേണ്ടിവരുമ്പോൾ, താൻ ഒറ്റക്കല്ല, സർവശക്തനായ ദൈവം കൂടെയുണ്ടെന്ന ഉറച്ചബോധ്യം ആശ്വാസവും ശക്തിയും പ്രദാനം ചെയ്യും. ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് ഏകാന്തതയെ തകർക്കാൻ ശ്രമിച്ചാൽ മാത്രമെ വിജയിക്കുകയുള്ളൂ. മനുഷ്യരിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കണം. വൈദികരും കന്യാസ്ത്രീകളും ഏകസ്ഥജീവിതം നയിക്കുന്നവരും ദൈവത്തിൽ വിശ്വസിച്ചും ആശ്രയിച്ചുമാണ് ഏകാന്തതയെ പരാജയപ്പെടുത്തുന്നത്.

തന്റെ പ്രിയപ്പെട്ട ശിഷ്യഗണം മുഴുവനും അകന്നുപോയപ്പോൾ യേശുനാഥനും ഏകാന്തത അനുഭവിക്കേണ്ടിവരുമായിരുന്നു. എന്നാൽ അവിടുത്തേക്ക് പിതാവായ ദൈവം കൂട്ടിനുണ്ടായിരുന്നു. അവിടുന്ന് ഏകാന്തതയകറ്റാൻ മനുഷ്യരെ ആശ്രയിച്ചില്ല. അവിടുന്ന് അരുൾചെയ്തു:

“ഞാൻ തനിച്ചല്ല, എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്” (യോഹന്നാൻ 8:16). അവിടുന്ന് വീണ്ടും അരുൾചെയ്തു: “എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്. പിതാവ് എന്നെ തനിയെ വിട്ടിരിക്കുകയല്ല” (യോഹന്നാൻ 8:29). വേറൊരു അവസരത്തിൽ അവിടുന്ന് ആവർത്തിച്ചു വ്യക്തമാക്കി: “ഞാൻ ഏകനല്ല; കാരണം പിതാവ് എന്നോടു കൂടെയുണ്ട്” (യോഹന്നാൻ 16:33). ദൈവത്തോട് കൂടെയായിരിക്കുമ്പോൾ നമുക്ക് ഏകാന്തതയില്ല; അതിനാൽ ഭയപ്പെടേണ്ടതായ ആവശ്യവുമില്ല.

www.malankaralibrary.com

# അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും

സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സ്രോതസായ യേശു തമ്പുരാൻ ഇങ്ങനെ അരുൾചെയ്തിട്ടുണ്ടല്ലോ: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്തായി 11:28). അധ്വാനിക്കുന്നവരുടെ മാത്രമല്ല, അപമാനിതരുടേയും അവഗണിക്കപ്പെട്ടവരുടേയും ആശ്രയമായി അവിടുന്നനുവർത്തിച്ചു. പാപികളുടേയും ചുങ്കക്കാരുടേയും വിമോചനകേന്ദ്രമായി അവിടുന്ന് നിലകൊണ്ടു. പട്ടിണിക്കാരും മുടന്തന്മാരും അന്ധന്മാരും രോഗികളും യേശുവിനെ ആശാകേന്ദ്രമായി സ്വീകരിച്ചു. അധ്വാനിക്കുന്നവർക്കും വേദനിക്കുന്നവർക്കും സ്നേഹവും സമാധാനവും നൽകാൻ അവിടുന്ന് തയ്യാറായി. കാരണം അവിടുന്ന് എല്ലാ കാലഘട്ടങ്ങളുടേയും സ്നേഹമാണ്; ആശ്രയമാണ്; ഇന്നുമെന്നും ജീവിക്കുന്നവനാണ്.

അപ്പത്തിനുവേണ്ടി അധ്വാനിക്കുന്നവർക്കും വിശുദ്ധിക്കുവേണ്ടി അധ്വാനിക്കുന്നവർക്കും കർത്താവ് ആശ്രയമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വിശപ്പ് മാറ്റാനും പുണ്യത്തിൽ വളരാനും കർത്താവിന്റെ ശക്തി നമുക്ക് ആവശ്യമുണ്ട്. അവിടുന്ന് ഇങ്ങനെ അരുൾ ചെയ്തിട്ടുണ്ട്: "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹന്നാൻ 15:6). ഭൗതികവും ആദ്ധ്യാത്മികവുമായ നേട്ടങ്ങൾക്കുവേണ്ടി നാം അധ്വാ

www.malankaralibrary.com


നിക്കുമ്പോൾ കർത്താവിന്റെ ഈ വാക്കുകൾ ഓർത്തിരിക്കുന്നത് നല്ലതാണ്. നമ്മുടെ സ്വന്തം കഴിവിൽ ആശ്രയിച്ചുകൊണ്ടാണ് പണിയെടുക്കാൻ നാം പരിശ്രമിക്കുന്നതെങ്കിൽ, അവസാനം പരാജയത്തിൽ എത്തിച്ചേരും. സമാധാനവും ആശ്വാസവും മാത്രമല്ല, വിജയവും കർത്താവാണ് സമ്മാനിക്കുന്നത്.

കർത്താവിന്റെ സ്നേഹം തൊഴിലാളികളുടെ മേലും മുതലാളികളുടെ മേലും ഒരുപോലെ ചൊരിയപ്പെടും. രണ്ടുകൂട്ടരും ചൂഷണവും സ്വാർത്ഥതയുമില്ലാതെ ചുമതലകൾ നിർവഹിക്കണമെന്നതാണ് കർത്താവിന്റെ തിരുഹിതം. അതനുസരിക്കുമ്പോൾ അവിടുത്തെ ആശ്വാസവും സമാധാനവും ഇരുകൂട്ടർക്കും അനുഭവിക്കുവാൻ കഴിയും. കാരണം, യേശുതമ്പുരാൻ തൊഴിലാളിയുടെ അധ്വാനത്തേയും മുതലാളിയുടെ അധ്വാനത്തേയും ഒരേ പോലെ മാനിക്കുന്നു. ശാരീരിക അധ്വാനവും ബുദ്ധിപരമായ അധ്വാനവും ലോകത്തിന്റെ നന്മക്ക് ആവശ്യമാണല്ലോ.

www.malankaralibrary.com



# ജപമാലറാണി

കമ്മ്യൂണിസ്റ്റ് റഷ്യയുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ബഹു: കന്യാസ്ത്രീകൾ ഞങ്ങളെ ഉപദേശിക്കുമായിരുന്നു. നാല്പത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് കുട്ടികളായിരുന്ന ഞങ്ങളോട് ഇക്കാര്യം പറഞ്ഞപ്പോൾ ബഹു: കന്യാസ്ത്രീകളോട് എനിക്ക് പുച്ഛമാണ് തോന്നിയത്. ഒരു വ്യക്തിയുടെ ജീവിതത്തിൽ മാനസാന്തരം വരുത്താൻ ജപമാല പ്രാർത്ഥനകൾ കൊണ്ട് കഴിഞ്ഞെന്നുവരാം. എന്നാൽ ഒരു രാഷ്ട്രത്തെ മാറ്റിമറിക്കാൻ ജപമാല പ്രാർത്ഥനകൾകൊണ്ട് സാധിക്കുകയില്ല. ഞാൻ അങ്ങിനെയാണ് ചിന്തിച്ചിരുന്നത്. വിശ്വാസക്കുറവും അവിവേകവും എന്റെ ചിന്തകളെ വഴിതെറ്റിച്ചിരുന്നു. എന്നാൽ ഇപ്പോൾ എനിക്കൊരു പ്രാർത്ഥന മാത്രമേയുള്ളൂ. “കർത്താവേ, എന്റെ യൗവ്വനത്തിലെ പാപങ്ങളും അതിക്രമങ്ങളും അങ്ങ് ഓർക്കരുതേ” (സങ്കീ. 25:7).

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ജപമാലഭക്തിയുടെ അതുല്യമായ ശക്തിവിശേഷങ്ങൾ വളരെയേറെ തെളിഞ്ഞുകാണാനുണ്ട്. ഞങ്ങളുടെ കുടുംബത്തിന്റെ ജപമാലപ്രാർത്ഥനകൾ വഴിയായി ദൈവ മാതാവിൽ നിന്ന് ധാരാളം അനുഗ്രഹങ്ങൾ ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. മറ്റുള്ള സഹോദരങ്ങൾക്കും കുടുംബങ്ങൾക്കുംവേണ്ടി ജപമാല ചൊല്ലി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥനകളെല്ലാം പരിശുദ്ധ രാജ്ഞി കാരുണ്യപൂർവ്വം സ്വീകരിച്ച് അനുഗ്രഹിച്ചിട്ടുണ്ട്.

www.malankaralibrary.com


ജപമാലഭക്തിയുള്ള ഓരോ വിശ്വാസിയുടേയും ജീവിതത്തിൽ ജലമാലറാണി അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുകയാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ ആഗോളസഭയിലും ജപമാലപ്രാർത്ഥന യിലൂടെ അനുഗ്രഹങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടല്ലോ. ചരിത്ര ത്തിലേക്ക് കടന്നുചെല്ലുമ്പോൾ, 1571-ലെ ലെപ്പാന്റോ യുദ്ധവിജയം ജപമാലഭക്തിയുടെ വിജയമായിരുന്നുയെന്ന് മനസ്സിലാക്കാൻ സാധി ക്കും. ആ കാലഘട്ടത്തിൽ പിയൂസ് അഞ്ചാമനായിരുന്നു മാർപാപ്പ. യുദ്ധ നാളിൽ ഇടവിടാതെ ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ അദ്ദേഹം കല്പിച്ചു. റോമൻ ജനത മാർപാപ്പയോടൊപ്പം ജപമാലപ്രാർത്ഥന ചൊല്ലി പരിശുദ്ധ കന്യാമാതാവിന് സമർപ്പിച്ചുകൊണ്ടിരുന്നു. പരിശുദ്ധ ജപമാലറാണി യുടെ കാരുണ്യത്താൽ ലെപ്പാന്റോ യുദ്ധത്തിൽ ക്രിസ്ത്യാനികൾ വിജയം വരിച്ചു. ഈ വിജയമാണ് യൂറോപ്പിന് ക്രിസ്തീയ മുഖം ലഭിക്കാൻ കാരണമായത്. സാത്താനോടുള്ള യുദ്ധത്തിലും ജീവിതത്തിൽ മറ്റു പ്രതിസന്ധികൾ നേരിടുന്ന അവസരങ്ങളിലും കൊന്ത ചൊല്ലി പ്രാർ ത്ഥിക്കുന്നത് അനുഗ്രഹപ്രദമാണ്. എന്തുകൊണ്ടെന്നാൽ ജപമാലറാ ണിയോടുള്ള പ്രാർത്ഥന നമ്മെ വിജയത്തിലേക്കും സമാധാനത്തിലേ ക്കും നയിക്കും.

ഇതാ നിന്റെ അമ്മ (യോഹന്നാൻ 19:27) എന്നരുൾ ചെയ്തു കൊണ്ട് ദൈവമാതാവിനെ നമുക്ക് ഓരോരുത്തർക്കുമായി ഈശോ നാഥൻ സമ്മാനിച്ചു. നമ്മുടെ പ്രാർത്ഥനകൾക്കു മറുപടിയായി പരിശുദ്ധ അമ്മയുടെ കരങ്ങൾ വഴി കർത്താവ് അനുഗ്രഹങ്ങൾ വർഷിച്ചിട്ടുണ്ട ല്ലോ. അവിടുന്ന് ഇങ്ങനെ അരുൾചെയ്തു: "പ്രാർത്ഥിക്കുകയും യാചി ക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും" (മർക്കോസ് 11:24). പരിശുദ്ധ കന്യാമറിയ ത്തിന്റെ മാദ്ധ്യസ്ഥ്യം വഴി സമർപ്പിക്കപ്പെടുന്ന പ്രാർത്ഥനകൾ കാരുണ്യ വാനായ കർത്താവ് തള്ളികളയുകയില്ല. പരിശുദ്ധ ജപമാലാറാണിയായ ദൈവമാതാവിനെ ധ്യാനിക്കാനും ജപമാലഭക്തിയിൽ വളരാനും വിശേഷിച്ച് ഒക്ടോബർ മാസത്തിൽ നിരന്തരം നമുക്ക് പരിശ്രമിക്കാം.

www.malankaralibrary.com

# സ്നേഹിക്കാൻ പഠിക്കണം; സഹിക്കാനും

വിവാഹിതരായവർ ജീവിതപങ്കാളിയെ സ്നേഹിക്കണമെന്ന ഉപദേശം എല്ലാവരും കേട്ടിട്ടുണ്ടാകും. എന്നാൽ അതുമാത്രം പോരാ; ജീവിതപങ്കാളിയെ സഹിക്കാനും ശീലിക്കണം. സ്നേഹം, ത്യാഗം ആവശ്യപ്പെടുന്നു എന്ന് പറയാറുണ്ടല്ലോ. ത്യാഗത്തോടൊപ്പം സഹനവും ആവശ്യമാണ്. നമ്മിൽ പലരും സഹനത്തിന്റെ സമീപത്തു എത്തിച്ചേരുമ്പോൾ സ്നേഹം മതിയാക്കി തിരിച്ചുപോരുന്നവരാണ്. എന്തെങ്കിലും കിട്ടാൻ വേണ്ടിയാണ് നാം സ്നേഹിക്കുന്നത്. എന്നാൽ സ്നേഹം, കൊടുക്കാൻ പ്രേരിപ്പിക്കുന്ന വികാരമാണ്. നിഷ്കളങ്കവും പരിശുദ്ധവുമായ സ്നേഹം, സ്വന്തം ജീവനുൾപ്പെടെ സർവ്വവും നൽകാൻ കൊതിക്കുന്ന മനോഭാവമാണ് പ്രകടിപ്പിക്കുന്നത്. അതുകൊണ്ടാണ് യേശുനാഥൻ കല്പിച്ചരുളിയത്. “സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല” എന്ന് (യോഹന്നാൻ 15:13). ഈശോനാഥൻ ലോകത്തിനുവേണ്ടി സ്വന്തം ജീവൻ അർപ്പിച്ചുകൊണ്ട് ആ സ്നേഹം പ്രകടമാക്കുകയും ചെയ്തു.

സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ കഴിയുന്നവിധത്തിൽ നാം വളർന്നിട്ടുണ്ടാവുകയില്ല. അതേപോലെ ജീവിതപങ്കാളിക്കുവേണ്ടി സ്വന്തം ജീവൻ വെടിയാൻ നമ്മിൽ പലർക്കും കഴിഞ്ഞെന്നുവരില്ല. എന്നാൽ ജീവിതപങ്കാളിക്കുവേണ്ടി അൽപ്പം ത്യാഗം സഹിക്കാൻ നമുക്ക് സാധിക്കണം. കുറവുകളുള്ള ജീവിതപങ്കാളിയെ സഹിക്കുകയെന്നത് വലിയൊരു പുണ്യമാണ്. ജീവിതപങ്കാളി പൂർണനായിരി

www.malankaralibrary.com


ക്കണം; അല്ലെങ്കിൽ പൂർണ്ണതയുള്ളവളായിരിക്കണമെന്ന് ശാഠ്യം പിടിക്കുന്നവരുണ്ട്. സ്വന്തം കുറവുകളെയും പോരായ്മകളെയും കുറിച്ച് ശരിയായ ധാരണയില്ലാത്തവരാണ് അധികമാളുകളും. താൻ പൂർണ്ണനാണെന്നും തന്റെ ഭാഗത്താണ് ശരിയെന്നും ചിന്തിക്കുന്നവരുണ്ട്. അവർ സുഹൃദ്ബന്ധങ്ങളേയും ഭാര്യാഭർത്തൃബന്ധത്തേയും തകർക്കും. സ്വന്തം കുറവുകളെ വിവേകത്തോടെ തിരിച്ചറിയുന്നവർ മറ്റുള്ളവരുടെ കുറവുകളെ സഹിഷ്ണതയോടെ നോക്കി കാണും. അത് നല്ല ബന്ധങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കും.

ഒരു യുവാവിന്റെ അനുഭവം പറയാം. അയാളുടെ ഭാര്യ ബുദ്ധിപരമായ കുറവുകളുള്ളവളാണ്; മാത്രമല്ല എഴുത്തും വായനയും അവൾക്കറിയില്ല. ഈ കുറവുകൾ വിവാഹത്തിനുശേഷമാണ് അയാൾ അറിയുന്നത്. അയാൾക്കത് വലിയൊരു ആഘാതമായിത്തീർന്നു. അയാൾ ഭാര്യയെ, അവളുടെ മാതാപിതാക്കളെ ഏല്പിച്ചു തിരിച്ചു വന്നു. വിശ്വാസിയും ഭക്തനുമായ യുവാവ് കോപം ഒന്നടങ്ങിയപ്പോൾ, കർത്താവിന്റ തിരുഹിതം നിറവേറട്ടെയെന്നു പ്രാർത്ഥിക്കാൻ തുടങ്ങി. അങ്ങിനെ മൂന്നുവർഷങ്ങൾ കടന്നുപോയി. ഇതിനിടയിൽ തന്റെ കുറവുകൾ അയാൾക്ക് വെളിപ്പെടുത്തി കിട്ടി. സ്വന്തം കുറവുകളെയും പോരായ്മകളേയും കുറിച്ച് അയാൾ ബോധവാനായിതീർന്നു.

മറ്റൊരു പെണ്ണിനെ രജിസ്റ്റർ വിവാഹം ചെയ്യാൻ ബന്ധുക്കളും സുഹൃത്തുക്കളും അയാളെ നിർബന്ധിച്ചുകൊണ്ടിരുന്നു. പുതിയൊരു പെണ്ണ് മറ്റേതെങ്കിലും വിധത്തിൽ കുറവുകളുള്ളവളാണെങ്കിൽ താൻ വീണ്ടും ദുരിതത്തിലാകുമല്ലോയെന്ന് യുവാവ് ചിന്തിച്ചു. അതുകൊണ്ട് കർത്താവ് സമ്മാനിച്ച ജീവിതപങ്കാളിയെ കുറവുകളോടുകൂടി തന്നെ സ്വീകരിക്കാൻ അയാൾ തീരുമാനിച്ചു. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ. (മത്തായി 19:6) എന്ന തിരുവചനം അയാൾ ഹൃദയത്തിൽ സ്വീകരിച്ചു. ഭാര്യയുടെ ബുദ്ധിപരവും മാനസികവും ആധ്യാത്മികവുമായ വളർച്ചക്കുവേണ്ടി അയാൾ നിരന്തരം പ്രാർത്ഥിച്ചു. തന്റെ പ്രാർത്ഥന ഫലവത്തായിതീർന്നു എന്നാണ് അയാളുടെ അനുഭവസാക്ഷ്യം. കർത്താവിനെ പ്രതി സഹിക്കാൻ തയ്യാറായപ്പോൾ അവിടുന്ന് അവന്റെ ജീവിതത്തിൽ അനുഗ്രഹങ്ങൾ വർഷിച്ചു. സന്തോഷത്തോടെ സഹനങ്ങൾ ഏറ്റെടുക്കുമ്പോൾ അത് ഫലദായകമായിത്തീരും.

www.malankaralibrary.com

# ശിമയോൻ പത്രോസിന്റെ മാതൃക

ശിമയോൻ പത്രോസും കൂട്ടുകാരും കൂടി ഒരു ദിവസം രാത്രിയിൽ മീൻപിടിക്കാൻ ഗനേസറത്തു തടാകത്തിലേക്ക് കടന്നുചെന്നു. കഠിനാധ്വാനം ചെയ്തിട്ടും അവർക്ക് മീനൊന്നും കിട്ടിയില്ല. പകൽ സമയമായപ്പോൾ മീൻപിടുത്തക്കാർ വള്ളങ്ങളിൽ നിന്നിറങ്ങി വല കഴുകുകയായിരുന്നു. അപ്പോൾ യേശു തടാകത്തിന്റെ തീരത്ത് നിൽക്കുകയായിരുന്നു. ശിമയോനും കൂട്ടുക്കാർക്കും മീനൊന്നും കിട്ടിയില്ല എന്ന് മനസ്സിലാക്കിയ യേശുനാഥൻ പത്രോസിനോട് പറഞ്ഞു: ആഴത്തിലേക്ക് നീക്കി മീൻപിടിക്കാൻ വലയിറക്കുക (ലൂക്ക 5:4). ശിയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഞങ്ങൾക്കൊന്നും കിട്ടിയില്ല. കടലിൽ കളിച്ചു വളർന്ന പത്രോസിനും കൂട്ടുക്കാർക്കും എപ്പോഴാണ് വലയിറക്കേണ്ടതെന്നും എവിടെയാണ് വലയിറക്കേണ്ടതെന്നും അറിയാമായിരുന്നു. ദീർഘനാളത്തെ അറിവും പരിചയവും ഉണ്ടായിരുന്നിട്ടും അവർക്ക് മീനൊന്നും കിട്ടിയില്ല. എന്നാൽ യേശുവിന്റെ കൽപ്പന അനുസരിക്കാനുള്ള എളിമയും വിവേകവും ശിമയോന് ഉണ്ടായിരുന്നു. അവൻ യേശുവിനോട് പറഞ്ഞു: "നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം" (ലൂക്ക 5:5). അപ്പോൾ അവർക്ക് ധാരാളം മീൻ കിട്ടി.

അനേകം വർഷങ്ങളോളം കടലിൽ വലയിറക്കി മീൻപിടിച്ചിട്ടുള്ള ശിമയോന് ഇതുപോലൊരു "നല്ല കോള്" അതുവരെയും ലഭിച്ചിരുന്നില്ല.

www.malankaralibrary.com


ധാരാളം മത്സ്യം ലഭിച്ചതുകൊണ്ട് മറ്റുള്ളവരുടെ സഹായത്തോടെയാണ് വല വലിച്ചു കയറ്റിയത്. കിട്ടിയ മത്സ്യം മുഴുവൻ വിറ്റുകഴിഞ്ഞാൽ ധാരാളം പണം കിട്ടും. ആ പണം കൊണ്ട് വസ്ത്രങ്ങൾ വാങ്ങണം. കുടുംബത്തിന് ആവശ്യമുള്ള പലതും അതിനോടൊപ്പം വേണം. ശിമയോൻ പത്രോസിന്റെ മനസ്സ് പണത്തിൽ കുടുങ്ങിപ്പോകേണ്ടതായിരുന്നു. എന്നാൽ പത്രോസിന് വിവേകം ഉദിച്ചു. അവൻ സ്വയം തിരിച്ചറിഞ്ഞു; യേശുവിനേയും തിരിച്ചറിഞ്ഞു. അപ്പോൾ ശിമയോൻ, യേശുവിന്റെ കാൽക്കൽ വീണ്, "കർത്താവേ, എന്നിൽ നിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ് എന്ന് ഏറ്റുപറഞ്ഞു. (ലൂക്ക 5:8). ധാരാളം കിട്ടിയ മൽസ്യത്തിൽനിന്ന് ധാരാളം പണം ലഭിക്കുമായിരുന്നു. എന്നാൽ ആ സമ്പത്തിന്റെ നടുവിലും ആദ്ധ്യാത്മികമായൊരു കാഴ്ചപ്പാട് ശിമയോന് ഉണ്ടായിരുന്നു. അതുകൊണ്ടാണ് താൻ പാപിയാണെന്ന് അവൻ ഏറ്റുപറഞ്ഞത്. യേശു അവനോട് പറഞ്ഞു: ഭയപ്പെടേണ്ട; നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും. വള്ളങ്ങൾ കരയ്ക്കടുപ്പിച്ചതിനുശേഷം, എല്ലാം ഉപേക്ഷിച്ച് അവർ യേശുവിനെ അനുഗമിച്ചു. (ലൂക്ക 5:11). മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നതെന്ന് (ലൂക്കാ 12:15) ശിമയോനും കൂട്ടുകാരും നമ്മെ ബോധ്യപ്പെടുത്തുകയാണ്. സമൃദ്ധി ഉണ്ടാകുമ്പോൾ യേശുവിനെ മറക്കുന്നവരുണ്ട്; ദാരിദ്ര്യം വന്നു കഴിയുമ്പോഴും യേശുവിനെ മറക്കുന്നവരുണ്ട്. സമ്പത്തിലും ദാരിദ്ര്യത്തിലും ദുഃഖത്തിലും സന്തോഷത്തിലും യേശുവിനോടൊപ്പം നിൽക്കാൻ ശിമയോൻ പത്രോസ് നമുക്ക് നല്ലൊരു മാതൃക നൽകിയിരിക്കുന്നു.

www.malankaralibrary.com

# സമാധാനത്തിന്റെ ചക്രവർത്തി

സമാധാനമില്ലാതെ വളരെയേറെ സഹോദരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അസ്വസ്ഥരായി അലയുന്നുണ്ട്. എല്ലാവർക്കും സമാധാനം നൽകാൻ ശക്തിയുള്ളവൻ യേശുക്രിസ്തു മാത്രമാണ്. ക്രിസ്മസ് ദിനം സമാധാനത്തിന്റെ ചക്രവർത്തിയുടെ ജന്മദിനമാണ്. എല്ലാവർക്കും സമാധാനം, ക്രിസ്മസ് ദിനത്തിന്റെ സന്ദേശം അതാണ്. സമാധാനത്തിന്റെ നാഥനായ യേശുവിന്റെ ജനനം പ്രഖ്യാപിച്ച ദൈവ ദൂതൻ, സ്വർഗീയസൈന്യത്തോടൊപ്പം പിതാവായ ദൈവത്തിന്റെ സമാ ധാനമാണ് മനുഷ്യർക്ക് ആശംസിച്ചത്. “അത്യുന്നതങ്ങളിൽ ദൈവ ത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം” (ലൂക്ക 2:14).

ക്രിസ്മസിനെപ്പറ്റി നാം ചിന്തിക്കുമ്പോൾ, ഇന്നത്തെ അവസ്ഥ വളരെയധികം ദുഃഖകരമാണെന്ന് തിരിച്ചറിയാൻ സാധിക്കും. വ്യക്തി കളുടെ മനസ്സിൽ സമാധാനമില്ല; കുടുംബങ്ങളിൽ സമാധാനമില്ല; രാഷ്ട്രങ്ങൾ തമ്മിൽ തമ്മിലും സമാധാനമില്ല. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അവതാരമായ യേശുതമ്പുരാനെ ഹൃദയത്തിൽ സ്വീകരിക്കുകയെന്ന താണ് സമാധാനം അനുഭവിക്കാനും സമ്മാനിക്കാ നുമുള്ള ഏകമാർഗം.

www.malankaralibrary.com


യേശുനാഥൻ അനേകമാളുകൾക്ക് സൗഖ്യവും സമാധാനവും നൽകിയിട്ടുണ്ട്; ഇപ്പോഴും നൽകികൊണ്ടിരിക്കുന്നു. തന്നെ സമീപിച്ച പാപിനിയായ സ്ത്രീയോട് അവിടുന്ന് കല്പിച്ചരുളി. "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക" (ലൂക്ക 8:48).

തന്റെ മരണത്തിനുമുമ്പ് യേശുനാഥൻ ശിഷ്യരെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു: "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു" (യോഹന്നാൻ 14:27). മരണാനന്തരം ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട പ്പോഴും സ്നേഹപൂർവം സമാധാനം ആശംസിച്ചു (ലൂക്ക 24:37). പാപ വിമോചകനായ യേശുക്രിസ്തു സ്നേഹത്തിന്റേയും സമാധാനത്തി ന്റേയും അക്ഷയസ്രോതസാണ്. യേശുവിൽ ആശ്രയിച്ചുകൊണ്ട്, സമാ ധാനത്തിന്റെ ചക്രവാളം വളർന്നുവലുതാകട്ടെയെന്ന് നമുക്ക് ആശംസി ക്കാം.

പിതാവായ ദൈവം ഉണ്ണിയേശുവിനെ നമുക്ക് സമ്മാനിച്ചത് പരിശുദ്ധ കന്യാമാതാവിലൂടെയാണ്. ക്രിസ്മസ് ആഘോഷിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തെ സ്മരിക്കുന്നത് മക്കളുടെ മനോഭാവത്തിനു ചേർന്ന പ്രവൃത്തിയാണ്.

ഇപ്പോഴുള്ളവർക്കും വരുംതലമുറകൾക്കും സമാധാനത്തിൽ നിലനിൽക്കാൻ ആവശ്യമായ അനുഗ്രഹങ്ങൾ നൽകണമേയെന്ന് സമാധാനത്തിന്റെ ചക്രവർത്തിയോട് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com



# സ്നേഹിതനായ ദൈവപുത്രൻ

യേശുവിനെ നമ്മുടെ രക്ഷകനും നാഥനും കർത്താവും രാജാവുമായി നാം ആരാധിക്കുന്നു. എന്നാൽ ഒരു കൂട്ടുകാരനായി യേശുവിനെ സ്വീകരിക്കുവാൻ പലർക്കും സാധിക്കുന്നില്ലെന്ന് തോന്നുന്നു. ഒരു കൂട്ടുക്കാരനോടെന്നപ്പോലെ യേശുവിനോട് ബന്ധപ്പെടാൻ നാം മടി കാണിക്കേണ്ടതില്ല. ശ്ലീഹന്മാരുടേയും ശിഷ്യന്മാരുടേയും ഗുരുവായ യേശുനാഥൻ അവരുടെ കൂട്ടുകാരനുമാണ്. ഒരു കൂട്ടുകാരന്റെ മുമ്പിൽ ആത്മാർത്ഥതയോടെ നാം ഹൃദയം തുറന്നുവയ്ക്കും. അയാൾക്കെതിരായി ഒരു തിന്മയും നാം ചിന്തിക്കുകയില്ല. അയാളുടെ ഇഷ്ടം നിറവേറ്റു ന്നതിൽ നാം ആഹ്ലാദിക്കുകയും ചെയ്യും. കൂട്ടുകാരനെ ഇങ്ങനെയാണ് സ്നേഹിക്കുന്നതെങ്കിൽ യേശുവിനോട് നാം എത്രമാത്രം സ്നേഹം പ്രകടിപ്പിക്കണം. കർത്താവിന്റെ തിരുഹിതം നിറവേറ്റുന്ന ആത്മമിത്ര ങ്ങളായി നമ്മൾ മാറണം.

യേശു നമ്മെ സ്നേഹിക്കുന്നതുപോലെ നമ്മളും അവിടുത്തെ സ്നേഹിക്കണം. നമുക്കുവേണ്ടി സ്വന്തം ജീവൻ നൽകികൊണ്ടാണ് യേശുതമ്പുരാൻ നമ്മെ സ്നേഹിച്ചത്. അവിടുന്ന് അരുൾ ചെയ്തു: "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹന്നാൻ 15:13). സൃഷ്ടികളായ നമ്മെ മക്കളും സ്നേഹിതരുമായി സ്വീകരിച്ചു എന്നതാണ് കർത്താവിന്റെ സ്നേഹത്തിന്റെ

പ്രത്യേകത. സ്നേഹനിധിയായ കർത്താവ് ഇങ്ങനെ കല്പിച്ചരുളി: “ഞാൻ നിങ്ങളോട് കൽപ്പിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതരാണ്. ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്ന് വിളിക്കുകയില്ല” (യോഹന്നാൻ 15:15). നമ്മെ സ്നേഹിതരായി കാണുന്ന കർത്താവിനെ സ്നേഹിതനായി സ്വീകരിക്കാൻ നാം തയ്യാറാകണം.

എല്ലാവിധത്തിലും നമ്മൾ കർത്താവിനെ സ്നേഹിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. സ്നേഹം നിറഞ്ഞ ഹൃദയത്തോടുകൂടി യേശുവിനെ നാം ഉൾക്കൊള്ളണം. തിരുവചനം വ്യക്തമാക്കുന്നു: നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക. (മർക്കോസ് 12:30). പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും സ്നേഹം നൽകുന്ന യേശുനാഥൻ ഒരു സ്നേഹിതനായി നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും നമ്മോടൊത്ത് വസിക്കുന്നു. അതുകൊണ്ട് കർത്താവായ യേശുതമ്പുരാനെ സ്നേഹിതൻ എന്ന നിലയിലും നമുക്ക് സ്വീകരിക്കാം.

www.malankaralibrary.com

# അയൽക്കാരന്റെ കാവൽക്കാരനാവുക

അയൽക്കാരനെ സ്നേഹിക്കാനാണ് കർത്താവ് കൽപ്പിച്ചരുളിയിരിക്കുന്നത്. തിരുവചനം ഇങ്ങനെ പ്രഘോഷിക്കുന്നു: “നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക” (മാർക്കോസ് 12:31). അയൽ ക്കാരനേയും വേദന അനുഭവിക്കുന്ന നിസ്സഹായനേയും സ്നേഹിക്കാനാണ് കർത്താവ് എപ്പോഴും ആവശ്യപ്പെടുന്നത്. നല്ല സമരിയാക്കാരന്റെ കഥയിലൂടെ കർത്താവ് അത് വ്യക്തമാക്കുന്നു. ആരാണ് എന്റെ അയൽക്കാരൻ? നിയമജ്ഞൻ വിശദീകരിക്കാൻ അപേക്ഷിച്ചപ്പോൾ, അതിമനോഹരമായ നല്ല സമരിയാക്കാരന്റെ കഥയിലൂടെ കർത്താവ് അയൽക്കാരനെ അവതരിപ്പിച്ചു. അതിനുശേഷം കർത്താവ് പറഞ്ഞു: “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്ക 10:37). കർത്താവിന്റെ ആ കല്പന നാം അനുസരിക്കുമ്പോൾ, അയൽക്കാരന്റെ കാവൽക്കാരനും സംരക്ഷ കനുമായി നമ്മൾ മാറും.

ഉല്പത്തി നാലാം അധ്യായത്തിൽ കായേൻ സ്വന്തം സഹോദരനെ വധിച്ച സംഭവം വിവരിക്കുന്നുണ്ടല്ലോ. ദൈവം കായേനോട് ചോദിച്ചു: “നിന്റെ സഹോദരൻ ആബേൽ എവിടെ?” (ഉല്പത്തി 4:9). കായേൻ പ്രതിവചിച്ചു: “എനിയ്ക്കറിഞ്ഞു കൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?” കായേന്റെ ധിക്കാരം നിറഞ്ഞ മനോഭാവവും മറുപടിയും നമ്മളിൽ പലരും സ്വീകരിച്ചിട്ടുണ്ട്; അനുകരിക്കുന്നുണ്ട്. ദൈവത്തിന്റെ

തിരുമനസ്സ് തിരിച്ചറിഞ്ഞുകൊണ്ട്, അയൽക്കാരന്റെ കാവൽക്കാരനാകാനുള്ള എളിമയും സ്നേഹവും നമുക്ക് പ്രകടിപ്പിക്കാം. സഹോദരന്റെ അല്ലെങ്കിൽ അയൽക്കാരന്റെ കാവൽക്കാരനാവുകയെന്ന് പറഞ്ഞാൽ, ആയുധം ധരിച്ച് സെക്യൂരിറ്റി ഗാർഡായി കാവൽ നിൽക്കുകയെന്നല്ല ഉദ്ദേശിക്കുന്നത്. അയൽക്കാരൻ വേദനിക്കുമ്പോഴും അയാൾ രോഗിയായി കിടക്കുമ്പോഴും പട്ടിണി മൂലം ദുരിതമനുഭവിക്കുമ്പോഴും നല്ല സമരിയാക്കാരനെപ്പോലെ നല്ല അയൽക്കാരനായി നാം ഓടിയെത്തണം. അതാണ് കർത്താവ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളും പരസ്പരം നല്ല അയൽക്കാരായി തീരുന്നതിനും സാഹോദര്യം നിലനിർത്തുന്നതിനും പരിശ്രമിക്കട്ടെ; കർത്താവ് അനുഗ്രഹം വർഷിക്കും.

www.malankaralibrary.com



# നിർമലമായ സ്നേഹം

വേദനകളുടേയും ദുരിതങ്ങളുടേയും മദ്ധ്യേനിന്നുകൊണ്ട് യേശുവിനെ പൂർണഹൃദയത്തോടെ സ്നേഹിക്കാൻ കഴിയുന്നുണ്ടെങ്കിൽ, നമ്മുടെ സ്നേഹം നിഷ്കളങ്കമായിരിക്കും; നിർമലമായിരിക്കും. ആ സ്നേഹത്തിൽ ഉറച്ചുനിൽക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ യേശുവിനാണ് നാം പ്രഥമസ്ഥാനം നൽകുക. എന്നാലിപ്പോൾ നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നത് ആർക്കാണ്? ചിലർ ജീവിതപങ്കാളിക്കും മക്കൾക്കുമാണ് പ്രഥമസ്ഥാനം നൽകിയിരിക്കുന്നത്. കൂട്ടുക്കാർക്ക് പ്രഥമസ്ഥാനം നൽകിയിരിക്കുന്നവരേയും കണ്ടെത്താൻ കഴിയും. വേറെ ചിലരാകട്ടെ താരങ്ങൾക്ക് പ്രഥമസ്ഥാനം കൽപ്പിച്ചു നൽകിയിട്ടുള്ളവരാണ്. അധികാരത്തിലുള്ളവർക്കും ഉദ്യോഗസ്ഥ മേധാവികൾക്കും പ്രഥമസ്ഥാനം നൽകിയിട്ടുള്ളവരുണ്ട്. സ്ഥാനമാനങ്ങൾക്കും പദവികൾക്കും മറ്റെന്തിനേക്കാളും ഉപരിയായി പ്രഥമസ്ഥാനം നൽകുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്. എന്നാൽ കർത്താവായ യേശുനാഥൻ അരുളിചെയ്തിരിക്കുന്നത് ഇങ്ങനെയാണ്: “എന്നേക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവർ എനിക്കു യോഗ്യനല്ല. എന്നേക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല” (മത്തായി 10:37).

www.malankaralibrary.com


നമ്മുടെ സൃഷ്ടാവും പരിപാലകനും രക്ഷകനുമായ കർത്താവിനാണ് പ്രഥമസ്ഥാനം നൽകേണ്ടതെന്ന് പലരും മനസ്സിലാക്കിയിട്ടില്ല. മനുഷ്യർക്ക് പ്രഥമസ്ഥാനം നൽകി ദൈവത്തെ അവഗണിക്കുകയാണ് മനുഷ്യർ. നമ്മുടെ ഹൃദയത്തിൽ യേശുതമ്പുരാന് അമൂല്യമായ സ്ഥാനം നൽകിയിട്ടുണ്ടെങ്കിൽ എല്ലാ മനുഷ്യർക്കും അർഹതപ്പെട്ട വില കൽപ്പിക്കാൻ നമുക്ക് സാധിക്കും. പ്രഥമസ്ഥാനം നൽകി ഈശോയെ സ്നേഹിക്കുമ്പോൾ എല്ലാ മനുഷ്യരേയും സ്നേഹിക്കാൻ കഴിയുന്നവിധത്തിൽ നമ്മുടെ ഹൃദയം സ്നേഹംകൊണ്ട് നിറയും. പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ യേശുവിനെ സ്നേഹിക്കുമ്പോൾ (മാർക്കോസ് 12:30) നമ്മുടെ ഹൃദയത്തിൽ നിന്ന് സ്വാർത്ഥതയും ദുഷ്ടതയും അപ്രത്യക്ഷമാകും.

മനുഷ്യരോടുള്ള നമ്മുടെ സ്നേഹത്തിന്റെ പുറകിൽ ഭൗതികമായ കുറെ മോഹങ്ങൾ നാം ഒളിച്ചുവച്ചിട്ടുണ്ട്. എന്നാൽ കർത്താവിന്റെ സ്നേഹം വിശുദ്ധവും പൂർണവും നിർമലവുമാണ്. കർത്താവിനെ നാം സ്നേഹിക്കാൻ തുടങ്ങുമ്പോൾ നമ്മുടെ സ്നേഹം വിശുദ്ധീകരിക്കപ്പെടും. കർത്താവേ, നിസ്വാർത്ഥവും നിഷ്കളങ്കവുമായ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയം നിറയ്ക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# കഷ്ടതയുടെ നാളുകളിൽ

കഷ്ടപ്പാടുകളും ക്ലേശങ്ങളും നമ്മുടെ ജീവിതത്തിൽ സംഭവിക്കുമെന്ന് വിശുദ്ധഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ ജീവിതത്തിൽ കഷ്ടതകൾ ഉണ്ടാവുകയില്ലെന്ന് ദൈവം പറഞ്ഞിട്ടില്ല. തീർച്ചയായും നമുക്ക് കഷ്ടതകൾ നേരിടേണ്ടിവരും. എന്നാൽ കഷ്ടപ്പാടുകളുടേയും ദുരിതങ്ങളുടേയും ദിനങ്ങളിൽ ദൈവമായ കർത്താവ് നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. കർത്താവ് കല്പിച്ചരുളിയിരിക്കുന്നത് ഇങ്ങനെയാണ്: "അവന്റെ കഷ്ടതയിൽ ഞാൻ അവനോട് ചേർന്നുനിൽക്കും. ഞാൻ അവനെ മോചിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യും" (സങ്കീ. 91:15). നമ്മുടെ വേദനകളിലും തകർച്ചകളിലും കർത്താവായ യേശുനാഥൻ നമ്മോട് ചേർന്ന് നിൽക്കുമ്പോൾ, അതിനേക്കാൾ വലിയൊരു ആശ്വാസവും സംരക്ഷണവും വേറെയില്ല.

കഷ്ടതകളുടെ നാളുകളിൽ നമ്മെ സമാധാനിപ്പിക്കാനും ശക്തിപ്പെടുത്താനും ദൈവം തുണയായി നമ്മോടുകൂടെയുണ്ട്. സങ്കീർത്തകൻ ഉൽഘോഷിക്കുന്നു: "ദൈവമാണ് നമ്മുടെ അഭയവും ശക്തിയും. കഷ്ടതകളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ്" (സങ്കീ. 46:1). ഒരു കാഴ്ചക്കാരൻ എന്ന നിലയിലല്ല ദൈവം നമ്മോടുകൂടെ നില്ക്കുന്നത്. സങ്കീർത്തകൻ പ്രഘോഷിക്കുന്നതിങ്ങനെയാണ്: "കഷ്ടപ്പാടുകളും ക്ലേശങ്ങളും അങ്ങ് തീർച്ചയായും കാണുന്നുണ്ട്. അങ്ങ് അവ ഏറ്റെടുക്കും" (സങ്കീർത്തനങ്ങൾ 10:14). ഇതാണ് സങ്കീർത്തകന്റെ സാക്ഷ്യം: "ഈ എളിയവൻ നിലവിളിച്ചു. കർത്താവ് കേട്ടു. എല്ലാ കഷ്ടതകളിലും നിന്ന് എന്നെ രക്ഷിക്കുകയും ചെയ്തു" (സങ്കീർത്തനങ്ങൾ 34:6).

www.malankaralibrary.com


കർത്താവ് കാരുണ്യവാനാണെന്ന് പ്രഘോഷിക്കുന്ന പ്രഭാഷകൻ അവിടുന്ന് നൽകുന്ന രക്ഷയെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "കർത്താവ് ആർദ്രഹൃദയനും കരുണാമയനുമാണ്. അവിടുന്ന് പാപങ്ങൾ ക്ഷമിക്കുകയും കഷ്ടതയുടെ ദിനങ്ങളിൽ രക്ഷയ്ക്കെത്തുകയും ചെയ്യുന്നു" (പ്രഭാഷകൻ 2:11). പാപങ്ങളിൽ നിന്ന് നമ്മെ വീണ്ടെടുത്ത യേശുതമ്പുരാൻ കഷ്ടപ്പാടുകളിൽനിന്ന് നമുക്ക് അഭയം നൽകുന്ന രക്ഷകനുമാണ്. സങ്കീർത്തകൻ സ്വന്തം അനുഭവത്തിൽ നിന്ന് വെളിപ്പെടുത്തുന്ന സാക്ഷ്യം ഇതാണ്: "എന്റെ കഷ്ടതയുടെ കാലത്ത് അങ്ങ് എന്റെ കോട്ടയും അഭയവുമായിരുന്നു" (സങ്കീർത്തനങ്ങൾ 59:16). നമ്മുടെ രക്ഷകനായ ഈശോനാഥൻ അറിയാതെ ഒന്നും തന്നെ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. എല്ലാ വേദനകളും കർത്താവിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണ് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത്. ഏശയ്യാ പ്രഘോഷിക്കുന്നതിപ്രകാരമാണ്: "കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും" (ഏശയ്യാ 30:20).

കഷ്ടകാലത്ത് നമുക്ക് അഭയവും രക്ഷയും നൽകുന്ന കർത്താവിന്റെ കാരുണ്യത്തെപ്പറ്റി സങ്കീർത്തകൻ വീണ്ടും വീണ്ടും ഉൽഘോഷിക്കുന്നു: "ക്ലേശകാലത്ത് അവിടുന്ന് തന്റെ ആലയത്തിൽ എനിക്ക് അഭയം നൽകും. തന്റെ കൂടാരത്തിനുള്ളിൽ എന്നെ ഒളിപ്പിക്കും" (സങ്കീ. 27:5). ക്ലേശങ്ങളുടെ നടുവിൽ ജീവിക്കുമ്പോഴും കർത്താവ് രക്ഷിക്കുമെന്നുള്ള ഉറച്ച ബോധ്യമാണ് നമുക്ക് വേണ്ടതെന്ന് സങ്കീർത്തകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. കഷ്ടതയുടെ ദിനങ്ങളിൽ, നിരാശയിൽ മുങ്ങിനിൽക്കാതെ കർത്താവിന്റെ കാരുണ്യത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു: "അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും" (സങ്കീർത്തനങ്ങൾ 50:15).

ജീവിതത്തിൽ ദുരിതങ്ങളുണ്ടാകുമ്പോൾ സ്വയം ശപിക്കുകയും കർത്താവിനെതിരെ പിറുപിറുക്കുകയും ചെയ്യുന്നവരുണ്ടല്ലോ. എന്നാൽ സങ്കീർത്തകൻ ഏറ്റുപറയുന്നു: "ദുരിതങ്ങൾ എനിക്കു ഉപകാരമായി; തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ" (സങ്കീ. 119:71) ദുരിതങ്ങളിലും കഷ്ടപ്പാടുകളിലും കർത്താവിന്റെ കാരുണ്യം നമ്മുടെ മേൽ ചൊരിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# സ്വയം തിരിച്ചറിയുക

സ്വയം തിരിച്ചറിയാൻ കഴിയാതെപോയ ധാരാളമാളുകൾ എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. ആദ്യമാതാപിതാക്കളായ ആദത്തിനും ഹവ്വായ്ക്കും തങ്ങൾ ആരാണെന്ന് വ്യക്തമായ ധാരണയും ബോധ്യവും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ദൈവവുമായുള്ള ബന്ധത്തിൽ തകർച്ചകൾ സംഭവിച്ചു. പിന്നീട് യേശുക്രിസ്തു വഴി ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കപ്പെട്ടു എന്നത് ദൈവത്തിന്റെ കാരുണ്യമാണ്.

സർവാധികാരങ്ങളുടേയും സർവസമ്പത്തിന്റേയും സർവസൗഭാഗ്യങ്ങളുടേയും അധിപനായ ദൈവത്തിന്റെ മകനും മകളുമാണ് തങ്ങളെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ആദത്തിനും ഹവ്വാക്കും കഴിഞ്ഞില്ല. എപ്പോഴും ദൈവത്തെ സ്നേഹിക്കാനും അവിടുത്തോട് വിശ്വസ്തരായിരിക്കാനും അവർ തയ്യാറായില്ല. സ്വർഗസ്ഥനായ പിതാവിന്റെ മക്കളെന്ന നിലയിൽ അഭിമാനിക്കാനും സന്തോഷിക്കാനും അവർ ആഗ്രഹിച്ചില്ല. ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലുമാണ് തങ്ങളെ സൃഷ്ടിച്ചതെന്ന് (ഉല്പത്തി 1:26) അവർ വിസ്മരിച്ചു. ഭൂമിയുടേയും എല്ലാ ജീവജാലങ്ങളുടേയും മേൽ പൂർണാധികാരമുള്ള മക്കളാണ് തങ്ങളെന്ന സത്യം അവരെ തൃപ്തരാക്കിയില്ല. അവർക്ക് ദൈവത്തെപ്പോലെ ആയിത്തീരാനായിരുന്നു ആഗ്രഹം. സ്വയം തിരിച്ചറിഞ്ഞ് വിവേകത്തോടുകൂടി ജീവിക്കാൻ കഴിയാതെ പോയതുകൊണ്ട് സർവസൗഭാഗ്യങ്ങളും നഷ്ട

www.malankaralibrary.com


പ്പെട്ടു; ജീവിതം ദുഃഖപൂർണമായിത്തീരുകയും ചെയ്തു. വഞ്ചകനായ സാത്താൻ നൽകിയ വ്യാമോഹങ്ങളിൽ അവർ കാലിടറി വീണുപോയി. തങ്ങളുടെ പദവിയുടെ ഔന്നത്യം എത്രമാത്രം വലുതാണെന്ന് ആദ്യ മാതാപിതാക്കൾ ഗ്രഹിച്ചില്ല.

മനുഷ്യർ ദൈവമക്കളെന്ന സ്ഥാനം നഷ്ടപ്പെടുത്തിക്കൊണ്ട് കൂടുതൽ സുഖസൗകര്യങ്ങൾക്കുവേണ്ടി സാത്താന്റെ പുറകെ പായുകയാണ്; ഈ പ്രയാണം പരാജയത്തിലേക്കാണ് നയിക്കുന്നത്. ബൈബിളിൽ ചിത്രീകരിക്കുന്ന ധൂർത്തപുത്രന്റെ കഥയും വ്യത്യസ്ഥമല്ല. വിലമതിക്കാനാവാത്ത സമ്പത്തിന്റേയും അനേകം ദാസീദാസന്മാരുടേയും ഉടമയായ പിതാവിനെ ഉപേക്ഷിച്ചുകൊണ്ടാണ് അവൻ ദുർമോഹങ്ങളുടെ പുറകെ പോയത്. സ്നേഹനിധിയും സമ്പന്നനുമായ പിതാവിന്റെ മകനായിരിക്കുന്നതിൽ അഭിമാനം കൊള്ളാൻ ധൂർത്തപുത്രന് സാധിച്ചില്ല. ലോകമോഹങ്ങളിൽ വീണു പോയ അവൻ, പുത്രസ്ഥാനത്തിനു വില കല്പിക്കാതെയാണ് വിദൂരങ്ങളിലേക്ക് നടന്നുകയറിയത്. ആ യാത്ര പൂർണമായ തകർച്ചയിലേക്കാണ് അവനെ നയിച്ചതെന്ന് നമുക്കറിയാമല്ലോ.

ധൂർത്തപുത്രൻ അനുഭവിച്ചതുപോലെ ഒരു തകർച്ച സംഭവിക്കുന്നതുവരെ നാം കാത്തിരിക്കേണ്ടതില്ല. എത്രയും വേഗത്തിൽ ദൈവത്തിങ്കലേക്ക് നമുക്ക് തിരിച്ചുവരാം. നാം ദൈവത്തിന്റെ മക്കളാണെന്ന് വിശ്വസിക്കാനും അതുവഴി വിശുദ്ധവും നിർമലവുമായ ഒരു ജീവിതം നയിക്കാനും നമുക്ക് സാധിക്കണം. അപ്പോൾ സമാധാനപൂർണമായൊരു ജീവിതം പിതാവായ ദൈവം നമുക്ക് സമ്മാനിക്കും. തിരുവചനത്തിൽ ഇങ്ങനെ കല്പിച്ചരുളിയിട്ടുണ്ടല്ലോ. “കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്. ദൈവമക്കളെന്ന് നാം വിളിക്കപ്പെടുന്നു; നാം അങ്ങിനെയാണ് താനും” (1 യോഹന്നാൻ 3:1). പിതാവായ ദൈവത്തിന്റെ മക്കളായ നാം അതിനു ചേർന്ന വിധത്തിലാണ് ജീവിക്കേണ്ടതെന്ന് തിരിച്ചറിയണം. ആ തിരിച്ചറിവ് ദൈവവുമായി ഗാഢമായൊരു ബന്ധം ഊട്ടി ഉറപ്പിക്കാൻ നമ്മെ പ്രാപ്തരാക്കും.

www.malankaralibrary.com

# മുൾച്ചെടിയാകരുതേ.....

"ഒരുവൻ വചനം ശ്രവിക്കുന്നു; എന്നാൽ ലൗകികവ്യഗ്രതയും ധനത്തിന്റെ ആകർഷണവും വചനത്തെ ഞെരുക്കുകയും അത് ഫലശൂന്യമാവുകയും ചെയ്യുന്നു. ഇവനാണ് മുള്ളുകളുടെയിടയിൽ വീണ വിത്ത്" (മത്തായി 13:22). വിതക്കാരന്റെ ഉപമ വിശദീകരിച്ച അവസരത്തിൽ യേശുനാഥൻ പറഞ്ഞ വചനങ്ങളാണിത്. പാപമോഹങ്ങളിൽ മുങ്ങി നിൽക്കുകയും ദ്രവ്യാഗ്രഹങ്ങളിൽ കുടുങ്ങി കിടക്കുകയും ചെയ്യുന്ന വ്യക്തികളെയാണ് കർത്താവ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനസ്സിലെ ദുർമോഹങ്ങളാണ് വചനത്തെ ഞെരുക്കുന്നതെന്ന് അവിടുന്ന് വിശദീകരിക്കുന്നു.

എന്നാൽ ചിലയാളുകൾ, മറ്റുള്ളവർക്ക് വളർന്നുവരാൻ സാധിക്കാത്തവിധത്തിൽ മുൾച്ചെടികളായി മാറുന്നുണ്ട്. അവർ സ്വയം വളരുകയില്ല; മറ്റുള്ളവരെ വളർത്തുകയുമില്ല. ഇത്തരമാളുകളും മുകളിൽ പറഞ്ഞ വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവരാണ്. സ്വന്തം ഭവനത്തിൽ, ഇടവകയുടെ വിവിധ കൂട്ടായ്മകളിൽ, ജോലി ചെയ്യുന്നിടങ്ങളിൽ മുള്ളുകളായി, മുൾച്ചെടികളായി മറ്റുള്ളവരെ ഞെരുക്കുന്നവർ.

എന്നാൽ ഒരു വാക്ക് കൊണ്ട് സഹോദരങ്ങളെ പ്രോൽസാഹിപ്പിക്കാനും വളർത്താനും നമുക്ക് അവസരങ്ങൾ ലഭിക്കും. അത് നാം പ്രയോജനപ്പെടുത്തണം. നമ്മുടെ ചെറിയൊരു സഹായംകൊണ്ട് ആത്മീയ

www.malankaralibrary.com


മായും ഭൗതികമായും ഉയർന്നുവരാൻ മറ്റുള്ള സഹോദരങ്ങൾക്ക് സാധിക്കും. അങ്ങിനെ മറ്റുള്ളവർക്ക് വളർന്നുവരാൻ കഴിയുന്നവിധത്തിൽ നാം വെള്ളവും വളവുമായി മാറണം. അത് സാധ്യമാകണമെങ്കിൽ തിരുവചനം നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കണം; വചനം നമ്മെ നയിക്കണം; വചനം നമ്മെ ഭരിക്കണം. അപ്പോൾ നമ്മുടെ ഹൃദയങ്ങളിൽ മുള്ളുകളുണ്ടാവുകയില്ല; നമുക്ക് മുൾച്ചെടികളാകാനും കഴിയുകയില്ല. വളരാനും വളർത്താനും കഴിയുന്നവിധത്തിൽ വചനം നമ്മെ ശക്തരാക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com



# ഈസ്റ്റർ ആഘോഷിക്കുമ്പോൾ

മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ യേശുനാഥൻ മനുഷ്യകുലത്തിനു പ്രത്യാശയും രക്ഷയും നൽകുന്ന ശക്തികേന്ദ്രമാണ്. തിരുവചനങ്ങളിലൂടെ ഇങ്ങനെ പ്രഘോഷിക്കുന്നു: "യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമ 10:9). പാപത്തിൽനിന്ന് നമ്മെ നിത്യജീവനിലേക്ക് കൈപിടിച്ചുയർത്തിയ ജീവന്റെ നാഥനായ മിശിഹാതമ്പുരാനിൽ വിശ്വസിക്കുന്നവന് അവിടുന്ന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു: "ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങിനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹന്നാൻ 11:25). ഈസ്റ്റർ നമുക്ക് നൽകുന്ന ഉറപ്പും വാഗ്ദാനവും അതാണ്.

നാമെല്ലാവരും വിശുദ്ധിയിൽ നിലനിൽക്കണമെന്നതാണ് കർത്താവിന്റെ തിരുഹിതം. വിശുദ്ധിയിൽ നിലനിൽക്കണമെങ്കിൽ പാപത്തിൽനിന്ന് ഒരു ഉയിർത്തെഴുന്നേൽപ്പ് നമുക്ക് ആവശ്യമാണ്. പാപത്തിൽനിന്ന് നമ്മെ മോചിപ്പിക്കാനുള്ള ശക്തിയും അധികാരവും പുനരുത്ഥാനം ചെയ്ത യേശുവിനു മാത്രമാണുള്ളത്. യേശുനാഥനാണ് നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി സ്വന്തം ജീവൻ ബലിയായി നൽകിയത്. തിരുവചനം ഇങ്ങനെ വ്യക്തമാക്കുന്നു. "വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കു

www.malankaralibrary.com


വേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതു പോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു" (1 കൊറിന്തോസ് 15:4).

കർത്താവ് മനുഷ്യവർഗത്തെ പാപത്തിൽ നിന്ന് വീണ്ടെടുത്ത് സ്വർഗത്തിന്റെ അവകാശികളാക്കി മാറ്റി. ആ അവകാശം അനുഭവിക്കാനുള്ള അർഹത നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം. അതുകൊണ്ട് പാപത്തിൽനിന്ന് വിശുദ്ധിയിലേക്കുള്ള ഒരു ഉയിർത്തെഴുന്നേൽപ്പ് ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് നമ്മൾ. വിശുദ്ധി പൂർണത കൈക്കൊള്ളണമെങ്കിൽ, കാരുണ്യം നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും നിറഞ്ഞുനിൽക്കണം. കാരുണ്യമില്ലാത്ത വിശുദ്ധി നിർജ്ജീവമാണ്.

ആദ്ധ്യാത്മികതലങ്ങളിലെന്നതുപോലെ തന്നെ ഭൗതികതലങ്ങളിലും ഒരു ഉയിർത്തെഴുന്നേൽപ്പ് ലോകത്തിന് ആവശ്യമുണ്ട്. പട്ടിണി, ദാരിദ്ര്യം, രോഗം മുതലായ ദുരിതങ്ങളിൽ മുങ്ങിനിൽക്കുന്നവർക്ക് ആശ്വാസം നൽകാനുള്ള പ്രവർത്തനങ്ങൾ ക്രിസ്ത്യാനികളായ നമ്മിൽനിന്നാണ് ലോകം പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് കഷ്ടത അനുഭവിക്കുന്നവരുടെ കണ്ണുനീർ കണ്ടില്ലെന്ന് ക്രിസ്ത്യാനി നടിക്കരുത്. ക്രിസ്തുവിനുവേണ്ടി ത്യാഗങ്ങളും കാരുണ്യപ്രവൃത്തികളും നാം ചെയ്തേ മതിയാകൂ. സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർക്കുവേണ്ടി നാം പ്രവർത്തിക്കുമ്പോൾ ക്രിസ്തുവിനുവേണ്ടി തന്നെയാണ് പ്രവർത്തിക്കുന്നത്. കർത്താവ് ഇങ്ങനെ അരുളിചെയ്തിട്ടുണ്ടല്ലോ. "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ, എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്തായി 25:40).

കർത്താവിനെ ധ്യാനിക്കുമ്പോൾ അവിടുത്തെ പീഢാസഹനങ്ങളും കുരിശുമരണവും ഉത്ഥാനവും നമുക്ക് ശക്തിയും വിശുദ്ധിയും നേടിയെടുക്കാനുള്ള പ്രചോദനം നൽകുന്നുണ്ട്. അതിനാൽ സഹനങ്ങൾ ഏറ്റെടുത്തുകൊണ്ട് കർത്താവിനുവേണ്ടി ജീവിക്കാൻ നാം പ്രാപ്തരായിതീരും. പീഢാസഹനങ്ങളിലൂടെ കടന്നുവന്നതിനുശേഷം മാത്രമേ ഉയിർപ്പുത്തിരുന്നാൾ ആഘോഷിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കർത്താവിനെ പ്രതി സഹനങ്ങൾ ഏറ്റെടുക്കേണ്ടിവരു

മ്പോൾ നാം സന്തോഷിക്കണം. കാരണം യേശുനാഥനെ നാം സ്നേഹിക്കുന്നു. എങ്ങിനെയാണ് കർത്താവിനെ സ്നേഹിക്കേണ്ടതെന്ന് തിരുവചനം വ്യക്തമാക്കുന്നുണ്ട്: “നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കുക” (മാർക്കോസ് 12:30). ഈ വിധത്തിൽ ദൈവത്തെ സ്നേഹിക്കുമ്പോൾ, ദുഃഖങ്ങളും വേദനകളും ഏറ്റെടുക്കേണ്ടിവരുമ്പോൾ നാം ആനന്ദിക്കും; സഹോദരങ്ങൾക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നതിൽ നാം ആഹ്ലാദിക്കും.

ഈസ്റ്റിനുമുമ്പുള്ള ദിവസങ്ങളിൽ കൊച്ചു കൊച്ചു ത്യാഗങ്ങൾ നാം അനുഷ്ഠിച്ചിട്ടുണ്ട്. കുറച്ചുദിവസത്തേക്ക് മദ്യവും മൽസ്യവും മാംസവും ഉപേക്ഷിക്കുവാൻ നമ്മിൽ പലർക്കും സാധിച്ചു. എന്നാൽ ഉപേക്ഷിച്ചത് ഈസ്റ്റർദിനത്തിൽ നാലിരട്ടിയായി ഉപയോഗിക്കുകയാണ് നാം ചെയ്യുന്നത്. ഉപവാസത്തിലൂടെയും ത്യാഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടേയും നേടിയെടുത്ത ആത്മീയചൈതന്യം ചോർന്നുപോകാൻ ഈസ്റ്റർ ആഘോഷങ്ങൾ കാരണമാകരുത്. മദ്യം ഉപേക്ഷിച്ചുകൊണ്ട് ഈസ്റ്റർ ആഘോഷിക്കാനുള്ള ശക്തിയും കരുത്തും നാം പ്രകടിപ്പിക്കണം. കർത്താവിന്റെ പീഢാസഹനങ്ങൾ ധ്യാനിച്ച് ശക്തരായി തീർന്ന നാം, സാത്താനെ തകർക്കാനുള്ള ശക്തിയാണ് നേടിയെടുത്തത്. എന്നാൽ വീണ്ടും നാം മദ്യലഹരിയിൽ വീണുപോയാൽ സാത്താൻ നമ്മെ തകർക്കും. അതുകൊണ്ട് എപ്പോഴും മദ്യത്തിനെതിരായ മനോഭാവം നമ്മിൽ നിലനിൽക്കണം.

ഈസ്റ്റർദിനാഘോഷങ്ങൾ തിന്ന് കുടിച്ച് മദിക്കാനുള്ള അവസരമായി ആരും കാണരുത്. ഇടവകയിൽ എവിടെയെങ്കിലും ദാരിദ്ര്യത്തിന്റെ പിടിയിലമർന്നു ഞെരുങ്ങുന്ന സഹോദരങ്ങളെ കണ്ടെത്താനാവും. അവർക്ക് ആശ്വാസവും സഹായവും നൽകികൊണ്ട് അവരോടൊപ്പം നമുക്ക് ഈസ്റ്റർ ആഘോഷിക്കാം. അങ്ങിനെ സഹോദരങ്ങൾക്ക് പട്ടിണിയിൽ നിന്ന് ഒരു ഉയിർത്തെഴുന്നേൽപ്പ് നൽകികൊണ്ട്, മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവിനെ നമുക്ക് മഹത്വപ്പെടുത്താം. യേശുവിന്റെ യഥാർത്ഥ ശിഷ്യരായി ഉയിർത്തെഴുന്നേൽക്കാനുള്ള ഒരു ദൈവവിളി ഈസ്റ്റർ ദിനത്തിൽ ഉയരുന്നുണ്ട്; ആ വിളി കേൾക്കുവാൻ നമുക്ക് ഹൃദയമൊരുക്കാം.

www.malankaralibrary.com

# ഈശോ പിശുക്കനല്ല

സർവസമ്പത്തിന്റേയും അധിപനായ ഈശോനാഥൻ നമുക്ക് സമൃദ്ധി നൽകാൻ മടിയില്ലാത്തവനാണ്. അവിടുന്ന് മക്കൾക്കുവേണ്ടി എല്ലാം പങ്കുവച്ചുകൊടുക്കുന്നു. സ്വന്തം ജീവൻ പോലും നമുക്കുവേണ്ടി നൽകിയ കർത്താവ് അരുളിചെയ്തിരിക്കുന്നത് ഇങ്ങനെയാണല്ലോ: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹന്നാൻ 10:10). എല്ലാം സമൃദ്ധിയായി നൽകുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

തിരുവചനങ്ങൾ ശ്രവിക്കാനും ഗ്രഹിക്കാനും വന്നുകൂടിയ ആയിരക്കണക്കിനാളുകൾക്ക് ഭക്ഷണം നൽകുന്ന കാര്യത്തിലും യേശുനാഥൻ സമൃദ്ധി കാണിച്ചു. അഞ്ചപ്പവും രണ്ടു മീനും എടുത്ത് സ്വർഗത്തിലേക്കു നോക്കി കൃതജ്ഞതാസ്തോത്രം ചെയ്ത് മുറിച്ച് അയ്യായിരം പുരുഷന്മാർക്ക് ഭക്ഷിക്കാൻ നൽകി. അവർ ഭക്ഷിച്ചു തൃപ്തരായി എന്നു മാത്രമല്ല, ബാക്കിവന്നത് പന്ത്രണ്ട് കുട്ടനിറയെ ശിഷ്യന്മാർ ശേഖരിക്കുകയും ചെയ്തു. (മാർക്കോസ് 6:44) സമൃദ്ധി നൽകാൻ മടിയില്ലാത്ത കർത്താവിനെയാണ് നാമിവിടെ കാണുന്നത്. മറ്റൊരവസരത്തിൽ നാലായിരം പേർക്ക് ഭക്ഷണം വിളമ്പിയപ്പോഴും ഇതേ സമൃദ്ധി തന്നെ കർത്താവ് പ്രകടമാക്കി (മർക്കോസ് 8:8).

www.malankaralibrary.com


യേശുവിന്റെ പുനരുത്ഥാനത്തിനുശേഷം, ഒരു രാത്രിയിൽ ശിമയോൻ പത്രോസും മറ്റു ശിഷ്യന്മാരും കൂടി മീൻ പിടിക്കാൻ പോയി. കഠിനാദ്ധ്വാനം ചെയ്തിട്ടും അവർക്ക് മീനൊന്നും കിട്ടിയില്ല. യേശു അവരുടെ അരികെ വന്ന് വള്ളത്തിന്റെ വലതുവശത്ത് വലയിടുക, അപ്പോൾ നിങ്ങൾക്ക് കിട്ടും എന്ന് കല്പിച്ചു. അവർ വലയിറക്കി. വലയിൽ അകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അത് വലിച്ചുകയറ്റാൻ അവർ വളരെ അധികം ബുദ്ധിമുട്ടേണ്ടിവന്നു.

ഏശയ്യാ പ്രവാചകനിലൂടെ ദൈവം ഇങ്ങനെയൊരു വാഗ്ദാനം നൽകുന്നുണ്ട്: “കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും” (ഏശയ്യാ 58:11). ഒന്നും പ്രതീക്ഷിക്കാൻ സാധി ക്കാത്ത മരുഭൂമി പോലെയുള്ള സാഹചര്യത്തിലും കർത്താവ് സമൃദ്ധി നൽകും. പിശുക്ക് എന്താണെന്ന് അവിടുത്തേക്ക് അറിയില്ല. യേശു തമ്പുരാന് വാരിക്കോരി കൊടുക്കാൻ മാത്രമേ അറിയൂ. കർത്താവിന്റെ സമയത്തിനുവേണ്ടി വിശ്വാസപൂർവം കാത്തിരിക്കാനുള്ള ക്ഷമ നമുക്കുണ്ടാകണം. തീർച്ചയായും കർത്താവ് നമുക്ക് സമൃദ്ധി നൽകും.

www.malankaralibrary.com

# പശ്ചാത്തപിക്കുന്നില്ലെങ്കിൽ.....

നാമെല്ലാവരും പശ്ചാത്താപത്തിലൂടെ അല്ലെങ്കിൽ അനുതാപത്തിലൂടെ വിശുദ്ധി നിറഞ്ഞ ഒരു ജീവിതത്തിലേക്ക് കടന്നുവരണമെന്ന് കർത്താവ് തീവ്രമായി ആഗ്രഹിക്കുന്നുണ്ട്. വി. ലൂക്കായുടെ സുവിശേഷം പതിമൂന്നാം അധ്യായത്തിലെ ആദ്യത്തെ തിരുവചനങ്ങളിലൂടെത്തന്നെ കർത്താവ് പശ്ചാത്തപിക്കേണ്ടതിന്റെ ആവശ്യത്തെ കുറിച്ച് രണ്ടു പ്രാവശ്യം എടുത്തു പറയുന്നുണ്ടല്ലോ. കർത്താവായ ദൈവം ശക്തമായ ഭാഷയിൽ, ഉറച്ച സ്വരത്തിൽ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്: "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും നശിച്ചുപോകും" (ലൂക്ക 13:4,5). സ്നാപകയോഹന്നാൻ യൂദായിലെ മരുഭൂമിയിൽ വച്ച് നടത്തിയ പ്രഭാഷണത്തിൽ ഇങ്ങനെ ആവശ്യപ്പെട്ടു: "മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്തായി 3:2). യേശു നാഥൻ തന്റെ ദൗത്യം ആരംഭിച്ചപ്പോൾ ഇങ്ങനെയാണ് പ്രസംഗിച്ചു തുടങ്ങിയത്: "മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്തായി 4:17).

പശ്ചാത്തപിക്കാതെ പാപത്തിൽ നിലനിൽക്കുന്ന ജനത്തോട് സംസാരിക്കാൻ ജറെമിയ പ്രവാചകനോട് കർത്താവ് ആവശ്യപ്പെട്ടു. ദൈവം ജറെമിയയോട് പറഞ്ഞു: "നിന്റെ കൂടെ നിൽക്കുന്ന ജനങ്ങൾ കാൺകെ കുശവന്റെ കയ്യിൽനിന്ന് കലം വാങ്ങി ഉടയ്ക്കുക. എന്നിട്ട് അവരോട് പറയണം, "ഒരിക്കലും കൂട്ടിച്ചേർക്കാനാകാത്തവിധം കുശവന്റെ കലം തകർന്നതുപോലെ ഈ ജനത്തേയും നഗരത്തേയും ഞാൻ തകർക്കും" (ജറെമിയ 19:11). ദൈവകോപത്തിൽ നിന്ന് രക്ഷപ്പെട

www.malankaralibrary.com


ണമെങ്കിൽ ഒരു മാർഗം മാത്രമേയുള്ളൂ. അത് പശ്ചാത്താപമാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറഞ്ഞ വി. പത്രോസിന്റേയും മറ്റു ശ്ലീഹാന്മാരുടേയും പ്രസംഗം ശ്രവിച്ച ജനസമൂഹം ശ്ലീഹന്മാരോട് ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് ശ്ലീഹ അവരോട് പറഞ്ഞു: നിങ്ങളെല്ലാവരും പശ്ചാത്തപിക്കുവിൻ" (അപ്പ.പ്രവർത്തനങ്ങൾ 2:30).

ഒരു കാര്യം നാം തിരിച്ചറിയുന്നത് നല്ലതാണ്; ഇപ്പോൾത്തന്നെ, ഈ നിമിഷത്തിലാണ് നാം പശ്ചാത്തപിക്കേണ്ടത്. ഒട്ടും വൈകരുതെന്ന് കർത്താവ് അഭിലഷിക്കുന്നു. പ്രഭാഷകനിലൂടെ കർത്താവ് അക്കാര്യം വെളിപ്പെടുത്തി തരുന്നുണ്ട്. "കർത്താവിലേക്ക് തിരിയാൻ വൈകരുത്. നാളെ നാളെ എന്ന് നീട്ടി വയ്ക്കുകയുമരുത്" (പ്രഭാഷകൻ 5:7).

പാപത്തിൽ മുങ്ങിപ്പോവുകയും പശ്ചാത്താപത്തിൽനിന്ന് അകന്നു നിൽക്കുകയും ചെയ്യുന്നവരോട് കർത്താവായ ദൈവം കാരുണ്യത്തോടെ അരുൾചെയ്യുന്നു: "വരുവിൻ നമുക്ക് രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചുമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശയ്യ 1:18,19). സ്രഷ്ടാവായ ദൈവവുമായി രമ്യതപ്പെടാൻ അവിടുന്ന് സ്നേഹപൂർവം ക്ഷണിക്കുന്നു. കർത്താവുമായി രമ്യതപ്പെടാൻ ആദ്യം ചെയ്യേണ്ടത് പശ്ചാത്തപിക്കുകയെന്നതാണ്. അപ്പോൾ നാം വിശുദ്ധീകരിക്കപ്പെടുകയും അതുമൂലം നാം വെൺമയുള്ളവരായിത്തീരുകയും ചെയ്യും. അങ്ങനെ നമ്മുടെ ഹൃദയം സമ്പൂർണമായ സമാധാനംകൊണ്ട് നിറയും.

പശ്ചാത്തപിക്കാനും വിശുദ്ധീകരിക്കപ്പെടാനുമുള്ള കർത്താവിന്റെ കൽപ്പനകൾ നാം പാലിച്ചാൽ, അവിടുന്ന് പറയുന്നു: "നീ എന്റെ കല്പനകൾ അനുസരിച്ചിരുന്നുവെങ്കിൽ നിന്റെ സമാധാനം നദി പോലെ ഒഴുകുമായിരുന്നു" (ഏശയ്യ 48:18). മറ്റൊരു വിധത്തിൽ പറഞ്ഞാൽ കർത്താവിന്റെ കല്പനകൾ ലംഘിച്ചാൽ, നമ്മുടെ ഹൃദയത്തിൽ നിന്ന് സമാധാനം ചോർന്നൊഴുകിപ്പോകും.

സമാധാനവും സ്വസ്ഥതയുമില്ലാത്ത ജീവിതം നരകതുല്യമായിരിക്കും. പശ്ചാത്തപിക്കാത്ത ജീവിതം മൂലം ഇഹലോകത്തിലും പരലോകത്തിലും നരകം എന്നതായിരിക്കും അനുഭവം. അതുകൊണ്ട് നമ്മുടെ പാപങ്ങളോർത്ത് നമുക്ക് പശ്ചാത്തപിക്കാം; ദൈവികസമാധാനത്തിൽ നിലനിൽക്കാം.

www.malankaralibrary.com

# മകനെ വിട്ടുകൊടുക്കണം

വിവാഹിതനായ മകനെ സ്വന്തം കൈകൾക്കുള്ളിൽ പിടിച്ചു വയ്ക്കാൻ അപ്പനും അമ്മയും ശ്രമിക്കുന്ന കാഴ്ചയാണ് ചില കുടുംബ ങ്ങളിൽ നാം കാണുന്നത്. മാതാപിതാക്കളോട് സ്നേഹവും വിധേയ ത്വവും ബഹുമാനവും പ്രകടിപ്പിക്കുന്ന ആൺമക്കളിലാണ് അപ്പനും അമ്മയും പിടിമുറുക്കുന്നത്. എന്നാൽ മകനെ അവന്റെ ജീവിതപങ്കാ ളിക്ക് പൂർണമായും വിട്ടുകൊടുക്കുകയാണ് വേണ്ടത്. തന്റെ ഭർത്താ വിനെ, ഭർത്താവിന്റെ മാതാപിതാക്കളിൽനിന്ന് പിടിച്ചെടുക്കാൻ മരുമകൾക്ക് ഇടയാകരുത്. അങ്ങിനെ ഒരു സാഹചര്യം ശത്രുതയ്ക്ക് കാരണമാകും. അതേ അവസരത്തിൽ മകനെ മാതാപിതാക്കളിൽ നിന്ന കറ്റാൻ മരുമകൾ ശ്രമിക്കരുത്. അങ്ങിനെ ചെയ്താൽ മാനസിക സംഘർഷങ്ങൾക്കും അകൽച്ചയ്ക്കും കാരണമായിത്തീരും. പിടിച്ചടക്കു ന്നതും കീഴടക്കുന്നതും കുടുംബജീവിതത്തിന്റെ ശൈലിക്ക് ചേർന്നതല്ല. പരസ്പരമുള്ള സമർപ്പണമാണ് കുടുംബജീവിതത്തിന്റെ സുസ്ഥിരത യ്ക്കും സമാധാനത്തിനും സഹായകരമായിത്തീരുന്നത്. മാതാപിതാ ക്കൾ മക്കൾക്കുവേണ്ടിയും മക്കൾ മാതാപിതാക്കൾക്കുവേണ്ടിയും ത്യാഗങ്ങൾ സഹിക്കുകയാണല്ലോ വേണ്ടത്.

മാതാപിതാക്കൾ കഷ്ടപ്പെട്ട് അധ്വാനിച്ച് മക്കളെ വളർത്തി വലു താക്കിയത് തങ്ങൾക്കുവേണ്ടിയല്ല എന്ന് ചിന്തിക്കുകയും തീരുമാനി ക്കുകയും ചെയ്യുന്നതാണ് ഉചിതം. അപ്പനും അമ്മയും കഷ്ടപ്പെട്ടതിന്റെ ഫലം നിർബന്ധപൂർവം പിടിച്ചെടുക്കാൻ ശ്രമിക്കാതിരിക്കുന്നതാണ് നല്ലത്. മകന്റെ മേൽ അപ്പനും അമ്മയ്ക്കുമുള്ള അവകാശം അംഗീക രിച്ചു നൽകേണ്ടത് മകനും മകന്റെ ഭാര്യയുമാണ്. ഈ അവകാശം ബലം പ്രയോഗിച്ച് കൈവശമാക്കാൻ സാധ്യമല്ലല്ലോ. മാതാപിതാക്ക

www.malankaralibrary.com


ളുടെ അവകാശങ്ങൾ മക്കൾ സ്നേഹപൂർവം അവർക്ക് സമ്മാനിക്കുക യാണ് വേണ്ടത്: അതിനുള്ള സ്നേഹവും വിവേകവും മക്കൾക്കുണ്ടാകണം.

മാതാപിതാക്കളെ ഭാരമായി കാണുകയും അവരെ ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കളുണ്ടല്ലോ. തിരുവചനം എന്താണ് പറയുന്നതെന്ന് നമുക്ക് ശ്രദ്ധിക്കാം: "കർത്താവ് പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു" (പ്രഭാഷകൻ 3:2). മക്കളുടെ മേൽ അമ്മക്കും അപ്പനുമുള്ള അവകാശത്തെയാണ് കർത്താവ് ഇവിടെ വ്യക്തമാക്കുന്നത്.

മകന്റെ വിവാഹം കഴിഞ്ഞാൽ, മകനെ അവന്റെ ജീവിതപങ്കാളിക്ക് പൂർണമായും സമ്മാനിക്കണം. അതിൽ മാതാപിതാക്കൾ സന്തോഷം കണ്ടെത്തണം. മകൻ, അവന്റെ ഭാര്യയെ സ്നേഹിക്കുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് കാണുമ്പോൾ, മാതാപിതാക്കളുടെ മനസ്സ് അസൂയമൂലം അസ്വസ്ഥമാകുന്നുണ്ടെങ്കിൽ, കുടുംബകലഹം ആസന്നമായിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. മകനും മകന്റെ ജീവിതപങ്കാളിയും സ്നേഹത്തിലും സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുന്നത് കാണുമ്പോൾ അപ്പന്റേയും അമ്മയുടേയും മനസ്സ് ആനന്ദം കൊണ്ട് നിറയണം. മകനും മകന്റെ ഭാര്യയും ഒന്നിച്ചിരുന്ന് സംസാരിക്കുമ്പോൾ, അവർ ഒന്നിച്ച് യാത്ര ചെയ്യുമ്പോൾ, മകൻ, അവന്റെ ഭാര്യയുടെ പേരിൽ എന്തെങ്കിലും വസ്തുവകകൾ വാങ്ങിക്കുമ്പോൾ അപ്പനും അമ്മക്കും കുശുമ്പും കുന്നായ്മയും തോന്നുന്നുണ്ടെങ്കിൽ, അപകടത്തിലേക്കാണ് കുടുംബം നീങ്ങുന്നതെന്ന് തിരിച്ചറിയണം.

വൃദ്ധരും അവശരുമായ മാതാപിതാക്കളെ സ്നേഹിക്കാത്തവരും സംരക്ഷിക്കാത്തവരുമായ മക്കൾ നാടിന്റെ വിവിധ ഭാഗങ്ങളിൽ തന്നിഷ്ടം പോലെ സുഖിച്ചു നടക്കുന്നുണ്ടെന്ന് നാട്ടിൽ എല്ലാവർക്കും അറിയാം. ആ മക്കളോട് തിരുവചനം ഇങ്ങിനെയാണ് പറയുന്നത്: "മകനേ, പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക; മരിക്കുന്നതു വരെ അവന് ദുഃഖമുണ്ടാക്കരുത്" (പ്രഭാഷകൻ 3:12). എല്ലാ മാതാപിതാക്കൾക്കുംവേണ്ടി, എല്ലാ മക്കളോടുമാണ് കർത്താവ് കൽപ്പിക്കുന്നത്.

മാതാപിതാക്കളെ തള്ളികളഞ്ഞ മക്കൾക്ക് സുബോധം ലഭിക്കാനും അങ്ങിനെ മാതാപിതാക്കളെ സ്നേഹിക്കാനും ഇടയാകട്ടെയെന്ന് നമുക്ക് കർത്താവായ ദൈവത്തോട് പ്രാർത്ഥിക്കാം.

www.malankaralibrary.com



# തിരുവചനങ്ങൾ തീനാളങ്ങൾ

മിസിസ് ബിന്നി ജോർജ് മുരിങ്ങൂർ

തീനാളങ്ങൾ പോലെ ദൈവവചനം നമ്മിൽ പടർന്നു കയറി സ്വയം പ്രകാശിതരാകുവാനും ചുറ്റുപാടുകളെ പ്രഭാപൂരിതമാക്കാനും സഹായിക്കുന്ന ഗ്രന്ഥമാണ് തിരുവചനങ്ങൾ തീനാളങ്ങൾ. ആത്മീയതയിൽ വളരാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥം ജ്ഞാനപ്രകാശം പകർന്നു കൊടുക്കുന്നു. ബൈബിളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ ഗ്രന്ഥം കൈകാര്യം ചെയ്തിരിക്കുന്നത്. തിരുവചനസമൃദ്ധി കൊണ്ട് സമ്പന്നമായ ഈ കൃതി സാധാരണ വിശ്വാസിയുടെ തീഷ്ണതയെ പ്രോജ്ജ്വലിപ്പിക്കാനും ദൈവ സ്നേഹത്തിൽ വളർത്താനും പ്രേരകമായതാണ്. പോട്ട-ഡിവൈൻ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഗ്രന്ഥകാരിക്ക്, അവിടെ നിന്നു ലഭിച്ച ആത്മീയോർജ്ജം പുസ്തകമെഴുത്തിനു സഹായകമായിട്ടുണ്ട്.

BP No. 146
ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686 010
2013